# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കളമശ്ശേരി മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)1483/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 25/08/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കളമശ്ശേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) സെക്രട്ടറി,തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
3) ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
4) റീജിയണൽ ജോയിന്റ് ഡയറക്ടർ, മുനിസിപ്പൽ ഭരണ വകുപ്പ്, എറണാകുളം
5) ഓഫീസ് കോപ്പി

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)1483/22 തീയ്യതി: 25/08/2022

## എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 39 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മിനിമോൾ കെ ജി | ജോയിന്റ് ഡയറക്ടർ | 04-08-2022 | 17-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-08-2022 | 17-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1)ശ്രീമതി മിനു പി കെ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2)ശ്രീമതി.സുസ്മിത.കെ.വി,ഓഡിറ്റ് ഓഫീസർ

3)ശ്രീ.ഗോപകുമാർ എം.എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4)ശ്രീമതി.പുഷ്പ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

5)ശ്രീ. പ്രസാദ്.പി.ജി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

6)ശ്രീ. സന്തോഷ് കുമാർ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

7.)ശ്രീമതി ബെറ്റ്സി.സി.എക്സ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി റുഖിയ ജമാൽ | ചെയർപേഴ്സൺ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർപേഴ്സൺ | 12-11-2020 | 27-12-2022 |
| ശ്രീമതി.സീമ കണ്ണൻ | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ശ്രീ.അനിൽകുമാർ.ബി | സെക്രട്ടറി | 01-04-2020 | 28-05-2020 |
| ശ്രീ.ജയകുമാർ.പി.ജി | സെക്രട്ടറി | 29-05-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജ കുമാരി | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2020 | 14-09-2020 |
| ശ്രീമതി.സാറ സൂര്യജോർജ് | മുനിസിപ്പൽ എഞ്ചിനിയർ | 15-09-2020 | 16-02-2021 |
| ഒഴിവ് | മുനിസിപ്പൽ എഞ്ചിനിയർ | 17-02-2021 | 01-03-2021 |
| ശ്രീ.ഷിബു. എൽ.നാലപ്പാട്ട് | മുനിസിപ്പൽ എഞ്ചിനിയർ | 02-03-2021 | 31-03-2021 |
| ശ്രീ ജയകുമാർ കെ | അസി.എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശ്രീബാല | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ ബീന വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ നസീർ വി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ പ്രസന്ന | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി പ്രിയ എസ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി അമ്പിളി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി രേഖ | എസ്.സി.ഡി.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി ലത ടി | പ്രിൻസിപ്പൽ,ഗവ.എച്ച്.എസ്.എസ് | 01-04-2020 | 31-03-2021 |
| ശ്രീമതി ജയലക്ഷ്മി | ഹെഡ്മിസ്ട്രസ്,ഗവ.എച്ച്.എസ് | 01-04-2020 | 31-05-2020 |
| ശ്രീ.പ്രവീൺ കുമാർ.കെ.വി | ഹെഡ്മാസ്റ്റർ ,ഗവ.എച്ച്.എസ് | 01-06-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.ജയപ്രകാശ് | പ്രൊജക്ട് ഓഫീസർ | 01-04-2020 | 03-02-2021 |
| ശ്രീ.പീറ്റർ.പി.എസ് | പ്രൊജക്ട് ഓഫീസർ | 04-02-2021 | 31-03-2021 |
| ശ്രീ അനിൽകുമാർ എൻ വി | ഹെൽത്ത് ഇൻസ്പെക്ടർ,ഗ്രേഡ് 1 | 01-04-2020 | 31-03-2021 |
| ശ്രീമതി അഞ്ജുകുര്യൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 08-06-2020 |
| ശ്രീമതി.ഷൈമ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 09-06-2020 | 31-03-2021 |
| ശ്രീമതി.സ്മിത | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-2 |
| 3 | വാർഷികക്കണക്കിലെ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: M.S.Gopakumar (Asst. Audit Officer, On 14-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-5 |
| 7 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി<br>Written By: R.Pushpa (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Betsy C.X (Auditor, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 24-08-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: M.S.Gopakumar (Asst. Audit Officer, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-10 |
| 12 | സർക്കാർ ഉത്തരവിനു വിരുദ്ധമായി അച്ചടിച്ച രസീതുകൾ ഉപയോഗിക്കുന്നു.<br>Written By: Betsy C.X (Auditor, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-11 |
| 13 | തൊഴിൽ നികുതി -അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-12 |
| 14 | വിനോദനികുതി- അപാകതകൾ<br>Written By: Betsy C.X (Auditor, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-13 |
| 15 | വാടകയിനത്തിലുള്ള വരുമാനം - അപാകതകൾ<br>Written By: Betsy C.X (Auditor, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-14 |
| 16 | ലൈസൻസ് ഫീസ് - അപാകതകൾ<br>Written By: K.V.Susmitha (Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-15 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ-അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-16 |

| | | |
|---|---|---|
| 18 | വസ്തുനികുതി-അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-17 |
| 19 | വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള വിവരശേഖരണം, ഡാറ്റാ എൻട്രി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.<br>Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-17-1 |
| 20 | SSA വിഹിതംനൽകിയത് - വിനിയോഗത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-18 |
| 21 | ST വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി പദ്ധതി നടപ്പാക്കി<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-19 |
| 22 | കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-20 |
| 23 | തുടർവിദ്യാഭ്യാസ പദ്ധതി- പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-21 |
| 24 | IKM വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-22 |
| 25 | വയോമിത്രം പദ്ധതി - വാങ്ങിയ സാധനങ്ങളുടെ വിതരണം, വിനിയോഗം - വിവരങ്ങൾ ലഭ്യമായില്ല<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-23 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-24 |
| 27 | ബയോഫ്ലോക്ക് മത്സ്യ കൃഷി- അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-25 |
| 28 | ക്ലീൻസിറ്റി പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കണം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-26 |
| 29 | ശുചീകരണത്തിനായി ചെലവാക്കിയ തുകകളുടെ വിനിയോഗ വിവരത്തിൽ അവ്യക്തത<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-27 |
| 30 | മഴക്കാല പൂർവ്വ ശുചീകരണത്തിന് നിയന്ത്രണാതീതമായി തുകകൾ ചെലവാക്കുന്നു.<br>Written By: P.K.Minu (Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-27-1 |
| 31 | മുൻകൂർ തുക നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല<br>Written By: K.V.Susmitha (Audit Officer, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-28 |
| 32 | അങ്കണവാടി വാടക - അധികതുക നൽകി<br>Written By: K.V.Susmitha (Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-29 |
| 33 | മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല<br>Written By: K.V.Susmitha (Audit Officer, On 16-08-2022) | 1-30 |

| | | |
|---|---|---|
| | Last Updated By: Bindu L (Computer Assistant, On 25-08-2022) | |
| 34 | അംഗപരിമിതർക്കുള്ള സഹായഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: K.V.Susmitha (Audit Officer, On 15-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-31 |
| 35 | അങ്കണവാടികൾക്ക് പോഷകാഹാരം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.<br>Written By: K.V.Susmitha (Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-32 |
| 36 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- 777736/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 14-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-33 |
| 37 | മരാമത്ത് പ്രവൃത്തികൾ- കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-34 |
| 38 | 12.33 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീട് ഉപയോഗിക്കാതെ നിഷ്ക്രിയമായിക്കിടക്കുന്നു.<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-35 |
| 39 | സ്കൂൾ ടോയ്‌ലെറ്റ് പരിസരം വൃത്തിയാക്കൽ- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-36 |
| 40 | പ്രിൻസിപ്പാൾ ഗവ ഹയർസെക്കണ്ടറി സ്കൂൾ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.<br>Written By: Prasad P G (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-37 |
| 41 | തുടർ വിദ്യാഭ്യാസ പദ്ധതി-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല<br>Written By: Prasad P G (Asst. Audit Officer, On 16-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | 1-38 |
| 42 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-39 |
| 43 | വിശപ്പ് രഹിതകേരളം-പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-40 |
| 44 | അഗതി രഹിത കേരളം- പദ്ധതി അപാകതകൾ<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-41 |
| 45 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-42 |
| 46 | കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ<br>Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-43 |
| 47 | പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-44 |
| 48 | ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ അപാകതകൾ<br>Written By: M.S.Gopakumar (Asst. Audit Officer, On 16-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-45 |
| 49 | സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ | 1-46 |

| | | |
|---|---|---|
| | Written By: Santhosh Kumar M (Auditor, On 17-08-2022)<br>Last Updated By: Bindu L (Computer Assistant, On 25-08-2022) | |
| 50 | വാഹന പരിപാലനം - അപാകതകൾ<br>Written By: R.Pushpa (Asst. Audit Officer, On 16-08-2022)<br>Last Updated By: P.K.Minu (Audit Officer, On 17-08-2022) | 1-47 |
| 51 | ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.<br>Written By: R.Pushpa (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-47-1 |
| 52 | ടെണ്ടർ നിരക്കിലും അധികരിച്ച് തുക നൽകി.<br>Written By: P.K.Minu (Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-48 |
| 53 | സ്വച്ഛ് ഭാരത് മിഷൻ-ഗ്രാന്റുതുക യഥാസമയം വിനിയോഗിക്കുന്നില്ല<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: K.V.Susmitha (Audit Officer, On 17-08-2022) | 1-49 |
| 54 | അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.<br>Written By: M.S.Gopakumar (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-50 |
| 55 | ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ കാര്യക്ഷമമാക്കണം<br>Written By: Prasad P G (Asst. Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 1-51 |
| 56 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല<br>Written By: R.Pushpa (Asst. Audit Officer, On 17-08-2022)<br>Last Updated By: R.Pushpa (Asst. Audit Officer, On 17-08-2022) | 1-52 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ടെണ്ടർ നിരക്കിലും അധികരിച്ച് തുക നൽകി.<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 3-1 |
| 2 | ഉപയോഗശൂന്യമായ വാഹനങ്ങൾക്ക് അറ്റകുറ്റപ്പണി - ചെലവ് തുകകൾ നിരാകരിക്കുന്നു.<br>Written By: R.Pushpa (Asst. Audit Officer, On 16-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: P.K.Minu (Audit Officer, On 13-08-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.V.Susmitha (Audit Officer, On 17-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: P.K.Minu (Audit Officer, On 13-08-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: P.K.Minu (Audit Officer, On 13-08-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: P.K.Minu (Audit Officer, On 13-08-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Raj N.C (Computer Assistant, On 25-08-2022) | |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: P.K.Minu (Audit Officer, On 17-08-2022)<br>Last Updated By: P.K.Minu (Audit Officer, On 17-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: P.K.Minu (Audit Officer, On 13-08-2022) | 4-8 |
| 9 | ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: P.K.Minu (Audit Officer, On 13-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: P.K.Minu (Audit Officer, On 13-08-2022)<br>Last Updated By: Raj N.C (Computer Assistant, On 25-08-2022) | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 23.03.2020 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള കണക്കുകളും യഥാർത്ഥ കണക്കുകളും കാര്യമായ അന്തരമുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 817523440 | 865864560 |
| യഥാർത്ഥ കണക്ക് | 444914864 | 506328242 |
| വ്യത്യാസം | 372608576 | 359536318 |

ബജറ്റ് യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്ന രീതിയിൽ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 04.08.2021 |

വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ 1-2-1 ൽ കൊടുക്കുന്നു. വാർഷിക ധനകാര്യപത്രിക നിയമ പരമായ സമയപരിധിക്കുള്ളിൽ തന്നെ സമർപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-1 വാർഷികക്കണക്കിലെ അപാകതകൾ

1) ബാലൻസ് ഷീറ്റിലെ B4 ഷെഡ്യൂളിൽ 320 100 100, 320 809 900 എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ യഥാക്രമം 2,69,10,411/-രൂപയും, 40,78,965/-രൂപയും വിവിധോദ്ദേശ ഗ്രാന്റുകൾ എന്നയിനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. എന്നാൽ അവ എന്ന്, ഏതിനത്തിൽ ലഭിച്ചുവെന്നും ഓരോയിനത്തിലും എത്ര തുകയുണ്ടായിരുന്നുവെന്നും, എത് അക്കൌണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഗ്രാന്റുകളുടെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഈ ഷെഡ്യൂളിൽ തന്നെ 320 801 000 Beneficiary Contributions എന്ന ഹെഡിൽ 28,72,500/- രൂപ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ കൃത്യമായ വിവരങ്ങൾ ഇല്ല.

2) ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭാ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭയ്ക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്. 31.03.2021ൽ ഈയിനത്തിൽ 1,49,93,492/- രൂപ നീക്കിയിരുപ്പ് കാണിക്കുന്നുണ്ട്. ഡെപ്പോസിറ്റ് ഇനത്തിൽ ബാക്കി നിൽക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുന്ന 3 വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ നഗരസഭാ ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്.

3) ഷെഡ്യൂൾ ബി-3 : ഗ്രാന്റ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

4) B-9ഷെഡ്യൂളിൽ 350 300 700 – Goods And Service Tax-CGST-എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, 350 300 710 – Govt + Other Dues Payable TDS(CGST) എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, 350 300

800- Goods And Service Tax- SGST- എന്ന ഹെഡ് ഓഫ് അക്കൗണ്ടിലും, 350 300 820-Flood Cess Payableഎന്ന ഹെഡ് ഓഫ് അക്കൗണ്ടിലും യഥാക്രമം 3,93,372/- രൂപ, 3,92,770/-രൂപ, 4327/-രൂപ (-) Ve തുകയായി ചേർത്തിട്ടുണ്ട്.
നഗരസഭ അടയ്ക്കാനുള്ള തുകയാണ് B-9 ഷെഡ്യൂളിൽ ലയബിലിറ്റി ഹെഡിൽ ചേർക്കുന്നത്. എന്നാൽ ഈ തുകകൾ മൈനസ് തുകകളായി രേഖപ്പെടുത്തുമ്പോൾ ഇത്രയും തുക ബന്ധപ്പെട്ട ഹെഡിൽ അധികം അടച്ചതായി കണക്കാക്കേണ്ടി വരുന്നു. ഇത് സംബന്ധിച്ച് വിശദീകരിക്കപ്പെട്ടിട്ടില്ല. കൂടാതെ ഈ ഷെഡ്യൂളിൽ തന്നെ 350 110 300 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ Unpaid Salary എന്നയിനത്തിൽ 28,02,216/- രൂപയും, 350 409 909 Refund Payable -Others- എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ Unpaid Salary എന്നയിനത്തിൽ 7.69,753/- രൂപയും ചേർത്തിട്ടുണ്ട്. ഇത് സംബന്ധിച്ചും വിശദീകരിക്കപ്പെട്ടിട്ടില്ല.

5) ഷെഡ്യൂൾ B-11 : 26.07.2011-ലെ ജി.ഒ.(എം.എസ്)152/11/ത.സ്വ.ഭ.വ. നിർദ്ദേശങ്ങൾ പാലിച്ച് നഗരസഭയുടെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. മുനിസിപ്പാലിറ്റിയുടെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6) 31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-12 ൽ 420 500 100- Investment, Equity Share എന്ന കണക്കിൽ 69,62,613/- രൂപ ആസ്തിയുണ്ട്. ഈ ഷെയറുകൾ, Investment Register എന്നിവ ഭൗതികപരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 2015-2016 വർഷത്തിൽ എടുത്ത ഷെയറിന്റെ ആസ്തിമൂല്യം 2020-2021 വർഷം വരെയും പുതുക്കിയതായി വാർഷിക കണക്കുകളിൽ കാണുന്നില്ല.
ഇക്വിറ്റി ഷെയറിന്റെ ആസ്തിമൂല്യം ഓരോ സാമ്പത്തിക വർഷത്തേയും കമ്പനിയിൽ നിന്നും സ്റ്റേറ്റ്മെന്റ്/പത്രിക(Share Value Statement) ലഭ്യമാക്കി കൃത്യമായി അക്കൌണ്ട് ചെയ്യാതിരുന്നതിനാൽ ധനകാര്യ പത്രികയിൽ നിലവിലെ ആസ്തിമൂല്യം പ്രതിഫലിക്കുന്നില്ല.

7) ഷെഡ്യൂൾ ബി-14 : ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി തൻവർഷത്തെ സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂളിൽ 430 100 200 – Purchase Of Materials -Stores-എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 29,64,903/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുകയ്ക്ക് തുല്യമായ സ്റ്റോർസ് സ്റ്റോക്കിൽ വന്നിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കപ്പെട്ടിട്ടില്ല.

8)31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-15-ൽ 431 409 901 Other Receivables (Current), 431 409 902 Receivables (Arrear) എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലായി യഥാക്രമം 1,03,69,049/-രൂപയും, 4,81,46,948/- രൂപയും നഗരസഭക്ക് ലഭിക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് ഏത് വരവിനങ്ങളാണ് എന്ന് വ്യക്തമാക്കപ്പെടുന്നില്ല.

9) 31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 1,52,70,814/- രൂപ വിവിധ ഇനങ്ങളിലായി നഗരസഭക്ക് തിരികെ ലഭിക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകളിൽ 2011-12 മുതൽ നൽകിയ അഡ്വാൻസുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ഉദാ:-460500201,460500202- Advance To Implementing Agencies എന്നീ രണ്ട് ഹെഡുകളിലായി 56,97,833/- രൂപ നീക്കിയിരിപ്പുണ്ട്. ഇതുകൂടാതെ Water Deposit, Electricity Deposit എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ മുൻവർഷങ്ങളിൽ വിവിധ പ്രൊജക്ടുകൾക്കായി KSEB, KWA എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകളും ഉൾപ്പെട്ടിട്ടുണ്ട്. KSEB, KWA യ്ക്ക് മുൻകൂർ ആയി നൽകിയ തുക വാർഷിക ധനകാര്യപത്രികയിലെ 4 -ൽ തുടങ്ങുന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല. പൂർത്തിയാക്കിയ പ്രവർത്തികളുടെ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല.

10) വസ്തുനികുതി വാർഷികകണക്ക്, സഞ്ചയ എന്നിവ പൊരുത്തപ്പെടുന്നില്ല.

11) തൊഴിൽനികുതി, ഡി&ഒ, വാടക, ബസ്സ് സ്റ്റാൻഡ് ഫീ, വിനോദ നികുതി,കെട്ടിടനിർമ്മാണ പെർമ്മിറ്റ്, ടെണ്ടർ ഫീ വിൽപ്പന, മറ്റുള്ള ഫീ വരവ്, എന്നിവയുടെ ഡിമാന്റ്, കളക്ഷൻ രജിസ്റ്ററുകൾ സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി, തൊഴിൽനികുതി, വാടക , ലൈസൻസ് ഫീ

എന്നിവയുടെ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത വാർഷിക കണക്കുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

12) Reciept & Payments ലെ ഷെഡ്യൂൾ RP-9 ൽ 180 809 900- Miscelleneous Receiptsഎന്ന വരവ് ഹെഡിൽ 18,58,593/-രൂപ വരവ് കാണിച്ചിട്ടുണ്ട്. ഇതിൽ ഏതൊക്കെ ഇനങ്ങൾ ഉൾപ്പെടുത്തിയെന്ന് വിശദീകരിച്ചിട്ടില്ല. ഓരോ ഇനം ഫണ്ടിന്റെയും, വരവിന്റെയും തരം തിരിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

13) ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട് (I-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

14) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്ന തുകയുടെ വിവരങ്ങൾ I-6 ൽ ഉൾപ്പെടുത്തിയിട്ടില്ല.

15) വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾചേർത്തിട്ടില്ല. 2019-2020 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേമെന്റ് പത്രികയിൽ RP-40(a) ഷെഡ്യൂളിൽ ക്യാഷ് മുന്നിരിപ്പിൽ (-)499812/- രൂപ നെഗറ്റീവ് തുകയായി കാണിച്ചിരുന്നു.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് നൽകിയ എൻക്വയറി നം.12/11.08.22 പ്രകാരം നൽകിയിരുന്നതിന് മറുപടി ലഭ്യമായിട്ടില്ല.

## 1-3 സാമ്പത്തികവിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | | 129177483.91 |
| ഓഡിറ്റ് വർഷത്തെ വരവ് | : | 444914864 |
| ആകെ | | 574092347.91 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | 506328242 |
| നീക്കിയിരിപ്പ് | | 67764105 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 126379 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13559912 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 60801800 | 60801800 | 59941335 | 0 | 860465 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 26011850 | 26011850 | 26011850 | 0 | 0 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 1251000 | 1251000 | 1120061 | 0 | 130939 |
| മെയിന്റനൻസ്, റോഡ് | 0 | 38025000 | 38025000 | 37024837 | 0 | 1000163 |

| | | | | | | |
|---|---|---|---|---|---|---|
| (ACR പ്രകാരം) | | | | | | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 14682975 | 14682975 | 14627328 | 0 | 55647 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | 0 | 103800809 | 103800809 | 43453970 | 0 | 60346839 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 0 | 35200000 | 35200000 | 17201447 | 0 | 179985553 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| SWTP- Syndicate Bank-58986 | 6354850 | 210483 | 6565333 | 0 | 6565333 | |
| NULM- Union Bank-15255 | 39668 | 1915310 | 1954978 | 1557313 | 397665 | |
| IDSMT- Syndicate Bank-75600 | 1003080 | 33355 | 1036435 | 0 | 1036435 | |
| Physio- Syndicate Bank- | 255 | 8 | 263 | 0 | 263 | |
| Suchithwa Mission(Biogas) -Syndicate Bank - 8636 | 3439114 | 114588 | 3553702 | 0 | 3555702 | |
| BSUP- Syndicate Bank | 6133368 | 203146 | 6336514 | 0 | 6336514 | |
| Suchithwa Mission- Bank Of Baroda -11192 | 98812 | 6441 | 105253 | 0 | 105253 | |
| PMAY- Axis Bank-2028 | 10623535 | 12238227 | 22861762 | 22861762 | 0 | |
| ISUI- Bank Of India | 815609 | 0 | 815609 | 0 | 815609 | |
| Punjab National Bank-8083 | 2588110 | 177912 | 2766022 | 0 | 2766022 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| AUEGS- Syndicate Bank-75595 | 4533725 | 2694991 | 7228716 | 4697244 | 2531472 | |

2019-2020 വാർഷിക റിപ്പോർട്ടിലെ നീക്കിയിരിപ്പും, 2020-21 സെ AFS ലെ തൊഴിലുറപ്പ് മുന്നിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. എന്നാൽ ക്യാഷ്ബുക്ക്, പാസ്ബുക്ക് എന്നിവ പരിശോധിച്ചതിൻ പ്രകാരം 2020-21 വാർഷിക ധനകാര്യപത്രികയിലെ മുന്നിരിപ്പ് ആണ് കൃത്യമെന്ന് ബോധ്യപെട്ടിട്ടുണ്ട്. വാർഷികധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിൽ B-4 ഷെഡ്യൂളിൽ " 320 100 100 - Grants & Contributions For Specific Purpose - Central Government " എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ ആകെ നീക്കിയിരുപ്പ് 2,69,10,411/- രൂപയാണ്. എന്നാൽ മേൽപ്പറഞ്ഞ പട്ടികപ്രകാരം വിവിധ കേന്ദ്രാവിഷ്കൃപദ്ധതികളുടെ 31/03/2021 ലെ നീക്കിയിരുപ്പ് തുക 2,15,78,796/-രൂപയാണ്. 53,31,615/-രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെടേണ്ടതാണ്. അതുപോലെ "320 809 900- Grants & Contributions For Specific Purposes - State Government " എന്ന എന്ന ഹെഡ് ഓഫ് അക്കൗണ്ടിലെ ആകെ നീക്കിയിരുപ്പ് 40,78,965/- രൂപയാണ്. എന്നാൽ മേൽപ്പറഞ്ഞ പട്ടികപ്രകാരം വിവിധ

സംസ്ഥാനവിഷ്കൃതപദ്ധതികളുടെ 31/03/2021 ലെ നീക്കിയിരുപ്പ് തുക 25,31,472/- രൂപയാണ്. 15,47,493/- രൂപയുടെ വ്യത്യാസവും വിശദീകരിക്കപ്പെടേണ്ടതാണ്. വിവിധ കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃതപദ്ധതികളുടെ ഇനം തിരിച്ചുള്ള വരവ്- ചെലവ്- നീക്കിയിരുപ്പ് തുകകളുടെ കൃത്യമായ കണക്ക് പരിപാലിക്കേണ്ടതാണ്.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 254 | 402050762 | 200 | 200993273 | 28 | 26 | 79% |

### 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|
| 696055 | 194991 | 891046 | 891046 | 0 |
| 3837670 | 2500000 | 6337670 | 3806198 | 2531472 |
| 4533725 | 2694991 | 7228716 | 4697244 | 2531472 |

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിച്ചെലവുകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു. 2020-2021 ൽതൊഴിൽ ലഭിച്ചവർ

| തരം | എണ്ണം |
|---|---|
| പൊതുവിഭാഗം | 432 |
| പട്ടികജാതി | 260 |
| പട്ടികവർഗ്ഗം | 7 |
| ആകെ | 699 |

.

### 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 22,81,800 | 156 |
| വിധവാപെൻഷൻ | 26304600 | 1971 |
| വാർദ്ധക്യകാല പെൻഷൻ | 58638900 | 4926 |
| വികലാംഗ പെൻഷൻ | 6443200 | 460 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 782200 | 61 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 90000 | 3 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 10/08/2022 ന് മുനിസിപ്പാലിറ്റി ജനറൽ സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 85361/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

നഗരസഭയിൽ ഫയലുകളുടെ തീർപ്പാക്കൽ നിരീക്ഷിക്കുന്നതിനായി സൂചിക സോഫ്റ്റ്‌വെയർ ഭാഗികമായി ഉപയോഗിക്കുന്നുണ്ടെങ്കിലും ഫയൽ നീക്കങ്ങൾ പൂർണ്ണമായും ഇതിലൂടെ മോണിട്ടർ ചെയ്യപ്പെടുന്നില്ല. എറണാകുളം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഈ സൗകര്യം വളരെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലും, കളമശ്ശേരി നഗരസഭ ഫയൽ നീക്കങ്ങൾ മോണിട്ടർ ചെയ്യുന്നതിനും, കാലതാമസം കൂടാതെ ഫയലുകളിൽ തീർപ്പ് കൽപിക്കുന്നതിനുമുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല എന്നത് നിരാശാജനകമാണ്. അതുപോലെ, നഗരസഭയുടെ യോഗങ്ങളുടെ മിനിറ്റ്സുകൾ സൂചികയിലേക്ക് അപ്‌ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം മുനിസിപ്പാലിറ്റി നിലവിലും പ്രയോജനപ്പെടുത്തുന്നില്ല. വ്യാവസായികമായും സാമ്പത്തികമായും ഏറെ മുന്നിൽ നിൽക്കുന്ന നഗരസഭ ആധുനിക സാങ്കേതിക വിദ്യകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് എഴുതുന്നതിലെ അപാകതകൾ

2020-21 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1) യോഗത്തിൽ നടക്കുന്ന ചർച്ചകളെ സംബന്ധിച്ച് യാതൊരു രേഖപ്പെടുത്തലുകളും നടത്തുന്നില്ല. അജണ്ടയിലെ വിഷയങ്ങളിന്മേൽ അവ അനുവദിച്ചിരിക്കുന്നു എന്ന് രേഖപ്പെടുത്തലുകൾ മാത്രമാണ് നടത്തുന്നത്. ചർച്ച നടത്തിയ വിവരങ്ങൾ വിശദമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2) യോഗം കൂടുന്നതിനുള്ള അറിയിപ്പ് നൽകുന്ന നോട്ടീസിൽ വൈസ് ചെയർമാൻഒപ്പു വെക്കുന്നില്ല. യോഗ തീരുമാനങ്ങളിലും സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, അംഗങ്ങൾ എന്നിവർ പേര് വെച്ച് ഒപ്പിട്ടു സൂക്ഷിക്കുന്നില്ല.

3) യോഗത്തിൽ പങ്കെടുത്ത അംഗങ്ങളുടെ പേരോ ഒപ്പോ രേഖപ്പെടുത്തിയിട്ടില്ല. യോഗം കൂടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിക്കുന്നില്ല .

4) എല്ലാ മാസവും പ്രതിമാസയോഗം കൂടിയതായി കാണിച്ചിട്ടുണ്ടെങ്കിലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അടിസ്ഥാന ചുമതലയായ നഗരസഭയുടെ പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ എന്ന ധർമ്മം നിർവ്വഹിച്ചിട്ടില്ല. പ്രധാനപ്പെട്ട വരവിനങ്ങളുടെ പോലും വരവിന്റെ പുരോഗതിയോ ആയതിന്റെ കൃത്യമായ കണക്കുകളോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനാ വിഷയമായി വരുന്നില്ല.

5) മിനിറ്റ്സ് ബുക്കിൽ തീരുമാനങ്ങളെഴുതിച്ചേർക്കുന്നത് ക്രമപ്രകാരമല്ല. ഓരോ തീരുമാനവും എഴുതി ചേർത്തതിന് ശേഷം ബുക്കിൽ ധാരാളം വരികൾ ഒഴിച്ചിട്ടിട്ടാണ് അടുത്ത തീരുമാനം എഴുതി ചേർക്കുന്നത്. ഇത് ശരിയായ നടപടിയല്ല. രജിസ്റ്ററുകളുടെ പരിപാലനം കൃത്യമാക്കുന്നതിലേയ്ക്കും പ്രതിമാസ അക്കൌണ്ട്സ് പരിശോധന ഉറപ്പു വരുത്തുന്നതിലെയ്ക്കും കൌൺസിലിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു .

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

മുനിസിപ്പാലിറ്റിയിലെ വരവിനങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകളിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഡി.ആന്റ്.ഒ.രജിസ്റ്റർ, വാടക രജിസ്റ്റർ എന്നിങ്ങനെയുള്ള വരവിനങ്ങളുടെ രജിസ്റ്ററുകളിൽ ഡി.സി.ബി.എഴുതി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ ക്രമപ്രകാരം എഴുതി സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രസീത്- അപാകതകൾ

1. ഡേ ബുക്ക്- ഫ്രണ്ടോഫീസ് കളക്ഷൻ വിവരങ്ങൾ അതാത് ദിവസം പ്രിന്റ് എടുത്ത് മേലാധികാരി

സാക്ഷ്യപ്പെടുത്തി ഓരോ വർഷവും ബുക്കായി ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.
2. രസീതുകളുടെ കൗണ്ടർ ഫോയിൽ ദിവസക്രമത്തിൽ അടുക്കി പ്രത്യേകം സൂക്ഷിക്കണം.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.12.2018 | 2017-18 | 30.04.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.10.2019 | 2018-19 | - |

1-11 സർക്കാർ ഉത്തരവിനു വിരുദ്ധമായി അച്ചടിച്ച രസീതുകൾ ഉപയോഗിക്കുന്നു.

സർക്കാർ ഉത്തരവ് (ജി.ഒ.(എം.എസ്.)നം.246/2011/എൽ.എസ്.ജി.ഡി. തീയതി 13.10.2011) പ്രകാരം സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമലക്ഷ്മി മുദ്രാലയം വഴിയാണ് രസീതിന്റെ അച്ചടി ജോലികൾ നിർവ്വഹിക്കാൻ നിർദ്ദേശിച്ചിട്ടുള്ളതെങ്കിലും നഗരസഭയിൽ 2020-21 വർഷത്തേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അച്ചടിച്ചിട്ടുള്ളത് സ്വകാര്യ സ്ഥാപനമായ മെസ്സേഴ്സ് ബിന്ദിയ പ്രിന്റേഴ്സിൽ നിന്നാണ് അതിനായി, ചെക്ക് നം. 621345 തീയതി 10.12.2019 പ്രകാരം രൂ.16,08,814/- ടി സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിയമസാധുതയില്ലാത്ത രസീതുകൾ ഉപയോഗിക്കുന്നതിനേക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നിട്ടും, സർക്കാർ ഉത്തരവിന് വിരുദ്ധമായി നിയമസാധുതയില്ലാത്ത രസീതുകൾ ഇപ്പോഴും നഗരസഭാകാര്യാലയത്തിൽ ഉപയോഗിച്ചു കൊണ്ടിരിക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണെന്ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഫ്രണ്ട് ഓഫീസിൽ ഉപയോഗിക്കുന്ന രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തന്മൂലം നഗരസഭയുടെ ഫ്രണ്ട് ഓഫീസ് മുഖേനയുള്ള വരവിനേക്കുറിച്ച് യാതൊരുവിധ വ്യക്തതയുമില്ല. കോടിക്കണക്കിന് രൂപയുടെ തനത് വരുമാനമുള്ള നഗരസഭയിൽ സാംഖ്യ രസീത് അതീവ ജാഗ്രതയോടും ഗൗരവത്തോടും കൂടി കൈകാര്യം ചെയ്യേണ്ടതാണെന്നിരിക്കെ, സ്റ്റോക്ക് രജിസ്റ്ററിന്റെ അഭാവത്തിൽ എത്രമാത്രം രസീത് വാങ്ങിയെന്നോ, എത്രമാത്രം ഉപയോഗിച്ചെന്നോ യാതൊരുവിധത്തിലുള്ള രേഖപ്പെടുത്തലുകളുമില്ല. തന്മൂലം നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടത്തിന് യാതൊരുവിധ വ്യക്തതയുമില്ല. ഇത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ ഗുരുതരമായ കൃത്യവിലോപമായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 11.08.2022 ൽ 14-ാം നമ്പറായി ഓഡിറ്റ് എൻക്വയറി കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

സർക്കാർ ഉത്തരവിനനുസരിച്ച് മാത്രം സാംഖ്യ, മാനുവൽ രസീതുകൾ അച്ചടിക്കുവാനും സ്റ്റോക്കിലെടുക്കുവാനും അവ ഇഷ്യൂ ചെയ്യുന്നത് ഉൾപ്പെടെയുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുവാനും വേണ്ട നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. നിയമാനുസൃതമായി രസീത് കൈകാര്യം ചെയ്തില്ലെങ്കിൽ തനതുവരുമാനത്തിൽ ഉണ്ടാകാവുന്ന നഷ്ടം വളരെ വലുതാണെന്നതിനാൽ ഭരണസമിതിയുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു.

1-12 തൊഴിൽ നികുതി -അപാകതകൾ

1994 ലെ മുനിസിപ്പാലിറ്റി ആക്ട് 245 ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട

സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 253, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 252 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽ വിലാസങ്ങളും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3) (1) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ എത്ര സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം ശേഖരിക്കുകയോ ചെയ്തിട്ടില്ല.

2. ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക ഡിമാന്റ് രജിസ്റ്റ ർ എന്നിവ തയ്യാറാക്കിയിട്ടില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം-10 പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ചട്ടപ്രകാരമുള്ള ഡിമാന്റ് രജിസ്റ്ററും കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും തയ്യാറാക്കി സൂക്ഷിക്കുന്നില്ല. 2018-19 വരെ മാത്രമേ ഡിമാന്റ് രജിസ്റ്റർ ഭാഗികമായെങ്കിലും തയ്യാറാക്കിയിട്ടുള്ളൂ.

വാർഷികകണക്കുകൾ പ്രകാരം 36,798,361. രൂപയാണ് ജീവനക്കാരുടെ തൊഴിൽ നികുതിയായി പിരിച്ചെടുത്തിട്ടുള്ളത്. തൻവർഷത്തെ സ്ഥാപനതൊഴിൽനികുതിയായി 3,588,203 രൂപയും പിരിച്ചെടുത്തിട്ടുണ്ട്. ബാലൻസ് ഷീറ്റ് പ്രകാരം തൻവർഷത്തെ 34,500,790 രൂപയും മുൻവർഷങ്ങളിലെ 113,116,182 രൂപയും കുടിശ്ശികയായി പിരിച്ചെടുക്കാൻ ബാക്കിയുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകളുടെ അഭാവത്തിൽ ഡിമാന്റ്, കുടിശ്ശിക എന്നിവയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെയും രേഖകളില്ല

ഡിമാന്റ് രജിസ്റ്റര്, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ സൂക്ഷിക്കാത്തതിനാൽ നഗരസഭയിലെ തൊഴിൽ നികുതി വരവ് നഷ്ടം തിട്ടപ്പെടുത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

3. റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2)(3), ചട്ടം 9 എന്നിവ പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് പല സ്ഥാപനങ്ങൾക്കും നൽകുകയോ സ്ഥാപന ഉടമകൾ സ്വയം റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. നഗരസഭയിലെ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോ എന്നും വ്യക്തമല്ല.

4. കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെടുന്നില്ല.

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും പാർപ്പിടേതര കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കുകയും വേണം.

ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രധിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം.

എന്നാൽ ചട്ടം 5 പ്രകാരമുള്ള നോട്ടീസ് സെക്രട്ടറി നൽകിയയതായി രേഖയില്ല. ചട്ടം 6 പ്രകാരമുള്ള നോട്ടീസ് ചില സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 2 ൽ സൂചിപ്പിച്ച ഫോറം 2 ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ, ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്. എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ, തൊഴിൽ ദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല. ഇത് മൂലം ഡിമാന്റിന്റെ പൂർണ്ണത ഉറപ്പ് വരുത്തുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

5. <u>അർദ്ധവാർഷികപത്രിക കളുടെ സൂക്ഷിപ്പ്</u>

വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. 1ാം അർദ്ധവർഷത്തെ കുറച്ച് റിട്ടേണുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമായത്. II ാം അർദ്ധവർഷത്തെ റിട്ടേണുകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

I) <u>അർദ്ധവാർഷിക വരുമാന പത്രികകളിൽ ശമ്പളത്തിന്റെ വിവരങ്ങൾ പൂർണ്ണമല്ല</u>

തൊഴിൽ നികുതി ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടെയും 6 മാസത്തെ വരുമാനം നിർണ്ണയിച്ചു കാണിക്കുന്ന പട്ടിക പ്രകാരമായിരിക്കണം അർദ്ധവാർഷിക വരുമാന പത്രിക സമർപ്പിക്കേണ്ടത്. അടിസ്ഥാന ശമ്പളം, ക്ഷാമ ബത്ത, സ്പെഷ്യൽ പേ, അവധി വേതനം, ഉത്സവ ബത്ത, മറ്റു അലവൻസ് എന്നിവയുടെ ആറ് മാസത്തെ ആകെ തുക അർദ്ധവാർഷിക വരുമാന കോളത്തിൽ രേഖപ്പെടുത്തിയ ശേഷമാണ് തൊഴിൽ നികുതി സ്ലാബ് നിർണ്ണയിക്കേണ്ടത്. എന്നാൽ നഗരസഭയിൽ പല സ്ഥാപനങ്ങളും സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകളിൽ തൊഴിൽ നികുതി സ്ലാബ് നിർണ്ണയത്തിനു വേണ്ട മുഴുവൻ ശമ്പള വിവരങ്ങളും ചേർത്തിട്ടില്ല. ഉദാഹരണമായി താഴെ പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ പേരും ഈടാക്കിയ നികുതിയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വരുമാന വിവരം ചേർത്തിട്ടില്ല.

1. ഇൻഡസ് ഇൻഡ് ബാങ്ക്, കാക്കനാട് & മാമംഗലം ബ്രാഞ്ച്

2. അപ്പോളോ ടയേഴ്സ്, കളമശ്ശേരി

3. സഫയർ ഫുഡ്സ്

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

Ii) സ്ഥാപന ഉടമകൾ നഗരസഭയിൽ ലഭ്യമാക്കുന്ന റിട്ടേണുകളിലെ വസ്തുത പരിശോധനാ വിധേയമാക്കാതെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്ന സാഹചര്യവും സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ റിട്ടേണുകൾ പരിശോധിച്ചതിൽ 2020-21 I St Half ൽ താഴെ പറയുന്നവരിൽ നിന്നും നികുതി കുറവായാണ് ഈടാക്കിയത്.

| സ്ഥാപനം | ജീവനക്കാർ/ തസ്തിക | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് | രസീതി |
|---|---|---|---|---|---|---|
| പോത്തൻവെഹിക്കിൾസ് | | | | | | |
| സിനി സിജു | അക്കൌണ്ട്സ് മാനേജർ | 79500 | 600 | 750 | 150 | 120010500621/ 29.9.20 |
| ഇൻഡസ് ഇൻഡ് ബാങ്ക് | | | | | | |
| രാജേഷ് കുമാർ | ബിസിനസ് ഡവ. മാനേജർ | 108000 | 750 | 1000 | 250 | 120010400107/ 28.9.20 |

| | | | | | | |
|---|---|---|---|---|---|---|
| മേരി സോണിയ | ടെല്ലർ | 127000 | 1000 | 1250 | 250 | |
| അലക്സ് സണ്ണി | മാനേജ്മെന്റ് ട്രെയിനി | 125500 | 750 | 1250 | 500 | |
| ലീത ഇൻഡസ്ട്രീസ് | | | | | | |
| അഖിൽ പി രാജു | എക്സി. | 54180 | 300 | 450 | 150 | 1200101038888 /29.9.20 |
| അനിൽകുമാർ | | 57600 | 300 | 450 | 150 | |
| ബിന്ദു. | | 61200 | 300 | 600 | 300 | |
| ജോസഫ് | ഇലക്ട്രീഷ്യൻ | 66600 | 450 | 600 | 150 | |
| ജോസ് | ഓപ്പറേറ്റർ | 55200 | 300 | 450 | 150 | |
| രാജേഷ് പി,റ്റി | പ്ലാന്റ് മാനേജർ | 64800 | 450 | 600 | 150 | |
| ഇ,വി.പോളി | അക്കൌണ്ട്സ് മാനേജർ | 72000 | 300 | 600 | 300 | |
| കൊച്ചിൻ മോട്ടോഴ്സ് | | | | | | |
| ജോളി ലാസർ | | 48000 | 300 | 450 | 150 | 120010103913/ 29.2.20 |
| അഭിലാഷ് കെ തോമസ് | | 48000 | 300 | 450 | 150 | |
| ജിയോ | | 48000 | 300 | 450 | 150 | |

തൊഴിൽ നികുതി കുറവായി ഈടാക്കിയതിനാലുള്ള നഷ്ടം നികുതി ദായകരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നത് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണെന്ന് സൂപ്പർ വൈസറി തലത്തിൽ പരിശോധിക്കപ്പെടാത്തതും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്താത്തതും നികുതി പിരിവിലെ മേൽ അപാകതകൾക്ക് കാരണമായി.അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം 35 തിയ്യതി-16.08.2022).

തൊഴിൽ നികുതി പിരിവിലെ അപാകതകളും രജിസ്റ്ററുകൾ സൂക്ഷിക്കാത്തതും മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ അപാകതകൾ പരിഹരിച്ചിട്ടില്ല. ഈ വിഷയത്തിൽ മേൽ നോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തരശ്രദ്ധ അനിവാര്യമാണ്.നികുതി വലയം വിപുലമാക്കുന്നതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ചർച്ച ചെയ്യപ്പെട്ടതായി സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിൽ കാണുന്നില്ല.

നഗരസഭ റവന്യൂ വിഭാഗം കൃത്യമായ പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കേണ്ടതും സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. കുടിശ്ശിക നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള നിയമാനുസൃത നടപടികളും സ്വീകരിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് തുടർ നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-13 വിനോദനികുതി- അപാകതകൾ

വിനോദനികുതി സംബന്ധമായ രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി ഇൻഡക്സ് സഹിതം സൂക്ഷിക്കേണ്ടതാണ്. സ.ഉ.(സാധാ)നം.112/2019തസ്വഭവ തീ. 31.08.2019 പ്രകാരം വിനോദനികുതി ഈടാക്കുന്നതിനുള്ള നിരക്ക് , 100രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5%, 100രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5%, എന്നിങ്ങനെ പുതുക്കി നിശ്ചയിച്ചു. ടി ഉത്തരവ് പ്രകാരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായി തൊട്ടടുത്ത മാസം 30ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശസ്വയം സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ 2019-20 സാമ്പത്തിക വർഷം മാർച്ച് മാസം പിരിച്ച നികുതി അടവാക്കിയിരിക്കുന്നത് 2020-21 സാമ്പത്തിക വർഷം ഡിസംബർ, മാർച്ച് എന്നീ മാസങ്ങളിലായിട്ടാണ്. ഇതിനോടനുബന്ധിച്ച് സെക്ഷനോട് നേരിട്ട് അന്വേഷിച്ചപ്പോൾ കോവിഡ് മഹാമാരിമൂലമുണ്ടായ കഷ്ടനഷ്ടങ്ങളാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്ന്

അറിയിക്കുകയുണ്ടായി. സിനിമാ ടിക്കറ്റിന്മേൽ വിനോദനികുതി ഈടാക്കാവുന്ന ഉത്തരവിന്റെ പ്രാബല്യതീയതി 16.11.2019 ആയി ഭേദഗതി വരുത്തിയിട്ടുണ്ട്. അതിനാൽ 01.09.2019 മുതൽ 15.11.2019 വരെ പ്രേക്ഷകരിൽ നിന്നും വിനോദനികുതി ഈടാക്കിയിട്ടില്ലാത്ത തീയറ്റർ ഉടമകൾ അപ്രകാരം വിനോദനികുതി ഈടാക്കിയിട്ടില്ലായെന്ന സത്യവാങ്മൂലം സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ വിനോദനികുതി, സ.ഉ.(സാധാ)നം.1195/2021/തസ്വഭവ തീ. 22.06.2021 പ്രകാരം ഇളവ് ചെയ്തിരിക്കുന്നതിനാൽ ടി വർഷത്തെ വിനോദനികുതി പിരിച്ചിട്ടില്ലായെന്നാണ് സെക്ഷൻ നേരിൽ അറിയിച്ചത്. കൂടാതെ സിനിമാ ടിക്കറ്റിന്മേൽ വിനോദനികുതി ഈടാക്കുന്നത് സിനിമ തീയറ്ററുകളിൽ നിന്നും അതാത് മാസം ലഭ്യമാക്കുന്ന സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ടി സ്റ്റേറ്റുമെന്റുകളുടെ കൃത്യത പരിശോധിക്കാൻ നിലവിൽ നഗരസഭയിൽ യാതൊരു വിധ സംവിധാനങ്ങളും ഉള്ളതായി കാണുന്നില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

## 1-14 വാടകയിനത്തിലുള്ള വരുമാനം - അപാകതകൾ

1. 2020-21 സാമ്പത്തിക വർഷം നഗരസഭയിൽ വാടകയ്ക്ക് കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ നമ്പറും ഇനവിവരങ്ങളും പരിശോധനയ്ക്കായി ലഭ്യമാക്കിയില്ല. നഗരസഭ വക കടമുറികൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ചുള്ള ബൈലോ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. വാടക രജിസ്റ്റർ പ്രകാരം, നഗരസഭയുടെ അധീനതയിലുള്ള, താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വാടക കുടിശ്ശികയുള്ളതായി കാണുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേരുവിവരം | വാടക തുക(രൂ) (പ്രതിമാസം) | വാടക കുടിശ്ശിക തുക |
|---|---|---|---|---|
| നോർത്ത് കളമശ്ശേരി ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1. | 4/321 | റൂം നം.2 എൻ.യു. യൂസഫ് | 3329 | 13316 |
| 2. | 4/323 | റൂം നം.4 വി.എം. യൂസഫ് | 9765 | 9765 |
| 3. | രേഖപ്പെടുത്തിയിട്ടില്ല | റൂം നം.5 ബിന്ദു പ്രകാശൻ | 9282 | 46410 |
| 4. | 4/327 | റൂം നം.6 എൻ.യു. അസൈനാർ | 8165 | 32660 |
| 5. | രേഖപ്പെടുത്തിയിട്ടില്ല | റൂം നം.13 പി.എം. റഹിം | 2104 | 64524 |
| 6. | ” | റൂം നം.14 വി.എ. നൗഷാദ് | 2104 | 92184 |
| 7. | ” | ഫസ്റ്റ് ഫ്ലോർ വി.എം. യൂസഫ് ഫർണിച്ചർ ഷോപ്പ് | 32391 | 453474 |
| 8. | ” | സെക്കന്റ് ഫ്ലോർ യൂസുഫ് | 15165 | 363960 |
| 9. | ” | തേർഡ് ഫ്ലോർ നെഹ്റു യുവകേന്ദ്ര | 1728 | 15552 |
| 10. | ” | സ്റ്റാൾ നം.1 ഗംഗാധരൻ | 1048 | 7336 |
| 11. | ” | സ്റ്റാൾ നം.3 വി.എ. നൗഷാദ് വെജിറ്റബിൾ ഷോപ്പ് | 2080 | 73692 |
| 12. | ” | സ്റ്റാൾ നം.4 അബ്ദുൾ മജീദ് | 2081 | 10405 |

| | | | | |
|---|---|---|---|---|
| 13 | ” | സ്റ്റാൾ നം.5 | രജിസ്റ്ററിൽ "ലോക്ക്ഡ് " എന്ന് കാണിച്ചിരിക്കുന്നു. | |
| 14 | ” | സ്റ്റാൾ നം.6 കൃഷ്ണൻകുട്ടി ടീ ഷോപ്പ് | 2750 | 66000 |
| 15 | ” | സ്റ്റാൾ നം.7 | രജിസ്റ്ററിൽ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ സൂക്ഷിക്കുന്നു. | |
| 16 | ” | സ്റ്റാൾ നം.8 വിനോദ് കെ.ബി., കിഴക്കേവിള | 4399 | 109765 |
| 17 | ” | സ്റ്റാൾ നം.9 കെ.കെ. അബു | 4200 | 50400 |
| 18 | ” | സ്റ്റാൾ നം.10 നസീർ | 4826 | 24130 |
| 19 | ” | സ്റ്റാൾ നം.12 കെ.എം.ഫൈസൽ കല്ലിടം പുരയിടം മൂലേപ്പാടം. | 4200 | 16800 |
| 20 | ” | സ്റ്റാൾ നം.13 പി.എം. സലാം | 4200 | 16800 |
| 21 | | സ്റ്റാൾ നം.14 ടി.പി. സലിം | 4200 | 16800 |
| <u>ഗ്ലാസ് ഫാക്ടറി കോളനി ഷോപ്പിംഗ് കോംപ്ലക്സ്</u> | | | | |
| 1. | രേഖപ്പെടു ത്തിയിട്ടില്ല | റൂം നം.1 നൈജു കെ.എസ്. | 1184 | 24864 |
| 2. | ” | റൂം നം.3 അനിൽ പി.എ. | 1032 | 4128 |
| 3. | ” | റൂം നം.4 രമ | 1400 | 5600 |
| 4. | ” | റൂം നം.5 പി.വി.രാജു | 1260 | 30240 |
| 5. | ” | റൂം നം.6 എം.എ. അപ്പു | 1037 | 4148 |
| 6. | ” | റൂം നം.7 ടി.കെ. കൃഷ്ണൻ | 1039 | 8312 |
| <u>എം.ടി. കോളനി ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് &എച്ച്. മിനി മാർക്കറ്റ്</u> | | | | |
| 1. | രേഖപ്പെടു ത്തിയിട്ടില്ല | റൂം നം.1 മൻസൂർ ഇ.എം. വെൽഡിംഗ് വർക്ക് ഷോപ്പ്. | 1314 | 3942 |
| 2. | ” | റൂം നം.3 കെ.എ. കൃഷ്ണൻകുട്ടി ടീ ഷോപ്പ് | 826 | 4956 |
| 3. | ” | റൂം നം.4 എൻ.കെ. അബ്ദുൾ റസാക്ക് | 2730 | 8190 |
| 4. | ” | റൂം നം.5 സന്നപ്പൻ വുഡ് വർക്ക് ഷോപ്പ് | 2630 | 42080 |
| 5. | ” | റൂം നം.6 എം.എ. കരിം | 1025 | 20840 |
| 6. | ” | റൂം നം.7 എൻ.കെ. | 843 | 10959 |

| | | | | |
|---|---|---|---|---|
| | | കുഞ്ഞുമുഹമ്മദ് എഞ്ചിനീയറിംഗ് ഗോഡൗൺ | | |
| 7. | ” | റൂം നം.8 | രജിസ്റ്ററിൽ വിവരങ്ങളൊന്നും രേഖപ്പെടുത്താതെ സൂക്ഷിക്കുന്നു. | |
| 8. | ” | റൂം നം.9 എൻ. ബി. ഇബ്രാഹിം ടെയ്‌ലർ ഷോപ്പ് | 1806 | 9030 |
| | | മുനിസിപ്പൽ ഓഫീസ്, സെല്ലാർ | | |
| 1. | രേഖപ്പെടുത്തിയിട്ടില്ല | അക്ഷയ കേന്ദ്രം കെ.കെ. റെജീന | 579 | 2805 |
| | | ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | | |
| 1. | രേഖപ്പെടുത്തിയിട്ടില്ല | അടാട്ടിൽ മുഹമ്മദ് ക്ലാസ്സി ഫർണീച്ചർ | 288034 | 2880340 |
| 2. | ” | ബേസ്മെന്റ് ഏരിയ | 42374 | 508488 |
| | | മുനിസിപ്പൽ ബങ്ക്സ് | | |
| 1. | രേഖപ്പെടുത്തിയിട്ടില്ല | ബങ്ക് നം.1 ഷാജഹാൻ പി.എ. | 1050 | 5250 |
| 2. | ” | ബങ്ക് നം.2 | 1050 | നിലവിലെ അവസ്ഥ വ്യക്തമല്ല |
| 3. | ” | ബങ്ക് നം.4 മുഹമ്മദലി | 1050 | 3150 |
| 4. | ” | ബങ്ക് നം.5 അഹമ്മദലി | 1050 | 6300 |
| 5. | ” | ബങ്ക് നം.6 ലത്തീഫ് | 1050 | 4200 |
| 6. | ” | ബങ്ക് നം.7 സെയ്ദ് മുഹമ്മദ് എ.ടി. | 1050 | 5500 |
| 7. | ” | ബങ്ക് നം.8 കെ.എം. ബാവ | 1050 | 3150 |
| 8. | രേഖപ്പെടുത്തിയിട്ടില്ല | ബങ്ക് നം.9 അബ്ദുൾ ഖാദർ | 1050 | 7350 |
| 9. | ” | ബങ്ക് നം.10 സുലേഖ ഉമ്മർ | 1050 | 7350 |

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം ഏതു മാസത്തെ കുടിശ്ശികയാണ് ഈടാക്കാനുള്ളതെന്നും, കുടിശ്ശിക തുക ഈടാക്കിയിട്ടുണ്ടോയെന്നുമുള്ള തിനേക്കുറിച്ചും യാതൊരുവിധ വ്യക്തതയുമില്ല. ഇവരിൽ നിന്നും വാടക കുടിശ്ശിക പിഴപലിശസഹിതം ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കേണ്ടതും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

2. മുൻവർഷങ്ങളിലേയും തൻവർഷത്തേയും വാടക വരവിന്റെ DCB പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. വാടക രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

3. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവ സംബന്ധിച്ച് നഗരസഭയിൽ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും, വാടക നിശ്ചയിച്ച കെട്ടിടങ്ങളുടെ വാടക, കുടിശ്ശിക സഹിതം ഈടാക്കുന്നതിനായി വാടക രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

4. വാടക രജിസ്റ്ററിൽ ചില മുറികൾ അടച്ചിട്ടിരിക്കുന്നുവെന്ന്(locked) കാണിച്ചിട്ടുണ്ടെങ്കിലും എന്തുകൊണ്ടാണതെന്ന് രജിസ്റ്ററിൽ വ്യക്തമാക്കിയിട്ടില്ല.

മേൽപ്പറഞ്ഞിരിക്കുന്നവയോടനുബന്ധിച്ച് എൻക്വയറി (നം. 28 തീയതി 13.08.2022) കൊടുത്തെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-15 ലൈസൻസ് ഫീസ് - അപാകതകൾ

2020-21 വർഷത്തിൽ ഡി & ഒ ലൈസൻസ് ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. നഗരസഭയിൽ ലൈസൻസിനായി അപേക്ഷിക്കുന്നവർക്ക് മാത്രം ലൈസൻസ് നൽകുകയാണ് ചെയ്യുന്നത്. സ്ഥാപനങ്ങളുടെ വിശദമായ ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ എത്ര സ്ഥാപനങ്ങളാണ് ലൈസൻസ് പരിധിക്ക് പുറത്തുള്ളത് എന്ന് കണ്ടെത്താനായിട്ടില്ല. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യതയും നിലനില്ക്കുന്നു. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ വൻതോതിൽ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു.

വാർഡടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി പ്രവർത്തിക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കി പുതിയ സ്ഥാപനങ്ങൾ കൂട്ടിച്ചേർത്ത് ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തിയാക്കേണ്ടതാണ്.

2. നഗരസഭയിലെ ലൈസൻസ് ഡിമാൻഡ് രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. 2/20മുതൽ 3/21 വരെയുള്ള കാലയളവിൽ ഫീസ് ഒടുക്കിയ സ്ഥാപനഉടമയുടെ പേരും തുകയും വാർഡ് അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ രജിസ്റ്ററിൽ സീരിയൽ നമ്പറും അബ്സ്ട്രാക്റ്റും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ ആവശ്യമായ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തുന്നില്ല. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാടക കരാർ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നില്ല.

4) മുനിസിപ്പാലിറ്റിയിൽ ഡി&ഒ ലൈസൻസ് അപേക്ഷകളിൽ അന്വേഷണോദ്യോഗസ്ഥർ ഫീൽഡ് പരിശോധന നടത്തുന്നതായി കാണുന്നില്ല. അപേക്ഷകളിലൊന്നും തന്നെ ഫീൽഡ് പരിശോധന നടത്തുന്നതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. അതിനാൽ ഈടാക്കിയ ഫീസിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

3 ലൈസൻസ് രജിസ്റ്ററിലെ തുകയും അക്കൌണ്ട്സ് പ്രകാരമുള്ള തുകയും റീകൺസൈൽ ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻക്വയറിനം-31 തിയ്യതി-15.08.2022). മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും അപാകതകൾ ചൂണ്ടികാണിച്ചിരുന്നുവെങ്കിലും അവ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-16 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ-അപാകതകൾ

റിലയൻസ് ജിയോ ഇൻഫോകോം. ലിമിറ്റഡ്, ജി.കെ ടവർ, മാമംഗലം എന്ന പേരിൽ ബിൽഡിംഗ് പെർമിറ്റിനുള്ള ഒരു അപേക്ഷ ലഭിച്ചതായി ബി.എ1/234/20 നമ്പറായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഫയൽ ലഭ്യമാക്കിയിട്ടില്ല. മൊബൈൽ ടവർ പെർമിറ്റിനുള്ള അപേക്ഷയാണോ എന്നതിൽ വ്യക്തതയില്ല. അപേക്ഷയുടെ തീയതി രേഖപ്പെടുത്തിയിട്ടില്ല. 30.10.2020 ലാണ് അടുത്ത ക്രമ നമ്പറിലുള്ള അപേക്ഷ സ്വീകരിച്ചിട്ടുള്ളത് എന്നതിനാൽ മേൽ അപേക്ഷ അതിനു

മുമ്പ് ലഭിച്ചതാവണം. അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ രജിസ്റ്ററിൽ വിവരങ്ങളൊന്നും രേഖപ്പെടുത്താത്ത ധാരാളം അപേക്ഷകളുള്ളതായി കണ്ടു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ഈ അപേക്ഷകളിന്മേൽ സമയബന്ധിതമായി സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമല്ല. ഇവക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ എന്നും ഉറപ്പാക്കാനാകുന്നില്ല.

| ക്രമ നം | അപേക്ഷ നം | പേര് |
|---|---|---|
| 1 | ബി.എ1/5/20 | ശോഭ, മടക്കപ്പള്ളി ഹൗസ്, ഇടപ്പള്ളി |
| 2 | ബി.എ1/70/20 | വാസുപിള്ള, പൊയ്കയിൽ ഹൗസ് , കൊട്ടാരക്കര |
| 3 | ബി.എ1/133/20 | എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് വരാപ്പുഴ അതിരൂപത |
| 4 | ബി.എ1/135/20 | ഗായത്രി, മാനാത്തുപാടം, ചങ്ങമ്പുഴനഗർ |
| 5 | ബി.എ1/202/20 | മിൽമ്മ, ഇടപ്പള്ളി |
| 6 | ബി.എ1/203/20 | സോഹനൽ ഒ.എ, അംബിക, ഇടപ്പള്ളി |
| 7 | ബി.എ2/16/20 | ലോറൻസ് ബോസ്കോ ലോപ്പസ് |
| 8 | ബി.എ2/160/20 | മനോജ് വിജയൻ |
| 9 | ബി.എ2/161/20 | ജോബി അഗസ്റ്റിൻ |
| 10 | ബി.എ2/164/20 | അബദുൾ ലത്തീഫ് സഫീർ |
| 11 | ബി.എ2/290/20 | മുബീന എ.ഐ |
| 12 | ബി.എ2/321/20 | അബ്ദുൾ ജലീൽ പി.കെ |

റിലയൻസ് ജിയോ ഇൻഫോകോമിന്റെ അപേക്ഷയിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്. രജിസ്റ്ററിൽ വിവരങ്ങളൊന്നും രേഖപ്പെടുത്താത്ത മറ്റ് അപേക്ഷകളിൽമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 39/16.08.2022) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടനിർമ്മാണ അനുമതിക്കുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് സർക്കാർ വ്യക്തമായ സമയക്രമം നിശ്ചയിച്ചിട്ടുള്ളതിനാൽ രജിസ്റ്ററിൽ അപേക്ഷാ തീയതി ഉൾപ്പെടെ എല്ലാ വിവരങ്ങളും ചേർത്ത് സൂക്ഷിക്കേണ്ടതാണ്. മേൽ അപേക്ഷകളിലും സമാനമായി വിവരങ്ങളൊന്നും രേഖപ്പെടുത്താത്ത മറ്റ് അപേക്ഷകളിലും സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി അറിയിക്കേണ്ടതാണ്.

## 1-17 വസ്തുനികുതി-അപാകതകൾ

(1) വസ്തുനികുതി ഡിമാന്റ് റജിസ്റ്റർ, വസ്തുനികുതി അരിയർ ഡിമാന്റ് റജിസ്റ്റർ, എന്നിവ തയ്യാറാക്കി പരിശോധനയ്ക്കായി നൽകിയില്ല. വസ്തുനികുതി ഡിമാന്റ്, അരിയർ ഡിമാന്റ് എന്നിവ കണക്കാക്കുന്നതിന് യാതൊരു രേഖകളും നഗരസഭ സൂക്ഷിയ്ക്കുന്നില്ല. സാഖ്യ അക്കൌണ്ട് പ്രകാരം കളക്ഷൻ രേഖപ്പെടുത്തുകയും കൃത്യതയില്ലാതെ തൻവർഷ ഡിമാന്റ് അക്കൌണ്ടിൽ രേഖപ്പെടുത്തുന്നതും കാരണം ധനകാര്യ പത്രികയിലെ തൻവർഷ വരവിനും കുടിശ്ശിക ഡിമാന്റ് തുകകൾക്കും യാതൊരു അടിസ്ഥാനവുമില്ല. ഇക്കാരണത്താൽ നഗരസഭയ്ക്ക് ലഭിക്കേണ്ട എല്ലാ നികുതി വരുമാനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനോ നഷ്ടം തിട്ടപ്പെടുത്തുന്നതിനോ കഴിയുന്നില്ല.

2) സഞ്ചയ സാഖ്യാ കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | |
|---|---|---|---|---|
| | കുടിശ്ശിക | തൻവഷം | കുടിശ്ശിക | തൻവഷം |
| സഞ്ചയ പ്രകാരം | 202352136 | 94511389 | 16580966 | 43437062 |
| സാഖ്യാ പ്രകാരം | 24,035,967 | 102966523/ | 17562906 | 92646935 |

സഞ്ചയ സാഖ്യാ കണക്കുകൾ പൊരുത്തപ്പെടുത്തി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതാണ്.

3. വസ്തുനികുതി ഡിമാന്റ്, കളക്ഷൻ എന്നിവ ധനകാര്യപത്രികയിൽ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ എന്നീ രണ്ട് അക്കൌണ്ടിങ്ങ് ഹെഡുകളിൽ രേഖപ്പെടുത്തുന്നില്ല. രണ്ട് അക്കൌണ്ടിങ്ങ് ഹെഡുകളിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതും സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നുള്ള ഇനം തിരിച്ചുള്ള ഡി സി ബി പത്രിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുത്തി പരിശോധനക്കായി ഹാജറാക്കേണ്ടതുമാണ്.

(4) മുൻവർഷ കടിശ്ശിക ഡിമാന്റായ 24,035,967/ രൂപയും വരവായ 17,562,906/-രൂപയും തമ്മിലുള്ള വ്യത്യാസമായ 64,73,061/-രൂപ മുൻവർഷ കുടിശ്ശികയായി രേഖപ്പെടുത്തിയിട്ടില്ല. (ധനകാര്യപത്രിക പ്രകാരം 55,92,221/- രൂപയാണ് മുൻവർഷ കുടിശ്ശികയായി ചേർത്തിട്ടുള്ളത്). വിശദീകരണം നൽകേണ്ടതാണ്.

(5) തൻവർഷം നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ഉൾപെടുത്തി ഡിമാന്റ് തുക വർദ്ധിപ്പിക്കുന്നതിനോ, വേക്കൻസി റെമിഷൻ, നികുതി ഒഴിവാക്കൽ എന്നിവ തിട്ടപ്പെടുത്തി അതിനനുസരിച്ച് ഡിമാന്റ് കുറവ് വരുത്തുന്നതിനുള്ള നടപടികളോ സ്വീകരിക്കുന്നില്ല. സാഖ്യാ അക്കൗണ്ടിൽ ജേർണൽ എൻട്രി നടത്തി ഡിമാന്റിൽ വരുന്ന ഇത്തരം മാറ്റങ്ങൾ കൃത്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 22-12-2020 ലെ സാഖ്യാ എൻട്രി പ്രകാരം രേഖപ്പെടുത്തിയ 2020-21 വർഷത്തെ 10,29,66,523/-രൂപയുടെ വസ്തുനികുതി ഡിമാന്റിന്റെ അടിസ്ഥാനം അറിയിക്കേണ്ടതാണ്.
6. U/A നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ്, കളക്ഷൻ വിവരങ്ങൾ സഞ്ചയ ഡാറ്റാ ബേസിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12-8-22 ലെ ഓഡിറ്റ് എൻക്വയറി നം. 22ന് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ രജിസ്റ്ററുകളും രേഖപ്പെടുത്തലുകളും ഇല്ലാത്തതിനാലും സഞ്ചയ ഡാറ്റ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഡിമാന്റ്, കടിശ്ശിക വിവരങ്ങളുടെ കൃത്യത ഉറപ്പാക്കാനാകുന്നില്ല. മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും വസ്തുനികുതി സംബന്ധിച്ച മേൽ അപാകതകൾ ചൂണ്ടികാട്ടിയിട്ടും തുടർനടപടികൾ സ്വീകരിക്കുന്നതായി കാണുന്നില്ല. അപാകതികളിൻമേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും നഗരകാര്യ വകുപ്പുതല ഇടപെടലിന് ശുപാർശ ചെയ്യുകയും ചെയ്യുന്നു.

1-17-1 വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള വിവരശേഖണം, ഡാറ്റാ എൻട്രി- വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1. സ.ഉ(സാധാ)നം 540/2019/ തസ്വഭവ തീയതി 6-3-2019 പ്രകാരം വസ്തു നികുതി പരിഷ്കരണം സംബന്ധിച്ചുള്ള വിവരശേഖണം, ഡാറ്റാ എൻട്രി വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ നടപടി ക്രമങ്ങളും 2019 സെപ്റ്റംബർ മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് നിർദേശിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ നഗരസഭ സ്വീകരിച്ച നടപടികളും തൽസ്ഥിതിയും അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിലവിലും സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തു നികുതി സംബന്ധിച്ച മുൻകാല റസീപ്റ്റ് വിവരങ്ങൾചേർക്കുന്ന ജോലി പൂർത്തിയായതായി കാണുന്നില്ല. നിയമിച്ച ജീവനക്കാർ ഏറ്റെടുത്ത് പൂർത്തീകരിച്ച ജോലിയുടെ വിശദാംശങ്ങളും ഇതുവരെ ഈ ഇനത്തിൽ ചെലവായ തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കേണ്ടതാണ്.

2. ഫയൽ നം 13103/17 പ്രകാരം 01-08-2019 മുതൽ 31-1-20 വരെയും 10-08-20 മുതൽ 09-02-21 വരെയും 15-2-2021 മുതൽ 14-8-21 വരെയും 17-8-2021 മുതൽ 9-2-22 വരെയും വസ്തുനികുതി ഡാറ്റാ എൻട്രി നടത്തുന്നതിനായി താൽകാലികമായി 9 ജീവനക്കാരെ നിയമിച്ചതായി കാണുന്നു. എന്നാൽ നഗരസഭയുടെ അപേക്ഷയിൻമേൽ സർക്കാർ നിർദേശ പ്രകാരം നഗര കാര്യ ഡയറക്ടറുടെ 10-5-2018 ലെ ഇ6/36440/17 നം ഉത്തരവ് പ്രകാരം 1-8-2019 മുതൽ 179 ദിവസത്തേയ്ക്കും 28-5-2021 ലെ ഇ6/9146/21 നം ഉത്തരവ് പ്രകാരം 15-8-2021 മുതൽ 179 ദിവസത്തേയ്ക്കും 10 ജീവനക്കാരെ നിയമിക്കുന്നതിനാണ്

അനുമതി നൽകിയിരിക്കുന്നത്. കൂടുതൽ കാലയളവിൽ നിയമനം നൽകിയതിന് സർക്കാർ സാധൂകരണം ലഭ്യമായിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

വിശദാംശങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12-8-22 ലെ ഓഡിറ്റ് എൻക്വയറി നം. 22ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ സഹിതം വിശദീകരണം നൽകേണ്ടതാണ്.

1-18 SSA വിഹിതംനൽകിയത് - വിനിയോഗത്തിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | SSA വിഹിതം (01/21) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹26,47,744/- |
| ചെലവ് | ₹26,47,744/-<br>Bill No. 171/07.09.2020 |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

ബ്ലോക്ക് പ്രോജക്റ്റ് കോ-ഓർഡിനേറ്റർ, ബ്ലോക്ക് റിസോഴ്സ് സെന്റർ, ആലുവയുടെ 134/20-21/Alv നമ്പർ കത്തിൽ, കോവിഡിനെ അതിജീവിക്കുന്നതിനായി മാസ്ക് നിർമ്മാണം, ഓൺലൈൻ പഠനകേന്ദ്രങ്ങൾ, ഭിന്നശേഷികുട്ടികൾക്കായുള്ള അക്കാദമിക് പ്രവർത്തനങ്ങൾ തുടങ്ങി വിവിധങ്ങളായ പ്രവൃത്തികൾ ബി.ആർസി.യിൽ നടക്കുന്നുണ്ടെന്നും, അതിനായ് LSG വിഹിതം അടക്കണമെന്നും, ജില്ലാതല പ്ലാൻ അംഗീകാരത്തിന് ശേഷം പ്രതീക്ഷിത വിഹിതത്തിൽ ഭേദഗതി ഉണ്ടാവുന്ന പക്ഷം ആ ഭേദഗതി പിന്നീട് അറിയിക്കുന്നതാണെന്നും കത്തിൽ പറഞ്ഞിട്ടുണ്ട്. ജില്ലാ പ്രോജക്റ്റ് കോ-ഓർഡിനേറ്റർ ലഭ്യമാക്കിയ പ്ലാൻ ഫോർമാറ്റിന്റെ അടിസ്ഥാനത്തിലാണ് തുക ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് കൈമാറിയത്. എന്നാൽ പ്രസ്തുത പ്ലാൻ ഫോർമാറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പല ഇനങ്ങൾക്കും കോവിഡ് കാലത്ത് തുകയൊന്നും ചെലവായിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Uniform | 300000/- |
| Text Books | 396950/- |
| Transport/Escort Facility | 282000/- |
| Special Training | 132000/- |

കോവിഡ് വ്യാപനത്തെ തുടർന്ന് സ്കൂളുകൾ പൂർണ്ണമായും അടഞ്ഞുകിടന്ന 2020-21 അദ്ധ്യയന വർഷത്തിൽ പ്ലാൻ ഫോർമാറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള പല ഇനങ്ങൾക്കും മേൽ പറഞ്ഞ രീതിയിൽ ചെലവ് വന്നിട്ടില്ലെന്നത് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. കൂടാതെ, കത്തിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള പ്രവൃത്തികൾക്ക് തുക ചെലവാക്കിയെങ്കിൽ LSG യിൽ നിന്നും നൽകിയ വിഹിതത്തിന്റെ ഉപയോഗത്തിൽ ഭേദഗതിയുണ്ടായിട്ടുണ്ടെന്നതും വ്യക്തമാണ്. ഇതിന്റെ കൃത്യത ഉറപ്പാക്കാനോ, വിനിയോഗിക്കാതെ തുകകളെന്തെങ്കിലും അവശേഷിക്കുന്നുണ്ടെങ്കിൽ അത് തിരികെ ഈടാക്കാനോ മുനിസിപ്പാലിറ്റിയുടെ ഭാഗത്ത് നിന്നും നടപടികളൊന്നും സ്വീകരിച്ചതായും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 01/10.08.2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. കൃത്യമായ വിനിയോഗ വിവരത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹26,47,744/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-19 ST വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിഭാവനം ചെയ്തതിൽ നിന്ന് വ്യത്യസ്തമായി പദ്ധതി നടപ്പാക്കി

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | ST വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് - 305/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹425400/- |
| ചെലവ് | ₹245061/-<br>(Sanction Order |

| | |
|---|---|
| | No.413/4.3.21) |
| ഫണ്ടിനം | TSP വിഹിതം |

എസ്. ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്ത് ₹27229/-വിലവരുന്ന 9 ലാപ്ടോപ്പുകൾ വാങ്ങി 9 വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയാണ് ഈ പദ്ധതിയിലൂടെ ചെയ്തിരിക്കുന്നത്. മേൽ പദ്ധതിയുടെ പ്രോജക്റ്റിലും, പ്രോജക്റ്റിന്റെ നടത്തിപ്പിനായി അപേക്ഷ ക്ഷണിക്കുന്നതിന്റെ ഭാഗമായി പ്രിന്റ് ചെയ്ത് സൂക്ഷിച്ചിട്ടുള്ള അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന (ജനകീയാസൂത്രണം 2020-21 വാർഷിക പദ്ധതി എന്ന് ഫോറത്തിൽ മുകൾ ഭാഗത്തായി അച്ചടിച്ചിട്ടുണ്ട്) ഫോറത്തിൽ ഡിഗ്രി തലത്തിലുള്ളവരായിരിക്കണം അപേക്ഷകർ എന്ന് പ്രത്യേകം നിർദ്ദേശമുണ്ട്. പക്ഷേ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തപ്പോൾ ഈ മാനദണ്ഡം പാലിച്ചതായി കാണുന്നില്ല. കൂടാതെ മറ്റ് ചില അപാകതകളും കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പദ്ധതി നടത്തിപ്പിലെ അപാകത |
|---|---|---|
| 1 | അശ്വതി | +2 വിദ്യാർത്ഥിയാണെന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. (SNV സംസ്കൃത ഹയർ സെക്കന്ററി സ്കൂൾ) |
| 2 | രവീണ | ഏത് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയെന്ന് തെളിയിക്കുന്നതിനുള്ള രേഖ ഇല്ല . ആധാർ കാർഡിലെ ജനന വർഷം 2005 ആണ്. അതായത് ഡിഗ്രി വിദ്യാർത്ഥിയായിരിക്കാൻ സാധ്യതയില്ല |
| 3 | ശ്രീയ | ഏത് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയെന്ന് തെളിയിക്കുന്നതിനുള്ള രേഖ ഇല്ല . ആധാർ കാർഡിലെ ജനന വർഷം 2012 ആണ്. അതായത് 9 വയസ്സുള്ള സ്കൂൾ വിദ്യാർത്ഥിയായിരിക്കാൻ സാധ്യത. |
| 4 | ശ്രീഷ | ഏത് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയെന്ന് തെളിയിക്കുന്നതിനുള്ള രേഖ ഇല്ല . ആധാർ കാർഡിലെ ജനന വർഷം 2008 ആണ്. അതായത് 13 വയസ്സുള്ള സ്കൂൾ വിദ്യാർത്ഥിയായിരിക്കാൻ സാധ്യത |
| 5 | യാദവ് | യോഗ്യത തെളിയിക്കുന്ന യാതൊരു രേഖകളും (ഏത് കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥിയെന്ന് തെളിയിക്കുന്നതിനുള്ള രേഖ , ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്) അപേക്ഷയോടൊപ്പം വച്ചിട്ടില്ല. |
| 6 | റിതിൽ | +1 വിദ്യാർത്ഥിയാണെന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. (GVHSS) |
| 7 | ആര്യൻ | 3-ാം ക്ലാസ്സ് വിദ്യാർത്ഥിയാണെന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ (കസ്തൂർബ ഇംഗ്ലീഷ് മീഡിയം സ്കൂൾ)വ്യക്തമാക്കിയിട്ടുണ്ട് . ജാതി സർട്ടിഫിക്കറ്റ് ഇല്ല. |
| 8. | ആരോമൽ | 7-ാം ക്ലാസ്സ് വിദ്യാർത്ഥിയാണെന്ന് സ്കൂൾ സർട്ടിഫിക്കറ്റിൽ (HMT Educational Society High School)വ്യക്തമാക്കിയിട്ടുണ്ട് . ജാതി സർട്ടിഫിക്കറ്റ് ഇല്ല. |

പ്രോജക്റ്റിന്റെ മാനദണ്ഡങ്ങൾ മറികടന്നുകൊണ്ടും, അവശ്യ രേഖകളുടെ അഭാവത്തിലും ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനിടയാക്കിയ സാഹചര്യം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 02/10.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിഭാവനം ചെയ്തതിൽ നിന്നും വ്യത്യസ്തമായി പ്രോജക്റ്റ് നടപ്പാക്കിയതിനാൽ മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള 8

വിദ്യാർത്ഥികൾക്ക് നൽകിയ ലാപ്ടോപ്പിന് ചെലവായ ₹217832/-ചെലവ് തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-20 കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്- രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ടിന്റെ പേര്/നം. | കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ്,( നം. 03/21) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹3,00,000 |
| ചെലവ് (ബിൽ നം/തീയതി)- | 149/09.08.2020 - ₹100000/-<br>187/01.10.20 - ₹50000/-<br>385/24.02.2021 - ₹100000/-<br>516/27.03.2021- ₹50000/-<br>ആകെ -₹3,00,000/- |

പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കലാ-അഭ്യാസ പ്രവർത്തനം നടത്താൻ സന്നദ്ധരായ കലാകാരന്മാർക്ക് സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ/തീ.14.02.2018,ഖണ്ഡിക 7.6.18പ്രകാരം താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന പ്രകാരം പ്രതിമാസം 5000 രൂപ ഫെലോഷിപ്പ് നൽകാവുന്നതാണ്. ഇതിൻപ്രകാരം 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള കാലയളവിലേക്ക് 5 കലാകാരന്മാർക്ക് നൽകിയ [(5X5000)X12] ₹3,00,000/- ഈ പ്രാജക്റ്റ് പ്രകാരം ചെലവ് വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുംപ്രകാരമുള്ള അപാകതകളുണ്ട്.

1. മാർഗ്ഗ രേഖയിലെ നിർദ്ദേശാനുസരണം പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കലാ-അഭ്യാസ പ്രവർത്തനം നടത്താൻ സന്നദ്ധരാണെന്ന് അറിയിച്ചുകൊണ്ടുള്ള കലാകാരന്മാരിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2. ഫെലോഷിപ്പ് അനുവദിച്ചിട്ടുള്ള കലാകാരന്മാർ ഏത് കലാമേഖലകളിലാണ് പ്രാവീണ്യം തെളിയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. .

സ.ഉ (കൈ)30/2019/ത.സ്വ.ഭ.വ /06.03.2019 വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി നിർവ്വഹണം പ്രാദേശിക സർക്കാരുകൾ മുഖേന നിർവ്വഹണം നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരം പദ്ധതി നിർവ്വഹണത്തിന്റെ അടിസ്ഥാന ഘടകം വാർഡ് അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടുള്ള പരിശീലനകേന്ദ്രങ്ങളാണ്. ഇത്തരത്തിൽ പദ്ധതി നിർവ്വഹണത്തിനായി സജ്ജമാക്കിയിട്ടുള്ള പരിശീലന കേന്ദ്രങ്ങൾ, ഓരോ പരിശീലന കേന്ദ്രത്തിന്റെയും ചുമതല നൽകിയിട്ടുള്ള കലാകാരന്റെ പേര്, ഓരോ പരിശീലനകേന്ദ്രത്തിലും ഹാജരായിട്ടുള്ള പരിശീലനാർത്ഥികളുടെ ഹാജർ വിവരം, കലാകാരന്മാർ ആഴ്ചയിൽ കുറഞ്ഞത് 4 ദിവസമെങ്കിലും കലാപരിശീലനം നടത്തണം. അത് പ്രകാരം ഓരോ മാസവും ഏതെല്ലാം ദിവസങ്ങളിലാണ് പരിശീലനം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ, മാർഗ്ഗരേഖ പ്രകാരം നിശ്ചിത ഇടവേളകളിൽ ഫെലോഷിപ്പ് കലാകാരന്മാരും പഠിതാക്കളും ജില്ലാ-സംസ്ഥാന തലത്തിൽ കലാവതരണം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/11.08.2022)മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹3,00,000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-21 തുടർവിദ്യാഭ്യാസ പദ്ധതി- പദ്ധതി നടത്തിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | തുടർ വിദ്യാഭ്യസ പദ്ധതി - 16/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹200000/- |
| ചെലവ് | ₹200000/-<br>(Sanction Order No. 385/24.2.21 ₹146000/-<br>Sanction Order No. |

| | |
|---|---|
| | 515/27.3.21 ₹54000/-) |
| ഫണ്ടിനം | TSP വിഹിതം |

ഹയർ സെക്കന്ററി പഠിതാക്കളായ 19 പേർക്കും പത്താം തരം പഠിതാക്കളായ 20 പേർക്കും തുടർ വിദ്യാഭ്യാസത്തിന് അവസരമൊരുക്കുന്നതിനായി വിഭാവനം ചെയ്ത പ്രോജക്ടാണിത്. 13 സാക്ഷരത പ്രേരക്മാർക്ക് ഓണറേറിയം ഇനത്തിൽ ₹1,11,000/-, പൊതു വിഷയത്തിൽ ക്ലാസ്സ് നടത്തിയ റിസോഴ്സ് പേഴ്സൺമാർക്ക് ₹12200, കേരള സാക്ഷരത മിഷന് ഫീസ് ഇനത്തിൽ ₹76800/- (ഹയർ സെക്കന്ററി പഠിതാക്കളായ 19 പേർക്ക് @ ₹2200, പത്താം തരം പഠിതാക്കളായ 20പേർക്ക് @ ₹1750) എന്നിങ്ങനെയാണ് ₹200000/- ഈ പ്രോജക്ടിന് ചെലവാക്കിയിട്ടുള്ളത്. എന്നാൽ പഠിതാക്കൾ പരീക്ഷ എഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. പഠിതാക്കളെ പരീക്ഷ എഴുതിപ്പിച്ച് അവരെ തുടർ വിദ്യാഭ്യസത്തിന് പ്രാപ്തരാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നടപ്പാക്കുന്ന പദ്ധതി ലക്ഷ്യം കൈവരിച്ചു എന്ന് തെളിയിക്കുന്നതിന് മേൽ പറഞ്ഞ രേഖകൾ ആവശ്യമാണെന്നിരിക്കെ, അവ ഓഡിറ്റിന് ലഭ്യമായില്ല. രേഖകൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/10.08.2022) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ പദ്ധതിയുടെ ചെലവ് തുക ₹200000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-22 IKM വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്ട് നമ്പർ | IKM വിഹിതം നൽകൽ (04/21) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹3,93,045/- |
| ചെലവ് | ₹3,93,045/-<br>Bill No. 150/19.08..2020 |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി ഓഡിറ്റ് വർഷം ഇൻഫർമേഷൻ കേരള മിഷന് ₹3,93,045/- നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹3,93,045/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-23 വയോമിത്രം പദ്ധതി - വാങ്ങിയ സാധനങ്ങളുടെ വിതരണം, വിനിയോഗം - വിവരങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്ട് നമ്പർ | വയോമിത്രം പദ്ധതി - സ്റ്റേഷനറി, ഫർണിച്ചർ (219/21) |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹50000/- |
| ചെലവ് | ₹50000/-<br>Bill No. 551/17.09.2020 |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

മേൽ പദ്ധതിയുടെ നടത്തിപ്പിനായി ചെലവായ ₹50000/- ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളുടെ രേഖകൾ ഫയലിൽ കാണുന്നുണ്ട്. അതിൻപ്രകാരം ₹533.90 വിലയുള്ള 10 കസേരകൾ, ₹6694.92 വിലയുള്ള 1 പരിശോധന ടേബിൾ, ₹9171.19 വിലയുള്ള 1ഷെൽഫ്, ₹2076.27വിലയുള്ള 2 ടേബിൾ ഫാനുകൾ, ₹3080.36വിലയുള്ള ബി.പി.അപ്പാരറ്റസ്, ₹186.44 വിലയുള്ള തെർമോമീറ്റർ എന്നിവയുൾപ്പെടെ ഏതാനും ഉപകരണങ്ങളും മരുന്നുകളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിവരം ഓഡിറ്റിന് ലഭ്യമായില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/10.08.2022) മറുപടി ലഭ്യമാക്കിയില്ല. ₹50000/- മതിപ്പുള്ള സാധനസാമഗ്രികൾ വയോമിത്രം പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്, വയോജനങ്ങൾക്ക്

പ്രയോജനകരമാകും വിധത്തിൽ ഉപയോഗിച്ചിട്ടുണ്ടെന്നതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാകാത്തതിനാൽ ഈ പദ്ധതിക്കായി ചെലവാക്കിയ ₹50000/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-24 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | വാട്ടർലൈൻ എക്സ്റ്റൻഷൻ - 94/21 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | ₹4203413/- |
| ചെലവ് | ₹2205700/-<br>( Cheque No. 000171/17.09.20) |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

ഓഡിറ്റ് വർഷത്തിൽ വാട്ടർലൈൻ എക്സ്റ്റൻഷനുവേണ്ടി ₹2205700/- എക്സിക്യൂട്ടീവ് എഞ്ചിനീയർ, വാട്ടർ സപ്ലൈ ഡിവിഷൻ, കൊച്ചിക്ക് താഴെ പറയും പ്രകാരം തുകകൾ നൽകിയിട്ടുണ്ട്.

| ക്രമ നം. | വാർഡ് നം. | എസ്റ്റിമേറ്റ് നം. | തുക | യു.ടി.ആർ നം. | തുക/ തീയതി |
|---|---|---|---|---|---|
| 1. | 39 | 2019/14886 | 213000 | U000000812267416 | 322000/- 18.09.20 |
| | 9 | 2019/21446 | 109000 | | |
| 2. | 37 | 2020/280 | 178000 | U000000812267426 | 286000/- 17.09.20 |
| | 17 | 2020/2255 | 108000 | | |
| 3. | 29 | 2019/21446 | 17700 | U000000812267424 | 297700/- 17.09.20 |
| | | 2020/2262 | 280000 | | |
| 4. | 22 | 2019/5859 | 279000 | U000000788436342 | 369000/- 21.05.20 |
| | 2 | 2020/2343 | 90000 | | |
| 5 | 18 | 2020/2720 | 480000 | U000000812267418 | 480000/- 18.09.20 |
| 6 | 29 | 2020/2794 | 105000 | U000000812267420 | 215000/- 18.09.20 |
| | 28 | 2020/2730 | 110000 | | |
| 7 | 32 | 2019/21343 | 127000 | U000000812267422 | 236000/- 18.09.20 |
| | 29 | 2020/2810 | 109000 | | |
| ആകെ | | | | | 2205700 /- |

ഈ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (04/10.08.2022)ക്ക് മറുപടി ലഭ്യമായില്ല. അതിനാൽ ഈ പദ്ധതിയുടെ ചെലവ് തുക ₹2205700/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-25 ബയോഫ്ലോക്ക് മത്സ്യ കൃഷി- അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്. |
| പദ്ധതി നം. | 286/21 |
| പദ്ധതി | ബയോഫ്ലോക്ക് മത്സ്യ കൃഷി. |
| അടങ്കൽ | 368000/- വികസനഫണ്ട്-ജനറൽ |
| ചെലവ് | 230501/-, ബിൽ TRN- 2011130000000009566 31-3-2021 |

ഹാജരാക്കിയ ബിൽ പ്രകാരം ഏഴ് ഗുണഭോക്താക്കൾക്ക് 230501/- രൂപ നഗരസഭ നൽകിയതായി കാണുന്നു. കൃത്യമായ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും വിശദാംശങ്ങളും ഓരോ ഗുണഭോക്താവും ചെലവാക്കിയ തുകകളുടെയും ഇനം തിരിച്ച് ഓരോരുത്തർക്കും അനുവദനീയമായ ചെലവും വിശദാംശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 12-8-22 ലെ ഓഡിറ്റ് എൻക്വയറി നം. 23നുള്ള മറുപടിയോടൊപ്പം ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം ടാങ്ക് നിർമ്മാണത്തിന് അനുവദനീയമായതിനേക്കാൾ അധിക തുക അനുവദിച്ചതായി കാണുന്നു.

സർക്കാർ ഉത്തരവ് (സാധാ) നം. 1009/2020/ത.സ്വ.ഭ.വ 29.05.2020 പ്രകാരം ബയോഫ്ലോക്ക് മത്സ്യ കൃഷിയുടെ മൂലധന ചെലവിന്റെയും പ്രവർത്തന ചെലവിന്റെയും ആകെയുള്ള യൂണിറ്റ് ചെലവിന്റെ (പൊതുവിഭാഗം) 40 ശതമാനത്തിന്റെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനമാണ് വഹിക്കേണ്ടത്, മൂലധന ചെലവിന്റെ 40 % വിഹിതമായി വിവിധ ഇനങ്ങൾക്ക് അനുവദിക്കാവുന്ന തുകയുടെ പരമാവധി നിരക്കും മേൽ ഉത്തരവ് നിശ്ചയിച്ചിട്ടുണ്ട്. അപ്രകാരം ടാങ്ക് നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാധി നിരക്ക് 35000/- രൂപയാണ്. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആയതിലും കൂടുതൽ തുക അനുവദിക്കുകയുണ്ടായി.

| ക്രമ നം | പേര് | അനുവദിക്കാവുന്ന തുക | അനുവദിച്ചത് | അധികം അനുവദിച്ചത് | അനുവദിച്ച ആകെ സബ്സിഡി |
|---|---|---|---|---|---|
| 1 | സുജിത് സുരേന്ദ്രൻ | 35000 | 42000 | 7000 | 35206 |
| 2 | ബിജു കെകെ | 35000 | 36591 | 1591 | 33473 |
| 3 | ശ്രുതി കെ എസ് | 35000 | 42000 | 7000 | 35594 |
| 4 | അമൽ രവി | 35000 | 42000 | 7000 | 33272 |
| 5 | ഖദീജ | 35000 | 41506 | 6506 | 32242 |
| 6 | നൌഫൽ | 35000 | 41139 | 6139 | 35354 |
| 7 | ഇന്ദിര തങ്കപ്പൻ | 35000 | 42000 | 4230 | 25360 |
| | ആകെ | | | 39466 | 230501 |

ഇത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടിയിൽ ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നം DFTVM/1630/2020-C1 തീ 2-7-2020 പ്രകാരം ടാങ്ക് നിർമ്മാണത്തിന് അനുവദിക്കാവുന്ന പരമാവധി തുക 42000/- രൂപയായി നിശ്ചയിച്ചതുകൊണ്ടാണ് ഇത്തരത്തിൽ തുക അനുവദിച്ചത് എന്ന വിശദീകരണം തൃപ്തികരമല്ല. സർക്കാർ നിശ്ചയിച്ച നിരക്കിന് അധികമായി തുക നിശ്ചയിക്കുന്നതിന് വകുപ്പ് ഡയറക്ടർക്ക് അധികാരമില്ലാത്തതിനാൽ കൃത്യമായ വിശദീകരണം നൽകേണ്ടതും ഭാവിയിൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-26 ക്ലീൻസിറ്റി പ്രോജക്റ്റ് നടത്തിപ്പുമായി ബന്ധപ്പെട്ട് വിവരങ്ങൾ ലഭ്യമാക്കണം

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | ക്ലീൻ സിറ്റി പ്രോജക്റ്റ് (309/21) |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | ₹710000/- |
| ചെലവ് | ₹705000/- (ബിൽ നം. 87/11.10.2020) |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |

പൊതു സ്ഥലങ്ങളിൽ മൂവബിൾ ക്യാമറകൾ സ്ഥാപിച്ച് മാലിന്യ നിക്ഷേപം തടയുക എന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണിത്. ഇതിനായി നെറ്റ് വേ സൊല്യൂഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും₹ 3,52,500/-വില വരുന്ന 2ക്യാമറകൾ വാങ്ങി മുനിസിപ്പൽ പ്രദേശത്ത് സ്ഥാപിക്കുകയാണ് ചെയ്തിട്ടുള്ളത്. മുനിസിപ്പാലിറ്റി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥരുടെ മൊബൈൽ ഫോണുമായി കണക്റ്റ് ചെയ്തുകൊണ്ട് മാലിന്യ നിക്ഷേപം നിരീക്ഷിക്കുന്നതിനും, നിക്ഷേപിക്കുന്നവർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിച്ച് മാലിന്യ നിക്ഷേപം തടയുക എന്നതുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന

വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 30/13.08.2022)ക്ക് മറുപടി ലഭ്യമായില്ല.

1) മാലിന്യ നിക്ഷേപം തടയുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ച ഈ സംവിധാനം വഴി പിഴ ഒടുക്കേണ്ടി വന്നിട്ടുള്ള ആളുകളിൽ നിന്നും മുനിസിപ്പാലിറ്റിക്ക് പിഴ ഇനത്തിൽ ലഭ്യമായ തുകയുടെ വിവരം,

2) ക്യാമറകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിന് നഗരസഭ ജീവനക്കാരെ ചുമതലപ്പെടുത്തിയതിന്റെ ഓഫീസ് ഉത്തരവ്, ടി ഉത്തരവ് ജീവനക്കാർ നോട്ട് ചെയ്തതിന്റെ വിവരം

3) നിലവിലും ക്യാമറ പ്രവർത്തന സജ്ജമാണോ എന്ന വിവരം

4) ക്യാമറകളുടെ ഇക്കാലയളവിലെ സർവ്വീസിംഗ് നടത്തിയതിന്റെ വിവരം.

മേൽ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ ഈ പദ്ധതിയുടെ ചെലവ് തുക ₹705000/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

### 1-27 ശുചീകരണത്തിനായി ചെലവാക്കിയ തുകകളുടെ വിനിയോഗ വിവരത്തിൽ അവ്യക്തത

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | മഴക്കാല പൂർവ്വ ശുചീകരണം (135/21) |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | ₹2100000/- |
| ചെലവ് | 1) [Bill No. 395/26.02.2021₹ 691020/-<br>2) Bill No. 456/19.03.21₹ 730350/-<br>3) Bill No. 552/29.03.2021₹ 678375/-<br>ആകെ ചെലവ് തുക -2099745 |
| ഫണ്ടിനം | പൊതുവിഭാഗം സാധാരണ വിഹിതം |

പ്രോജക്റ്റുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ചെയ്തതിനെ സാധൂകരിക്കും പ്രകാരമുള്ള മസ്റ്റർ റോളുകളും, തുകകൾ തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് നൽകിയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കി. എന്നാൽ ഏതെല്ലാം വാർഡുകളിൽ, എന്തെല്ലാം പ്രവൃത്തികളാണ് ഈ തുകകൾ ഉപയോഗിച്ച് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല. ചെയ്യേണ്ട പ്രവൃത്തികൾ എന്തെല്ലാമാണെന്നത് മനസ്സിലാക്കി, വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് അടിസ്ഥാനമാക്കിയിട്ടാണോ ഇത്രയും വലിയ തുക ഉപയോഗിച്ച് പ്രവൃത്തി ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/10.08.2022)മറുപടി ലഭ്യമാക്കിയില്ല. അതിനാൽ ഈ പദ്ധതിയുടെ ചെലവ് തുക ₹2099745/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

### 1-27-1 മഴക്കാല പൂർവ്വ ശുചീകരണത്തിന് നിയന്ത്രണാതീതമായി തുകകൾ ചെലവാക്കുന്നു.

മഴക്കാല പൂർവ്വ ശുചീകരണത്തിന് വേണ്ടി ഓഡിറ്റ് വർഷം താഴെ പറയും വിധം ചെലവുണ്ട്

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 135/21 | മഴക്കാല പൂർവ്വ ശുചീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 2100000/- | 2099745/- |
| 96/21(SO) | മഴക്കാല പൂർവ്വ ശുചീകരണം | ധനകാര്യ കമ്മീഷൻ അവാർഡ് | 830580/- | 830280/- |
| ആകെ | | | 2930580/- | 2930025/- |

മേൽ വിശദാംശങ്ങളിൽ നിന്ന് ഓഡിറ്റ് വർഷം മുനിസിപ്പാലിറ്റി ഏകദേശം 30 ലക്ഷത്തോളം രൂപയാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി ചെലവാക്കിയിട്ടുള്ളത്. സർക്കാർ ഉത്തരവ്

GO(RT)844/2020/LSGD Dt. 08.05.2020 പ്രകാരം മഴക്കാല പൂർവ്വ ശുചീകരണ പ്രവൃത്തികൾക്കായി നഗരസഭകൾക്ക് ഒരു വാർഡിൽ ചെലവഴിക്കാവുന്ന പരമാവധി തുക 25000/- (ശുചിത്വമിഷൻ വിഹിതം 10000/-, തനത് ഫണ്ട് 5000/-, NHM 10000/-) ആണ്. എന്നാൽ നഗരസഭ ഓഡിറ്റ് വർഷത്തിൽ മഴക്കാല പൂർവ്വ ശുചീകരണം (135/21) എന്ന പ്രോജക്റ്റിനായി ധനകാര്യ കമ്മീഷൻ അവാർഡ് ഉപയോഗപ്പെടുത്തി 2100000/- ന്റെ പ്രോജക്റ്റ് വിഭാവനം ചെയ്യുകയും, അതിൽ 2099745/- ചെലവ് വരുകയും ചെയ്തിട്ടുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം മുനിസിപ്പാലിറ്റിയിലെ 42 വാർഡുകളിലെക്ക് 25000/- വീതം ആകെ ചെലവഴിക്കാവുന്ന തുക 1050000/- ആണെന്നിരിക്കെ, ഇവിടെ സർക്കാർ നിർദ്ദേശിച്ചതിന്റെ ഇരട്ടി തുകയാണ് ചെലവിട്ടിട്ടുള്ളത്. കൂടാതെ, ഇത്ര ബൃഹത്തായ പദ്ധതി നടപ്പിലാക്കിയതിന് അടിസ്ഥാനമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുമില്ല. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 38/16.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

കളമശ്ശേരി നഗരസഭ വർഷാവർഷം ഇതുപോലെ ഭീമമായ തുകകൾ ചെലവിട്ട് പ്രോജക്റ്റുകൾ ആവിഷ്കരിക്കുമ്പോഴും മഴ പെയ്തുകഴിഞ്ഞാൽ അനുഭവപ്പെടുന്ന വെള്ളക്കെട്ടിനും അതേ തുടർന്നുള്ള പ്രശ്നങ്ങൾക്കും നഗരസഭയുടെ പല പ്രദേശങ്ങളിലും നിലവിലും പരിഹാരമൊന്നും ഉണ്ടായിട്ടില്ല എന്നത് ശ്രദ്ധിക്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 മുൻകൂർ തുക നൽകിയിട്ടും പ്രിന്റർ ലഭ്യമായില്ല

| | |
|---|---|
| പ്രൊജക്റ്റ് | വെറ്ററിനറി ആശുപത്രിക്ക് ആവശ്യമായ കൺസ്യൂമബിൾസ് (132/21) |
| നിർവഹണം | വെറ്ററിനറി സർജൻ |
| അടങ്കൽ | 52000 |
| ചെലവ്- | 43851 |
| ബിൽ നമ്പർ | 4/25.3.21 – 43851 |

പദ്ധതി പ്രകാരം 25.3.21 ന് കേരള സ്റ്റേറ്റ് ഐ.ടി മിഷന് 20188 രൂപ മൾട്ടിഫങ്ഷൻ പ്രിന്ററിനായി നൽകിയിട്ടുണ്ട്. പ്രോഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ മുൻകൂറായാണ് തുക അനുവദിച്ചത്. ഇൻവോയ്സ് പ്രകാരം 45 ദിവസത്തിനകം പ്രിന്റർ വിതരണം ചെയ്യേണ്ടതായിരുന്നു. എന്നാൽ നാളിതുവരെ പ്രിന്റർ ലഭിച്ചിട്ടില്ല. മുൻകൂർ തുക റീഫണ്ട് ചെയ്തിട്ടുമില്ല. (ഓഡിറ്റ് എൻക്വയറി - 16/11.8.22 ന് മറുപടി ലഭിച്ചില്ല). പ്രിന്റർ ലഭ്യമാകാത്തതിനാൽ ചെലവ് തുകയായ 20188/- രൂപ തടസ്സപ്പെടുത്തുന്നു. നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് പ്രിന്റർ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-29 അങ്കണവാടി വാടക - അധികതുക നൽകി

| | |
|---|---|
| പ്രൊജക്റ്റ് | അങ്കണവാടികൾക്ക് അധികവാടക (228/21) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 275000(പ്ലാൻ-ജനറൽ) |
| ചെലവ്- | 215834 |
| ബിൽ നമ്പർ | 6/20.10.20 – 74001<br>– 11/20.2.21 – 88950<br>– 12/24.2.21 – 52883 |

നഗരസഭയിൽ ആകെയുള്ള 49 അങ്കണവാടികളിൽ 20 എണ്ണം വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സാമൂഹ്യനീതി വകുപ്പാണ് ഇവയുടെ വാടക നൽകുന്നത്. വകുപ്പ് നൽകുന്ന വാടക സി.ഡി.പി.ഒ നേരിട്ട് കെട്ടിടഉടമയ്ക്ക് നൽകുകയാണ് ചെയ്യുന്നത്. ഇതിൽ 14 അങ്കണവാടികൾക്ക് വകുപ്പ് നൽകുന്ന തുകയും യഥാർത്ഥവാടകയും തമ്മിലുള്ള വ്യത്യാസം പദ്ധതി ഫണ്ടിൽ നിന്നും

അനുവദിക്കുന്നുണ്ട്. 2020-21 സെപ്റ്റമ്പർ വരെയുള്ള അധികവാടക അങ്കണവാടി വർക്കർമാരുടെ അക്കൗണ്ടിലേക്കും ഒക്ടോബർ 2020 മുതലുള്ളത് കെട്ടിട ഉടമസ്ഥരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയുമാണ് ചെയ്തിട്ടുള്ളത്.

ബിൽ നം - 6/20.10.20 പ്രകാരം മാർച്ച് 2020 മുതൽ സെപ്റ്റമ്പർ 2020 വരെയുള്ള അധികവാടക 8 അങ്കണവാടി വർക്കർമാരുടെ അക്കൌണ്ടിലേക്ക് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| അങ്കണവാടി നം | അങ്കണവാടി വർക്കർ | പ്രതിമാസ അധികവാടക | 3/20 – 9/20 വരെയുള്ള അധികവാടക | കെട്ടിടത്തിന്റെ പ്രതിമാസ വാടക നിരക്ക് |
|---|---|---|---|---|
| 10 | യാസിറ | 2778 | 19446 | 31.7.20 വരെ 6778 രൂപയും 1.8.20 മുതൽ 7000 രൂപയും |
| 18 | മേരി വിൻസന്റ് | 250 | 1750 | 31.10.20 വരെ 4250 രൂപയും 1.11.20 മുതൽ 5250 രൂപയും |
| 21 | മിനി | 1258 | 8806 | 6000 രൂപ |
| 22 | ബിന്ദു | 2000 | 14000 | 6000 രൂപ |
| 23 | വിജി | 2500 | 17500 | 6500 രൂപ |
| 27 | ഷഫീറ | 857 | 5999 | 5500 രൂപ |
| 38 | സുലോചന | 500 | 3500 | 4500 രൂപ |
| 45 | ഫിലോമിന | 500 | 3000 ( September മാസം നൽകിയിട്ടില്ല) | 4500 രൂപ |

മേൽ പറഞ്ഞ നിരക്കിൽ തന്നെയാണ് 10/20 മുതൽ അധികവാടക തുക കെട്ടിടഉടമസ്ഥർക്ക് നേരിട്ട് നൽകിയിരിക്കുന്നത്.

ബിൽ നം - 11/20.2.21 പ്രകാരം മാർച്ച് 2020 മുതൽ സെപ്റ്റമ്പർ 2020 വരെയുള്ള അധികവാടക 14അങ്കണവാടി വർക്കർമാരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ഇതിൽ ബിൽ നം - 6/20.10.20 പ്രകാരം അധികവാടക നൽകിയ 8 അങ്കണവാടികളുടെ വാടകയിനത്തിൽ വീണ്ടും ഓരോ മാസവും 1000 രൂപ വീതം നൽകിയതായി കാണുന്നു.

| അങ്കണവാടി നം | അങ്കണവാടി വർക്കർ | പ്രതിമാസ അധികവാടക | 3/20 – 9/20 വരെയുള്ള അധികവാടക |
|---|---|---|---|
| 10 | യാസിറ | 1000 | 7000 |
| 18 | മേരി വിൻസന്റ് | 1000 | 7000 |
| 21 | മിനി | 1000 | 7000 |
| 22 | ബിന്ദു | 1000 | 7000 |
| 23 | വിജി | 1000 | 7000 |
| 27 | ഷഫീറ | 1000 | 7000 |
| 38 | സുലോചന | 1000 | 7000 |
| 45 | അൽഫോൺസ | 1000 | 6000 ( September മാസം നൽകിയിട്ടില്ല) |
| ആകെ | | | 55000 |

കെട്ടിട ഉടമയിൽ നിന്നും എല്ലാമാസവും ആകെ വാടക തുക കൈപ്പറ്റി എന്ന് രേഖപ്പെടുത്തിയ രസീതി മാത്രമാണ് വാങ്ങിയിട്ടുള്ളത്.

അധികവാടകയിനത്തിൽ വീണ്ടും 55000 രൂപ 8 അങ്കണവാടി വർക്കർമാരുടെ അക്കൗണ്ടിലേക്ക് നൽകിയതിന് ഓഡിറ്റ് എൻക്വയറി -15/11.8.22 മുഖേന വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 55000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 മുൻകൂർ തുക നൽകിയിട്ടും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും (112/21) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 85149 (M.G- N.R) |
| ചെലവ്- | 63240 |
| ബിൽ നമ്പർ | 1/16.4.20 |

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പദ്ധതി പ്രകാരം ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 1 KV യു.പി.എസ് എന്നിവയ്ക്കായി 63240/- രൂപ മുൻകൂറായി കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ ഉപകരണങ്ങൾ ലഭ്യമായതിന്റെ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്ക്, അസറ്റ് രജിസ്റ്ററുകളിലും 2020-21 കാലയളവിൽ രേഖപ്പെടുത്തലുകളില്ല. ഉപകരണങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ ടാക്സ് ഇൻവോയ്സ്, ഒറിജിനൽ ചലാൻ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/11.8.22) നൽകിയെങ്കിലും മറുപടി ലഭ്യമായില്ല.

കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമായിട്ടുണ്ടെങ്കിൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഉപകരണങ്ങൾ ലഭ്യമായിട്ടില്ലെങ്കിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് മുൻകൂർ തുക തിരികെ വാങ്ങേണ്ടതുമാണ്. ഉപകരണങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 63240/- രൂപ തടസ്സപ്പെടുത്തുന്നു.

1-31 അംഗപരിമിതർക്കുള്ള സഹായഉപകരണം- നടപടിക്രമങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രൊജക്ട് | അംഗപരിമിതർക്കുള്ള സഹായഉപകരണം-100/21 |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 500000 (പ്ലാൻ-ജനറൽ) |
| ചെലവ്- | 499835 |
| ബിൽ നമ്പർ | 2/16.4.20 |

പദ്ധതി പ്രകാരം നഗരസഭയിലെ 38 അംഗപരിമിതരായ ഗുണഭോക്താക്കൾക്ക് വിവിധ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. വികലാംഗ ക്ഷേമകോർപ്പറേഷനിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. 2020 മാർച്ച് മാസത്തിൽ വിതരണം ചെയ്ത ഉപകരണങ്ങളുടെ വിലയാണ് 4/20 ന് പദ്ധതി ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്.

14.02.2018-ലെ സ.ഉ.(കൈ)നം.22/2018/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.2 ൽ ശാരീരികമാനസികവെല്ലുവിളി നേരിടുന്നവർക്ക് സൗജന്യമായി നൽകാവുന്ന ചലന/ തെറാപ്പെറ്റിക് ഉപകരണങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മാർഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങളിൽ ഉൾപ്പെടാത്ത എയർബെഡ്, തെറാപ്പി ബോൾ, തെറാപ്പി മാറ്റ് എന്നിവയും നഗരസഭ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗരേഖ ഖണ്ഡിക 7.1.3 പ്രകാരം താലൂക്ക് /ജില്ലാ ആശുപത്രികളിലെ വിദഗ്ദരായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സംഘം ഗുണഭോക്താക്കളെ പരിശോധിച്ച് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കേണ്ടതാണ്. ഏതെങ്കിലും സ്ഥാപനത്തെയോ ഏജൻസിയെയോ മെഡിക്കൽ ക്യാമ്പ്

നടത്തുവാൻ ഏൽപ്പിക്കാവുന്നതല്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഇപ്രകാരം താലൂക്ക്/ജില്ലാ ഹോസ്പിറ്റലുകളിലെ ഡോക്ടർമാർ പരിശോധിച്ച് ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ചതായി കാണുന്നില്ല. (ഓഡിറ്റ് എൻക്വയറി - 24/12.8.22 ന് മറുപടി ലഭിച്ചില്ല)

ഭാവിയിൽ ഉപകരണങ്ങളുടെ ലിസ്റ്റ് മാർഗരേഖയിലെ നടപടിക്രമങ്ങൾ പാലിച്ച് വിദഗ്ദ ഡോക്ടർമാർ പരിശോധിച്ച് തയ്യാറാക്കേണ്ടതും സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമായ ഇനങ്ങൾ മാത്രം വിതരണം ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-32 അങ്കണവാടികൾക്ക് പോഷകാഹാരം - സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് | അങ്കണവാടികൾക്ക് പോഷകാഹാരം (23/21) |
| നിർവഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 30,00,000(പ്ലാൻ)<br>1500000(കേന്ദ്രഫണ്ട്) |
| ചെലവ്- | 3000000 (പ്ലാൻ)<br>1495071 (കേന്ദ്രഫണ്ട്) |

അനുപൂരക പോഷകാഹാര വിതരണത്തിനായി വാങ്ങുന്ന സാധനങ്ങൾ കൃത്യമായി സ്റ്റോക്കിലെടുക്കുകയോ അതനുസരിച്ച് വിതരണം നടത്തുകയോ ചെയ്യുന്നില്ല. അങ്കണവാടി വർക്കർമാർ ഒപ്പിട്ടു നൽകിയ റിക്വർമെന്റ് സ്റ്റേറ്റ്മെന്റ് മാത്രമാണ് സ്റ്റോക് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്. ലഭ്യമായ ഭക്ഷ്യധാന്യങ്ങളുടെ വിവരം, ഇൻവോയ്സ് നം., കൈപ്പറ്റിയ തിയതി തുടങ്ങിയ വിവരങ്ങളൊന്നും സ്റ്റോക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. ബിൽ പ്രകാരം ഉള്ള സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

താഴെ പറയുന്ന ബില്ലുകൾ പ്രകാരം വാങ്ങിയ ഇനങ്ങളുടെ റിക്വർമെന്റ് സ്റ്റേറ്റ്മെന്റ് വിതരണസ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.സ്റ്റോക് രജിസ്റ്ററിലും ഇവയുടെ വിവരങ്ങൾ ചേർത്തിട്ടില്ല.

1. ബിൽ നം - 6.7.20 - 500192/- പ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ അമൃതം ഫുഡ് സപ്ലിമെന്റിന്റെ വിലയാണ് നൽകിയത്. ഇതിൽ മെയ് മാസത്തെ (ഇൻവോയ്സ് നം - 172/19.5.20) പ്രകാരമുള്ള 2235 Kg അമൃതം മിക്സിന്റെ വിലയും - 166507 രൂപ – ഉൾപ്പെടുന്നു.

എന്നാൽ പ്രസ്തുത 2235 Kg അമൃതം മിക്സിന്റെ വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. സ്റ്റോക് രജിസ്റ്ററിലും വിവരങ്ങൾ ചേർത്തിട്ടില്ല.

2. ബിൽ നമ്പർ 5/29.10.20 പ്രകാരം 532222രൂപ നൽകിയതിൽ സപ്റ്റംബർ മാസത്തെ 3000 Kg THRS ന്റെ വിലയായ223500 രൂപയും ഉൾപ്പെടുന്നു.-( ഇൻവോയ്സ് നം - 211/ തിയതി ഇല്ല )- ഇതിന്റെ , റിക്വർമെന്റ് സ്റ്റേറ്റ്മെന്റ്, വിതരണസ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല. പ്രസ്തുത പർച്ചേസിന്റെ വിവരം സ്റ്റോക് രജിസ്റ്ററിലും ചേർത്തിട്ടില്ല.

സ്റ്റോക് /വിതരണരേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുകയായ 390007രൂപ ( 166507 +223500) തടസ്സപ്പെടുത്തുന്നു.

1-33 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല- 777736/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് വർഷത്തിൽ കേരള സംസ്ഥാന വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക നൽകിയെങ്കിലും തുക ബാക്കി ചെലവഴിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

| പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നമ്പർ | മുൻകൂർ നൽകിയ തുക |
|---|---|---|
| പകൽ വീട് ഇലക്ട്രിഫിക്കേഷൻ -വാർഡ് -12 85/20-21 | : 20111347000300217024 Dtd. 12/05/2020 | 2671 |
| പോസ്റ്റ് ഷിഫ്റ്റിംഗ് 144/20-21 | 20111347000300217025 Dtd. 22/05/2020 | 12,657 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -18 26/20-21 | 20111347000300217022 Dtd. 31/05/2020 | 11,799 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -13 52/20-21 | 20111347000300217021 Dtd. 31/05/2020 | 21,174 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -30 63/20-21 | 20111347000300217020 Dtd. 31/05/2020 | 25,511 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -2 71/20-21 | 20111347000300217019 Dtd. 31/05/2020 | 23,218 |
| സ്ട്രീറ്റ് ലൈൻ ഷിഫ്റ്റിംഗ് -വാർഡ് -38 98/20-21 | 20111347000300217019 Dtd. 31/05/2020 | 1,83,000 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വാർഡ് -20 78/20-21 | 20111347000300217019 Dtd. 31/05/2020 | 1,96,682 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -30 86/20-21 | 20111347000300217019 Dtd. 31/05/2020 | 1,28,476 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വാർഡ് -31 87/20-21 | 20111347000300217019 Dtd. 31/05/2020 | 51,011 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -10 11/20-21 | 20111347000300217019 Dtd. 31/05/2020 | 47,126 |
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -11 12/20-21 | 20111347000300217019 Dtd. 31/05/2020 | 4,335 |
| സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വാർഡ് -26 100/20-21 | 20111347000300217019 Dtd. 31/05/2020 | 35,919 |

| | | |
|---|---|---|
| പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -37 109/20-21 | 20111347000300217019 Dtd. 31/05/2020 | 34,157 |
| ആകെ | | 7,77,736/- |

2020-21 വർഷം നഗരസഭ വിവിധപ്രൊജക്ടുകൾ മുഖേന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 7,77,736/- യ്ക്ക് വിനിയോഗസർട്ടിഫിക്കറ്റുകൾ ലഭ്യമായിട്ടില്ല. ആയതിനാൽ മേൽപ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രമോ, വിനിയോഗസാക്ഷ്യപത്രമോ ലഭിക്കുന്നതു വരെ മേൽസ്ഥാപനങ്ങളിൽ നിക്ഷേപിച്ച ആകെ തുകയായ 7,77,736/-രൂപ തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റിന്റെ മാത്രം അടിസ്ഥാനത്തിൽ ഏജൻസികളുമായി കരാറിൽ ഏർപ്പെടാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്യുന്ന രീതിയാണ് നഗരസഭയിൽ അനുവർത്തിക്കുന്നത്. ഓരോ വർഷവും ഡെപ്പോസിറ്റ് ചെയ്ത തുകയുടെയും, ചെലവായ തുകയുടെയും പ്രവൃത്തികൾ പൂർത്തിയാക്കിയതിന്റെയും വിശദാംശങ്ങൾ നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 1-34 മരാമത്ത് പ്രവൃത്തികൾ- കുഴിച്ചെടുത്ത മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല.

നഗരസഭയിൽ 2020-2021 വർഷം വിവിധ പ്രവൃത്തികളിൽ " Earth Work Excavation By Mechanical Means......" എന്ന പ്രവൃത്തിയിൽ മണ്ണ് കുഴിച്ചെടുത്തതായി അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി അതിന്റെ മൂല്യമായി നിശ്ചിത തുക കരാറുകാരന് നല്കിയിട്ടുണ്ട്. എന്നാൽ ഈ കുഴിച്ചെടുത്ത മണ്ണ് എന്തുചെയ്തു എന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിക്കാൻ പറ്റാത്തതായി രേഖപ്പെടുത്തുകയോ, കുഴിച്ചെടുത്ത മണ്ണിന്റെ അളവ് ഇതേ പ്രവൃത്തികളിൽ "Filling With Departmental Soil ....... " എന്ന ഇനത്തിൽ കുറവ് ചെയ്തതായോ ബന്ധപ്പെട്ട അളവുപുസ്തകങ്ങളിൽ രേഖപ്പെടുത്തി കാണുന്നില്ല. ഈ സാഹചര്യത്തിൽ കുഴിച്ചെടുത്ത മണ്ണ് എന്തിന് ഉപയോഗിച്ചു എന്ന് വിശദീകരിക്കേണ്ടതാണ് എന്ന് ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (34/20-21, തീയതി.15/08/2021) നല്കിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രവൃത്തിയുടെ പേര്/ പ്രൊ.നമ്പർ/ അടങ്കൽ | കരാർ തുക | കോൺട്രാക്ടറുടെ പേര് | അളവ് പുസ്തക നമ്പർ | കുഴിച്ചെടുത്ത മണ്ണിന്റെ അളവ് /നിരക്ക് | ഈ ഇനത്തിന് നല്കിയ തുക | ആകെ ചെലവ് | ചെലവ് വിവരം |
|---|---|---|---|---|---|---|---|
| ചപ്പാത്ത് നിർമ്മാണം- പുതുശ്ശേരി മല- വട്ടപ്പുറത്ത് റോഡ് Pro.No.114/21 4,99,00 | 4,45,495/- | ശ്രീ.ഹരി പി.കെ. 25/19-20 24/01/2020 | 128/19-20 Page No. 4 | 67.953 M3 @ 243.91/m3 | 16,574/- | 4,98,914/ | ട്രഷറി ബിൽ നമ്പർ: 258/20-21 തീയതി 11/11/2020 |
| ചപ്പാത്ത് നിർമ്മാണം- വയനക്കോട് അമ്പലം റോഡ് ബൈലൈൻ- അമ്പലം റോഡ് Pro.No.045/21 13,49,000/- | 13,49,000/- | ശ്രീ. അഷ്റഫ് പി.വി. 45/2019-20 Dtd. 22.11.2019 | 89/19-20 | 65.40m3 @ 250/m3 | 16,350/- | 5,34,367/- (Ist Part Bill) | ട്രഷറി ബിൽ നമ്പർ: 347/20-21 തീയതി 06.03.2021 |
| കൈപ്പടമുഗൾ- കരിപ്പാശ്ശേരി റോഡ് റീടാറിംഗ്, സൈഡ് കോൺക്രീറ്റിംഗ് Pro.No.020/21 10,50,000/- | 9,57,500 | ശ്രീ. സജീർ പി.എസ്. 22/19-20 തീയതി: 11/11/2019 | 28/19-20 | 20.88 M3 @ 232.78/m3 | 4860/- | 9,35,782/- | ട്രഷറി ബിൽ നമ്പർ: 247/20-21 തീയതി 04.02.2021 |
| തച്ചംവേലി മല റോഡ് സംരക്ഷണ | 11,71,305 | ശ്രീ. അലി പി.കെ 02/2019-20 | 54/18-19 Page. 1 & 11 | 98.05 M3 X 200/m3= | 19610/- | 11,45,350/- | ചെക്ക് നമ്പർ: 754307 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭിത്തി വാർഡ് - 18 Pro.No.163/21 15,00,000/- | | Dtd. 19.08.2019 | | | | | തീയതി 30.03.2021 |
| അരീക്കാവ് ചിറ- സൈഡ് ഫില്ലിംഗ്& കട്ട വിരിക്കൽ വാർഡ് -15 Pro. No. 046/21 14,80,000/- | 13,16,993/- | ശ്രീ. അനീഷ് സി.പി. 15/2019-20 Dtd. 08.11.2019 | 175/19-20 Page. 1 & 20 | 26.49 M3 X 243.42/m3= | 6448/- | Ist Part Bill 898613/- IInd & Final Bill 4,17,638/- | ട്രഷറി ബിൽ നം. 255/20-21 തീയതി 11.11.2020 267/20-21 തീയതി 24/11/2020 |

മരാമത്ത് പ്രവൃത്തികളിൽ നീക്കം ചെയ്ത മണ്ണ് ഉൾപ്പെടെയുള്ള സാമഗ്രികൾ എപ്രകാരം ഉപയോഗിച്ചു എന്നും, ഉപയോഗയോഗ്യമല്ലെങ്കിൽ ആ വിവരവും, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ഉപയോഗയോഗ്യമായ മണ്ണ് പുനരുപയോഗിച്ചില്ലെങ്കിൽ കുഴിച്ചെടുത്ത മണ്ണിന്റെ വില ആകെ പ്രവൃത്തി മൂല്യത്തിൽ നിന്ന് കുറയ്ക്കേണ്ടതുമാണ്.

1-35 12.33 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പകൽവീട് ഉപയോഗിക്കാതെ നിഷ്ക്രിയമായിക്കിടക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പകൽവീട് നിർമ്മാണം വാർഡ് -9 |
| പ്രൊ.നമ്പർ | എസ് 057/20, എസ് 146/21 ( SO) |
| അടങ്കൽ തുക | 14,50,000/- |
| കരാർ തുക | 11,99,854/-+ 12% GST |
| കോൺട്രാക്ടറുടെ പേര് | ശ്രീ. കെ.എം.സെയ്തു മുഹമ്മദ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 47/2019-20 Dtd. 28/11/2019 |
| ആകെ ചെലവ് | 12,32,833/- (ബിൽ നം. 104/20-21തീയതി 17.04.2020) |

കളമശ്ശേരി നഗരസഭയിൽ വാർഡ് 9-ൽ 2019-2020 വാർഷികപദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭിച്ച പകൽവീട് നിർമ്മാണം എന്ന പ്രവർത്തിക്ക് (AS No. 12513/ 20/08/2019) 14,50,000/- രൂപ അടങ്കൽ നിർണ്ണയിച്ച് 07/09/2019 ൽ ടെൻഡർ ചെയ്തതിൻപ്രകാരം 3 കരാറുകാർ ടെൻഡർ സമർപ്പിക്കുകയും, അതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. കെ.എം.സെയ്തു മുഹമ്മദ് എന്നയാളുടെ 11,99,854/- രൂപയുടെ ടെൻഡർ അംഗീകരിച്ച് തീരുമാനിച്ചു. (എഗ്രിമെന്റ് നം. 47/19-20 തീയതി. 28/11/2019 )

28/11/2019 ൽ വർക്ക് ഓർഡർ നല്കിയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ എഗ്രിമെന്റ് നം. 47/19-20 തീയതി. 28/11/2019 പ്രകാരം കരാർ വെച്ച് സൈറ്റ് ഏറ്റെടുത്തു. എന്നാൽ 02/12/2019ലെ സൈറ്റ് പരിശോധനയിൽ നിർദ്ദിഷ്ട സ്ഥലം റോഡ് നിരപ്പിനേക്കാൾ വളരെ താഴ്ന്ന് കിടക്കുന്നതിനാൽ വെള്ളക്കെട്ട് ഭീഷണിയുള്ളതിനാൽ കെട്ടിടത്തിന്റെ Basement ഉയർത്തേണ്ടി വരുമെന്ന് ഓവർസീയർ റിപ്പോർട്ട് ചെയ്യുകയും, അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് തീരുമാനിക്കുകയും ചെയ്തു. 19/03/2020ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടങ്കൽ തുക അധികരിക്കാതെ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 20/03/2020ൽ അംഗീകരിച്ചു. ആദ്യഎഗ്രിമെന്റ് പ്രകാരം 31/03/2020- ൽ പൂർത്തീകരിക്കേണ്ടതായ ഈ പ്രവൃത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവന്നതിനാൽ 23/03/2020ൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചു. അളവുപുസ്തകം നം. 180/19-20,181 /19-20 എന്നിവയിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രകാരം ഈ പ്രവൃത്തി 26/03/2020- ൽ പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കി, 11,00,744/- രൂപയുടെ ആകെ പ്രവൃത്തിമൂല്യത്തിൽ കരാറുകാരന് തുക നല്കിയിട്ടുണ്ട്.

തുക നല്കിയതിന്റെ വിശദാംശങ്ങൾ:

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 11,00,744 |
| കൂട്ടുക: 12% GST | 1,32,089 |

| | |
|---|---|
| ആകെ | 12,32,833 |
| കുറയ്ക്കുക: IT-1% | 12,328 |
| WWF-1% | 12,328 |
| SGST-1% | 12,328 |
| CGST-1% | 12,328 |
| Cess- .01% | 123 |
| ആകെ കരാറുകാരന് നല്കിയത് | 11,83,396/- |

ഈ പ്രൊജക്ടിനെ സംബന്ധിച്ച് താഴെപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) ഈ പ്രവൃത്തി ടെൻഡർ ചെയ്ത് കരാറുകാരൻ എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുത്ത് പ്രവൃത്തി ആരംഭിച്ചതിന് ശേഷമാണ് നിർദ്ദിഷ്ട കെട്ടിടത്തിന്റെ Basement ഉയർത്തി നിർമ്മിച്ചില്ലെങ്കിൽ വെള്ളപ്പൊക്കഭീഷണി ഉണ്ടാവുമെന്ന് ഓവർസീയർ റിപ്പോർട്ട് നല്കുന്നത്. ഇതുപോലെ പ്രധാനപ്പെട്ട ഒരു കെട്ടിടനിർമ്മാണത്തിന് എസ്റ്റിമേറ്റ് ഉണ്ടാക്കുമ്പോൾത്തന്നെ സൈറ്റ് ഇൻസ് പെക്ഷൻ നടത്തി കെട്ടിടത്തിന്റെ ടെക്നിക്കൽ ഫീസിബിലിറ്റി സ്റ്റഡി നടത്തേണ്ടതുണ്ട്. ഇവിടെ അത് യഥാസമയം നടത്താത്തതുകൊണ്ട് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വരികയും, പണി പൂർത്തീകരിക്കാൻ കാലതാമസം നേരിടുകയും ചെയ്തു.

2) 26/03/2020ൽ പണി പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം 06.08.2020ൽ നടത്തിയെങ്കിലും ഓഡിറ്റ് വേളയിൽ ടി സ്ഥലത്ത് പരിശോധന നടത്തിയപ്പോൾ പ്രസ്തുത കെട്ടിടം പ്രൊജക്ടിന്റെ ഉദ്ദേശ്യമായ വയോജനങ്ങൾക്ക് പകൽസമയത്ത് ഒരു വിശ്രമകേന്ദ്രം എന്ന ലക്ഷ്യം കൈവരിക്കാതെ അടഞ്ഞുകിടക്കുന്നതാണ് കാണാൻ സാധിച്ചത്. ടി കെട്ടിടത്തിൽ അടുക്കള, ടോയ്‌ലറ്റ് ,കിണർ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെങ്കിലും, നാളിതുവരെ തുറന്ന് പ്രവർത്തിക്കാത്തതിനാൽ കെട്ടിടം നിഷ്ക്രിയ ആസ്തിയായി കിടക്കുകയാണ്.

3) വയോജനങ്ങൾക്ക് പകൽനേരത്ത് വിശ്രമകേന്ദ്രം എന്നതാണ് പ്രൊജക്ടിന്റെ ലക്ഷ്യം എന്ന് പറയുന്നുണ്ടെങ്കിലും വൃദ്ധർക്ക് കെട്ടിടത്തിലേക്ക് പ്രവേശിക്കുവാനുള്ള മെയിൻറോഡിൽ നിന്ന് കെട്ടിടത്തിലേക്കുള്ള നടപ്പുവഴി ശരിയായി തയ്യാറാക്കിയിട്ടില്ല.

4) ഈ പകൽവീടിനടുത്ത് "ഇലഞ്ഞിക്കൽ പോണ്ട് "എന്ന നഗരസഭയുടെ അധീനതയിലുള്ള ഒരു ജലസ്രോതസ്സ് കെട്ടി സംരക്ഷിച്ച് കൈവരികൾ സ്ഥാപിച്ച് പുനരുദ്ധരിച്ചിട്ടുണ്ടെങ്കിലും, ഈ കുളം പായൽ പിടിച്ച് അനാഥാവസ്ഥയിൽ കിടക്കുകയാണ്. ഈ കുളം വൃത്തിയാക്കി, ചുറ്റും നടപ്പാത നിർമ്മിച്ച് പരിപാലിക്കുകയും, പകൽവീട്ടിലേക്ക് പ്രവേശിക്കാവുന്ന നടവഴി വൃത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ട് ഇതുവരെ ഉപയോഗിക്കാതെക്കിടക്കുന്ന പകൽവീട് തുറന്ന് പ്രവർത്തിപ്പിക്കുകയും ചെയ്താൽ മാത്രമേ 12.32 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിരിക്കുന്ന നഗരസഭയുടെ ഈ ആസ്തി പ്രയോജനപ്രദമാകുകയുള്ളൂ എന്നത് നഗരസഭ കൗൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-36 സ്കൂൾ ടോയ്‌ലെറ്റ് പരിസരം വൃത്തിയാക്കൽ- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.ഒ 231/20-21, & 99/20-21<br>സ്കൂൾ ടോയ്‌ലെറ്റ് പരിസരം വൃത്തിയാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, GHSS Kalamassery. |
| പദ്ധതി അടങ്കൽ | 2,00,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവഴിച്ച തുക | 1,00,000/-(ബിൽ നം 368/12.02.21-80,000/- & 455/19.03.21-20,000/-) |

സ്കൂളിന്റെ ടോയ്‌ലെറ്റും പരിസരവും വൃത്തിയാക്കുന്നതിന് വേതനം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. 2020 മെയ് മാസം മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിൽ എല്ലാ പ്രവൃത്തി

ദിവസങ്ങളിലും ജോലി ചെയ്തതിന്റെ മസ്റ്റർ റോൾ അനുസരിച്ച് ശ്രീമതി.വിനി ബിജു പേർക്കാണ് ചെലവ് തുക കൈമാറിയിട്ടുള്ളത്. ഇത്തരത്തിൽ വേതനം നൽകുന്നതിനുള്ള പദ്ധതികൾക്ക് സർക്കാർ നിയന്ത്രണങ്ങളുണ്ട്. തദ്ദേശ സ്ഥാപനങ്ങളിലെ ടെക്നിക്കൽ അസിസ്റ്റന്റ് , ബഡ്സ് സ്കൂൾ അദ്ധ്യാപകർ, ആശുപത്രികളിലെ പാരാമെഡിക്കൽ ജീവനക്കാർ തുടങ്ങി പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളവർക്കുള്ള വേതനം നൽകുന്നതിനുള്ള പ്രോജക്ടുകളേ ഏറ്റെടുക്കാവൂ എന്നിരിക്കെ ഇത്തരം പ്രോജക്ടുകൾ നടപ്പാക്കിയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മാർച്ച് 2020 മുതൽ കോവിഡ് നിയന്ത്രണം മൂലം സ്കൂളുകൾ അടഞ്ഞുകിടക്കുകയായിരുന്നു. എന്നിട്ടും 2020-21 സാമ്പത്തിക വർഷം മെയ് മാസം മുതൽ ഇത്തരം ജോലി ചെയ്തതിന് വേതനം നൽകിയതായി കാണുന്നു. ഈ പദ്ധതി മുൻവർഷവും നടത്തിയതിന്റെ തുക 99/21 നം പദ്ധതിപ്രകാരവും നൽകിയിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 07/10.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-37 പ്രിൻസിപ്പാൾ ഗവ ഹയർസെക്കണ്ടറി സ്കൂൾ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ.

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.ഒ 230/20-21, ഹയർ സെക്കണ്ടറി സ്കൂളിന് കമ്പ്യൂട്ടർ, ഫർണ്ണീച്ചർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, GHSS Kalamassery. |
| പദ്ധതി അടങ്കൽ | 5,00,000/- (മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) |
| ചെലവഴിച്ച തുക | 4,82,497/- (ബിൽ നം 490/25.03.21-3,32,838/- & 527/27.03.21-1,49,659/-) |

കളമശ്ശേരി ഗവ.ഹയർസെക്കണ്ടറി സ്കൂളിലേക്ക് കമ്പ്യൂട്ടറുകളും ഫർണ്ണീച്ചറുകളും വാങ്ങുന്നതിനായുള്ള മേൽ പദ്ധതി പ്രകാരം കെൽട്രോണിൽ നിന്നും 30,258/-രൂപ നിരക്കിൽ 11 ഉബുണ്ടു അധിഷ്ഠിത ഡെസ്ക് ടോപ് കമ്പ്യൂട്ടറുകളും,, സിഡ്കോയിൽ നിന്നും 23 സ്റ്റീൽ മേശയും കുഷ്യനോടുകൂടിയ സ്റ്റീൽ കസേരയും വാങ്ങിയിട്ടുണ്ട്.

2.

| | | |
|---|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.ഒ 227/20-21,ഹയർസെക്കണ്ടറി സ്കൂളിന്റെ പുതിയ ബ്ലോക്കിന് അടിസ്ഥാന സൗകര്യങ്ങൾ. | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രിൻസിപ്പാൾ, GHSS Kalamassery. | |
| പദ്ധതി അടങ്കൽ | 15,00,000/-(മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ്) | |
| ചെലവഴിച്ച തുക | ബിൽ നം 419/05.03.2021 | 40,134 |
| | ബിൽ നം 418/05.03.2021 | 7,56,450 |
| | ബിൽ നം 513/26.03.2021 | 4,99,869 |
| | 4ബിൽ നം 543/29.03.2021 | 1,68,000 |
| | ആകെ | 14,64,453 |

മേൽ പദ്ധതി പ്രകാരം 40,134/-രൂപ നിരക്കിൽ 1 Windows 10 Desk Top കമ്പ്യൂട്ടർ, 30,258/-രൂപ നിരക്കിൽ 25 ഉബുണ്ടു അധിഷ്ഠിത Desk Top കമ്പ്യൂട്ടറുകൾ എന്നിവ കെൽട്രോണിൽ നിന്നും വാങ്ങിയിട്ടുണ്ട്. കൂടാതെ 4,99,869/ രൂപ ചെലവഴിച്ച് കച്ചേരിപ്പടി KSIE യിൽ നിന്നും 53 ഡെസ്കുകളും, 52

ബഞ്ചുകളും, Hycon Indiz Ltd എന്ന സ്ഥാപനത്തിൽ നിന്നും 1,68,000/- രൂപ ചെലവഴിച്ച് ഒരു Online UPS ഉം വാങ്ങിയിട്ടുണ്ട്.

മേൽ പദ്ധതികൾ വഴി കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും, ഇവയുടെ ടാക്സ് ഇൻവോയ്സും, വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 07/10.08.2022 )മറുപടി ലഭ്യമാക്കിയില്ല. സ്റ്റോക്ക് രജിസ്റ്ററും, ആവശ്യപ്പെട്ട മറ്റ് രേഖകളും ഹാജരാക്കുന്നതുവരെ 14,64,453/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-38 തുടർ വിദ്യാഭ്യാസ പദ്ധതി-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 167/20 -21 – തുടർ വിദ്യാഭ്യാസ പദ്ധതി (സമ) പത്താം തരം & ഹയർ സെക്കൻഡറി തുല്യതാ പഠനം |
| നിർവ്വഹണഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, കളമശ്ശേരി നഗരസഭ |
| പദ്ധതി അടങ്കൽ | 1,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക | 62,850/- ട്രഷറി ബിൽ നം 428/12.03.21 & 491/25.03.21) |

പത്താം തരം & ഹയർ സെക്കൻഡറി തുല്യതാ കോഴ്സുകൾക്ക് "സമ" പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബശ്രീ അംഗങ്ങളായ പഠിതാക്കളുടെ ഫീസ് അടവാക്കുന്നതിനായുള്ള പദ്ധതിയാണിത്.

പത്താം തരത്തിന് 13 പേർക്കും, ഹയർ സെക്കൻഡറിക്ക് 21 പേർക്കുമുള്ള ഫീസാണ് അടവാക്കിയിട്ടുള്ളത് പട്ടികജാതി വിഭാഗക്കാർക്ക് കോഴ്സ് ഫീസ് ഒഴിവാക്കിയാണ് തുക അടവാക്കിയിട്ടുള്ളത്.

| ക്ലാസ്സ് | പഠിതാക്കളുടെ എണ്ണം | | | ഫീസ് വിവരം | | ആകെ തുക |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി | ആകെ | ജനറൽ | എസ്.സി | |
| പത്താം തരം | 9 | 4 | 13 | 9X 1850 | 4 X 100 | 17,050/-(100 രൂപ കുറച്ച് 16,950/- രൂപയാണ് അടവാക്കിയത്) |
| ഹയർ സെക്കണ്ടറി | 18 | 3 | 21 | 18X 2500 | 3X 300 | 45,900/- |
| ആകെ | | | | | | 62,850/- |

മേൽ പ്രകാരം 13 പത്താം തരം പഠിതാക്കൾക്കും, 21 ഹയർ സെക്കണ്ടറി പഠിതാക്കൾക്കുമുള്ള ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ ഹയർസെക്കണ്ടറിയിൽ രജിസ്റ്റർ ചെയ്ത ഒരാളുടെ അപേക്ഷയും രജിസ്ട്രേഷൻ വിവരങ്ങളും മാത്രമേ ഫയലിലുള്ളൂ. ബാക്കിയുള്ള എല്ലാ പഠിതാക്കളുടേയും അപേക്ഷകളും, രജിസ്ട്രേഷൻ വിവരങ്ങളും, കോഴ്സ് പൂർത്തിയാക്കിയെങ്കിൽ അതിന്റെ വിവരങ്ങളും ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം.10/10.08.2022) മറുപടി ലഭ്യമാക്കിയില്ല. ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതു വരെ 62,850/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-39 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | എസ്.ഒ. 60/20-21,<br>പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| പദ്ധതി അടങ്കൽ | 1,00,000/-( വികസന ഫണ്ട്-എസ്.സി.പി) |
| ചെലവഴിച്ച തുക | 1,00,000/-( ബിൽ നം 9/20-21/11.04.2020-50,000, & 114/20-21/27.03.2021-50,000/-) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 2019-20 ആരംഭിച്ച പദ്ധതി പ്രകാരമുള്ള ബാലൻസ് തുക നൽകുന്നതിനുള്ള പദ്ധതിയാണിത്. രണ്ട് ഗുണഭോക്താക്കൾക്കായി 1,00,000/-

രൂപയാണ് തൻവർഷത്തെ ചെലവ്. ഇതിന്റെ പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 800 ച.അടി വിസ്തൃതിയിൽ അധികരിക്കാത്ത നിലവിലുള്ള വീടിനോട് ചേർന്ന് പരമാവധി 120 ച.അടി വിസ്തീർണ്ണമുള്ള പഠനമുറി നിർമ്മിക്കുന്നതിനാണ് പരമാവധി 2,00,000/- രൂപ ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ധനസഹായം ലഭിച്ച ഷാജി.പി എന്ന ഗുണഭോക്താവിന്റെ നിലവിലുള്ള 80.73 M2 (868.65 ച.അടി) വിസ്തൃതിയുള്ള വീടിനോട് ചേർന്ന് 50 M2 കൂടി കൂട്ടിച്ചേർക്കുന്നതിനാണ് തുക നൽകിയിട്ടുള്ളത്. മാർഗരേഖ പ്രകാരം അനുവദനീയമായതിലും കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചത്

ഈ ഗുണഭോക്താവിന്റെ പേരിൽ 06.01.2017ൽ നഗരസഭ അനുവദിച്ച ബിൽഡിംഗ് പെർമിറ്റ് പ്രകാരം 130.77 M2 വലിപ്പമുള്ള കെട്ടിടം പണിക്കാണ് അനുമതിയുള്ളത് ( ബി.എ. നം BA2-526/16). കെട്ടിടം ഭാഗികമായി (80.73 M2) പണി പൂർത്തിയാക്കിയതിന് ശേഷം 09.11.2018ൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് വാങ്ങിയതായി കാണുന്നു. ഇപ്പോൾ പഠനമുറിക്കായി പുതിയ പെർമിറ്റ് എടുത്തിട്ടില്ലാത്തതിനാൽ ബാലൻസ് ഭാഗം പണിപൂർത്തിയാക്കുന്നതിനായിട്ടാണ് പഠനമുറിക്ക് സഹായം എന്ന പദ്ധതിയിൽ പ്പെടുത്തി ധനസഹായം നൽകിയിട്ടുള്ളതെന്ന് കാണാവുന്നതാണ്.

എഞ്ചിനിയറിംഗ് വിംഗ് നൽകിയ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ കൂട്ടിച്ചേർത്ത ഭാഗത്തിന്റെ വിസ്തീർണ്ണം എത്രയാണെന്ന് പറയുന്നില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.18/11.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിക്കേണ്ടതും പദ്ധതികൾ നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുവാൻ നിർവ്വഹണഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-40 വിശപ്പ് രഹിതകേരളം-പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 139/20 -21-<br>വിശപ്പ് രഹിത കേരളം – ജനകീയ ഹോട്ടൽ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, കളമശ്ശേരി നഗരസഭ |
| പദ്ധതി അടങ്കൽ | 6,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക | 35,646/- ട്രഷറി ബിൽ നം 473/24.03.21) |

സംസ്ഥാന സർക്കാരിന്റെ വിശപ്പ് രഹിത കേരളം പദ്ധതിയിൽപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ഭക്ഷണം നൽകുന്ന ജനകീയ ഹോട്ടൽ നടത്തുന്നവർക്ക് കെട്ടിട വാടക, വൈദ്യുതി ചാർജ്ജ്, കുടിവെള്ള ചാർജ്ജ് എന്നിവ നൽകുന്നതിനുള്ള പദ്ധതിയാണിത്. നഗരസഭയുടെ കീഴിലുള്ള 2 കുടുംബശ്രീ സി.ഡി.എസ് കളുടെ കീഴിലായി ഓരോ ജനകീയ ഹോട്ടലുകൾ തുടങ്ങിയിട്ടുണ്ട്. ഇവക്കുള്ള മാസവാടക, കറന്റ് , വെള്ള ചാർജ്ജ് എന്നിവ തൻവർഷം നൽകിയിട്ടുണ്ട്. പദ്ധതി ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും (നം.08/10.08.2022) മറുപടി ലഭ്യമാക്കിയില്ല.

1. വെസ്റ്റ് സി.ഡി.എസ്.-ന് കീഴിലുള്ള കിസ്മത്ത് ജനകീയ ഹോട്ടലിന്റെ പ്രതിമാസ വാടക നിശ്ചയിച്ചതിന്റെ വിവരങ്ങളില്ല. 7000/-രൂപ പ്രതിമാസ വാടകയാണ് 32/10841 (PCRA 32) എന്ന നമ്പർ കെട്ടിടത്തിന് നൽകുന്നത്. നഗരസഭയിൽ നിന്നുമുള്ള ലൈസൻസ് രേഖകൾ ഫയലില്ല. കെട്ടിടം വാടകക്ക് എടുത്തതിന്റെ കരാർ രേഖകൾ ഇല്ല. വാടകത്തുക കൈമാറിയിരിക്കുന്നത് ഹോട്ടൽ നടത്തിപ്പുകാരുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ്.

2. ഈസ്റ്റ് സി.ഡി.എസ്.-ന് കീഴിലുള്ള നൻമ ജനകീയ ഹോട്ടലിന്റെ വാടക നിർണ്ണയ സ്റ്റേറ്റ്മെന്റും, ലൈസൻസ് വിവരങ്ങളും ഫയലിലുണ്ട് . എന്നാൽ വാടകകരാർ ഹാജരാക്കിയിട്ടില്ല. 12/384 നമ്പർ

കെട്ടിടത്തിന് 3000/- രൂപയാണ് പ്രതിമാസ വാടകയായി നിശ്ചയിച്ചുകാണുന്നത്. തൻ വർഷം വാടകത്തുക ഇവർക്ക് കൈമാറിയിട്ടില്ല.

കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ഭക്ഷണം നൽകുന്നുണ്ടെന്നതിന് തെളിവായി മതിയായ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. വാടക, കറന്റ് ചാർജ്ജ്, വെള്ളക്കരം തുടങ്ങിയവ സബ്സിഡി ആയി നൽകുന്ന സാഹചര്യത്തിൽ ഇത്തരം ജനകീയ ഹോട്ടലുകൾ ജനങ്ങൾക്ക് ഉപകാരപ്രദമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുതകുന്ന രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതും, പദ്ധതിയുടെ വിശദമായ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്.

1-41 അഗതി രഹിത കേരളം- പദ്ധതി അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം, പേര് | 136/20-21 – അഗതി രഹിത കേരളം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്റ്റ് ഓഫീസർ, കളമശ്ശേരി നഗരസഭ |
| പദ്ധതി അടങ്കൽ | 8,00,000/- (വികസന ഫണ്ട്-ജനറൽ) |
| ചെലവഴിച്ച തുക | 8,00,000/-രൂപ. |

അഗതി രഹിത കേരളം പദ്ധതിയിൽ പെട്ട ഗുണഭോക്താക്കൾക്ക് പോഷകാഹാരക്കിറ്റ് വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ആകെ 234 അഗതി കുടുംബങ്ങളിൽ ഒരംഗം ഉള്ള കുടുംബത്തിന് 500/-, രണ്ടംഗങ്ങളുള്ളവർക്ക് 700/- മൂന്നോ അതിൽ കൂടുതൽ അംഗങ്ങളുള്ള കുടുബങ്ങൾക്ക് 900/-രൂപ എന്നീ നിരക്കിലുള്ള പോഷകാഹാരക്കിറ്റുകൾ വിതരണം ചെയ്യുന്നതിനായി 8,00,000/- രൂപയാണ് തൻവർഷം വകയിരുത്തിയിട്ടുള്ളത്. താഴെ പറയും പ്രകാരം മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നം, , തീയതി | തുക | വിതരണം ചെയ്ത മാസം |
|---|---|---|
| 181/22.06.20200 | 1,41,003 | ആഗസ്റ്റ് 2020 |
| 193/08.10.2020 | 1,42,541 | സെപ്തംബർ 2020 |
| 230/03.11.2020 | 1,46,971 | ഒക്ടോബർ 2020 |
| 420/06.03.2021 | 1,45,700 | ജനുവരി 2021 |
| ---"--- | 1,45,700 | ഫെബ്രുവരി 2021 |
| 460/20.03.2021 | 78,085 | മാർച്ച് 2021 ( 1,45,699/-രൂപയിൽ ഫണ്ടില്ലാത്തതിനാൽ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ചത്) |
| ആകെ | 8,00,000 | |

പോഷകാഹാര കിറ്റുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ഫയലില്ല. അഗതി കുടംബങ്ങളുടെ വിവരങ്ങളും, അവരുടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ വിവരങ്ങളും (വീടിന്റെ അവസ്ഥ, ടോയ്‌ലെറ്റ് സൗകര്യം, കുടിവെള്ളം, വൈദ്യുതി, മരുന്ന് ലഭ്യത) ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.09/10.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വകയിരുത്തിയ മുഴുവൻ തുകയും പോഷകാഹാര കിറ്റ് വിതരണത്തിനായി ഉപയോഗിച്ച സാഹചര്യത്തിൽ ചികിൽസ, വിദ്യാഭ്യാസ സഹായം തുടങ്ങിയ ആവശ്യങ്ങളൊന്നും നിറവേറ്റിയതായി കാണുന്നില്ല. വിതരണരേഖകൾ ഹാജരാക്കുന്നതു വരെ 8,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അഗതികൾ ഇല്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റുക എന്ന ലക്ഷ്യസാക്ഷാൽക്കാരത്തിനായി ആത്മാർത്ഥമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്. ഇക്കാര്യത്തിലേക്ക് നഗരസഭാ അധികാരികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-42 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ, പേര് | 278/21,<br>സർക്കാർ നിർദേശിക്കുന്ന മറ്റ് അടിയന്തിര പ്രോജക്ടുകൾ |
| നിർവഹണഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| അടങ്കൽ | 4,00,000/- (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ) |
| ചെലവ് | 17,419/- |
| ട്രഷറി ബിൽ നമ്പർ | 1/20-21 തീയതി - 21-10-20 |

2020-21 വർഷം മരുന്ന് ലഭ്യമാക്കുന്നതിന് ആകെ 17,419/- രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് 21-10-20 ന് കൈമാറിയെങ്കിലും ഇതുവരെ 11,079/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്.(ഇൻവോയ്സ് നം. LF-3453 തീ 7-7-21, 2,697/- രൂപ; ഇൻവോയ്സ് നം LF-1706 തീ 6-5-22, 8,382/-രൂപ). 6,340/- രൂപയുടെ മരുന്ന് ലഭ്യമാകാത്തതിന് വിശദീകരണം നൽകേണ്ടതും ലഭ്യമായ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുമാണ് എന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 16-8-22 ലെ ഓഡിറ്റ് എൻക്വയറി നം.37ന് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമായ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതും ഇനിയും ലഭിക്കാനുള്ള 6,340/- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ അറിയിക്കുന്നതുവരെ 6,340/- രൂപ ഓഡിറ്റ് തടസത്തിൽ വെയ്ക്കുകയും ചെയ്യുന്നു.

1-43 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ |
| പദ്ധതി നം. | 283/21 |
| പദ്ധതി | സുഭിക്ഷകേരളം |
| അടങ്കൽ | 2432000/-വികസന ഫണ്ട്-ജനറൽ |
| ചെലവ് | 1713847/- |
| ബിൽ നം | 5/20-21, 14-10-20, ₹360865/-<br>7/20-21, 14-10-20, ₹209405/-<br>10/20-21, 23-3-21, ₹600/-<br>11/20-21, 23-3-21, ₹30568/-<br>12/20-21, 23-3-21, ₹34580/-<br>14/20-21, 23-3-21, ₹10000/-<br>15/20-21, 23-3-21, ₹20377/-<br>16/20-21, 23-3-21, ₹1000/-<br>18/20-21, 23-3-21, ₹40000/-<br>19/20-21, 23-3-21, ₹52964/-<br>20/20-21, 23-3-21, ₹4000/-<br>21/20-21, 23-3-21, ₹3842/- |

| | |
|---|---|
| | 22/20-21, 28-3-21, ₹8231/- |
| | 23/20-21, 28-3-21, ₹200000/- |
| | 24/20-21, 28-3-21, ₹60000/- |
| | 27/20-21, 28-3-21, ₹4000/- |
| | 28/20-21, 28-3-21, ₹641625/- |
| | 30/20-21, 28-3-21, ₹4500/- |
| | 31/20-21, 28-3-21, ₹4940/- |
| | 32/20-21, 28-3-21, ₹22350/- |

1. മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് മൺചട്ടിയിൽ പച്ചക്കറി കൃഷി നടത്തിപ്പിനായി അഗ്രോ സർവീസ് സെന്ററിൽ നിന്ന് 193 യൂണിറ്റ് വാങ്ങിയതിന് 1,450/- നിരക്കിൽ 2,79,850/-രൂപയുടെ ബില്ലും റെയ്ഡ്കോ കേരള ലിമിറ്റഡിന് 981 യൂണിറ്റ് വാങ്ങിയതിന് 1,450/- നിരക്കിൽ 14,22,450/-രൂപയുടെ ബില്ലുമാണ് ഫയലിനോടോപ്പം ഹാജരാക്കിയത്. എന്നാൽ ഗുണഭോക്തൃവിഹിതം 25% കുറച്ചുള്ള തുകയായി അഗ്രോ സർവീസ് സെന്ററിന് 2,09,405/ രൂപയും റെയ്ഡ്കോ കേരള ലിമിറ്റഡിന് 6,41,625/-രൂപയും നൽകിയതിന്റെ ട്രഷറി ബിൽ വിവരങ്ങൾ ആണ് ഹാജരാക്കിയിട്ടുള്ളത്. വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയ യുണിറ്റുകളുടെ എണ്ണവും (896) വാങ്ങിയ യുണിറ്റുകളുടെ എണ്ണവും (1174) പൊരുത്തപ്പെടുന്നില്ല. റെയ്ഡ്കോ കേരള ലിമിറ്റഡിന് ബാക്കി തുക നൽകിയിട്ടുണ്ടെങ്കിൽ ആ ബിൽ വിശദാംശങ്ങളും ഗുണഭോക്തൃവിഹിതം ഈ സ്ഥാപനങ്ങൾക്ക് നൽകിയ ബിൽ വിവരങ്ങളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

2. മേൽ പദ്ധതിയമായി ബന്ധപ്പെട്ട് തരിശ് കൃഷി വികസനത്തിനായി തരിശ് കൃഷി ചെയ്ത ഗുണഭോക്താക്കൾക്ക് ആകെ 1,50,002/-രൂപ (ബിൽ നം 10/20-21, 19/20-21, 20/20-21, 11/20-21, 12/20-21, 31/20-21, 32/20-21) നൽകിയതായി കാണുന്നു. എന്നാൽ ഓരോ ഗുണഭോക്താക്കളുടേയും അപേക്ഷയും അനുവദനീയമായ തുക കണക്കാക്കുന്നതിനുള്ള അനുബന്ധരേഖകളും ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ12-8-22 ലെ ഓഡിറ്റ് എൻക്വയറി നം. 27ന് മറുപടി ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ സഹിതം വിശദീകരണം നൽകുന്നതുവരെ ചെലവ് തുകയായ 10,01,032/- രൂപ (2,09,405 + 6,41,625 + 1,50,002) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-44 പി.എം.എ.വൈ ഭവന പദ്ധതി-ഭവനനിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം

2022 വർഷത്തിനകം എല്ലാവർക്കും ഭവനം ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ 2015-ൽ ആരംഭിച്ച കേന്ദ്ര സർക്കാർ പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (PMAY). കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, നഗരസഭ എന്നിവയുടെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തിയാണ് ഭവന നിർമ്മാണത്തിനുള്ള ഫണ്ടുകൾ കണ്ടെത്തുവാൻ നിശ്ചയിച്ചിരുന്നത്. നിലവിൽ ഗുണഭോക്തൃ വിഹിതം എന്ന ഘടകം പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിന് ആകെ 4,00,000/- രൂപയാണ് പദ്ധതിസഹായമായി അനുവദിക്കുന്നത്. കരാർ സമർപ്പിച്ച് ഒന്നാം ഗഡുവായി (10%) 40,000/- രൂപയും, അടിത്തറ പൂർത്തീകരിക്കുന്ന മുറയ്ക്ക് രണ്ടാം ഗഡുവായ (40%) 1,60,000/- രൂപയും, തറനിരപ്പിന് മുകളിൽ മേൽക്കൂര ഉൾപ്പെടെയുള്ള നിർമ്മാണം പൂർത്തീകരിക്കുമ്പോൾ മൂന്നാം ഗഡുവായ (40%) 1,60,000/- രൂപയും എസ്റ്റിമേറ്റ് പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് വെള്ളം/വൈദ്യുതി എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡുവായ (10%) 40,000/- രൂപയും ഗുണഭോക്താവിന് നൽകുന്നതാണ്. ഒരു ഗുണഭോക്താവിന് നൽകുന്ന 4,00,000/-

രൂപയിൽ 1,50,000/- രൂപ കേന്ദ്ര വിഹിതവും, 50,000/- രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 200000/- രൂപ നഗരസഭ വിഹിതവുമാണ്. നഗരസഭ സെക്രട്ടറിയും ഗുണഭോക്താവും തമ്മിൽ കരാറിലേർപ്പെട്ടതിന് ശേഷം 12 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

2017-18 വർഷം മുതലാണ് പി.എം.എ.വൈ പദ്ധതി നഗരസഭയിൽ നടപ്പിലാക്കി തുടങ്ങിയത്. 2019-20 വർഷം മുതൽ ആയത് ലൈഫ് പദ്ധതിയുമായി സംയോജിപ്പിച്ചാണ് നടപ്പിലാക്കുന്നത്. വിവിധ ഘട്ടങ്ങളിലായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ (ഡി.പി.ആർ) അടിസ്ഥാനത്തിലാണ് ഓരോ ഘട്ടത്തിലേയും ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടക്കുന്നത്. 2020-21 വർഷം വരെ ആകെ 8 ഡി.പി.ആർ അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്.

കളമശ്ശേരി നഗരസഭയിൽ നഗര ദാരിദ്ര്യനിർമ്മാർജ്ജന സെൽ പ്രോജക്റ്റ് ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിവരുന്ന പി.എം.എ.വൈ ഭവന നിർമാണ പദ്ധതിയിൽ 2020-21 സാമ്പത്തിക വർഷം വരെ 8 ഡി.പി.ആർ കളിലായി 520 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 508 പേർ കരാറിലേർപ്പെട്ട് ഭവനനിർമ്മാണം തുടങ്ങുകയും, 446 പേർ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡി.പി.ആർ. നമ്പർ & അംഗീകരിച്ച തീയതി. | അംഗീകാരം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ഭവനനിർമ്മാണം ആരംഭിച്ചവരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തിയാക്കിയവരുടെ എണ്ണം |
|---|---|---|---|
| ഡി.പി.ആർ 1/21.03.2017 | 167 | 167 | 159 |
| ഡി.പി.ആർ 2/27.09.2017 | 98 | 96 | 86 |
| ഡി.പി.ആർ 3/30.10/2017 | 32 | 31 | 27 |
| ഡി.പി.ആർ 4/29.11.2017 | 27 | 27 | 25 |
| ഡി.പി.ആർ 5/07.02.2018 | 21 | 21 | 18 |
| ഡി.പി.ആർ 6/ 30.01.2019 | 100 | 98 | 89 |
| ഡി.പി.ആർ 7/27.12.2019 | 57 | 51 | 32 |
| ഡി.പി.ആർ 1/07.08.2020 | 18 | 17 | 10 |
| ആകെ | 520 | 508 | 446 |

ഭവനനിർമാണവുമായി ബന്ധപ്പെട്ട്, ഗുണഭോക്താക്കളും നഗരസഭാ സെക്രട്ടറിയുമായുള്ള കരാർ പ്രകാരം കരാർ ചമച്ച് ഒരു വർഷത്തിനുള്ളിൽ വീട് പണി പൂർത്തിയാക്കണമെന്നിരിക്കെ, 2017ൽ അംഗീകാരം ലഭിച്ച ആദ്യ 4 ഡി.പി.ആർ പ്രകാരമുള്ള ഗുണഭോക്താക്കൾ പോലും ഭവന നിർമ്മാണം പൂർത്തീകരിച്ചതായി കാണുന്നില്ല. കരാറിലേർപ്പെട്ട ഗുണഭോക്താക്കളുടെ ഭവനനിർമാണം കാലവിളംബം കൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരമറിയിക്കേണ്ടതാണ്.

പി.എം.എ.വൈ. – രജിസ്റ്റർ സൂക്ഷിപ്പിലെ അപാകതകൾ

കരാറിലേർപ്പെട്ട മുഴുവൻ ഗുണഭോക്താക്കളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും തുക നൽകിയതിന്റെ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തിക്കാണുന്നില്ല. ആയതിനാൽ ഓരോരുത്തർക്കും ഏതു ഘട്ടം വരെയുള്ള തുക അനുവദിച്ചുവെന്ന് രജിസ്റ്ററിൽ നിന്നും അറിയാൻ കഴിയുന്നില്ല. ആദ്യഗഡു കൈപ്പറ്റിയതിനു ശേഷം സമയബന്ധിതമായി വീടുപണി പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് നിരീക്ഷിക്കാൻ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

1-45 ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ അപാകതകൾ

കളമശ്ശേരി നഗരസഭയുടെ 2020-2021 വാർഷികധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ് മെന്റിലെ RP-40 (B) ഷെഡ്യൂളിൽ താഴെപ്പറയുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റുകളിൽ അപാകതകൾ കാണുന്നു.

| ബാങ്കിന്റെ പേര് /അക്കൗണ്ട് നമ്പർ | Balance As On 31.03.2021 As Per RP -43 (B) | Balance As On 31.03.19 As Per Passbook/ Bank Statement | Recociliation | അപാകതകൾ |
|---|---|---|---|---|
| JNNRUM -BSUP- Syndicate Bank | 6336514 | 5900470 | Reconciled As<br>Cheque Issued But Not Presented In To Bank- 3047980<br>Cheque Deposited But Not Collected- 3484024 | Cheque Issued But Not Presented In To Bank-എന്ന ഇനത്തിൽ 30,37,980/- രൂപ (ചെക്ക് നം. 915681/ 27/06/2018)കുടുംബശ്രീ അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്തു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.ഇതേ തുക തന്നെ Cheque Deposited But Not Collected-എന്നും രേഖപ്പെടുത്തിയിട്ടുണ്ട്, ഇത് വിശദീകരിക്കപ്പെടേണ്ടതാണ്. |
| SM-Biogas- Syndicate Bank | 3553702 | 3553702 | Reconciled As<br>Directly Credited By Bank- 114588<br>Cheque Deposite But Not Collected- 114588 | Directly Credited By Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. അതേസമയം ചെക്ക് നമ്പറോ, വൗച്ചർ നമ്പറോ രേഖപ്പെടുത്തിയിട്ടുമില്ല. |
| SWTP- Syndicate Bank | 6565334 | 6565334 | Reconciled As<br>Directly Credited By Bank- 424549<br>Cheque Deposite But Not Collected- 424165<br>Directly Debited By Bank- 384 | Directly Credited By Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും, ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. അതേസമയം ചെക്ക് നമ്പറോ, വൗച്ചർ നമ്പറോ രേഖപ്പെടുത്തിയിട്ടുമില്ല. |
| IDSMT- Syndicate Bank | 1036435 | 1036435 | Reconciled As<br>Cheque Issued But Not Presented In To Bank- 5326768<br>Directly Credited By Bank-13694656 | Cheque Issued But Not Presented In To Bank-എന്നയിനത്തിൽ 28/07/2015ൽ നല്കിയ 21,43,701/- രൂപയുടെ ചെക്ക് (നം. 893767) ഇതുവരെ പണമാക്കി നല്കിയിട്ടില്ല. അതുപോലെ 20/10/2015 ൽ നല്കിയ 6,70,374/- രൂപയുടെ<br>(ചെക്ക് നം. 893771) ചെക്കും പണമാക്കി നല്കിയിട്ടില്ല. ഇത്രയും കൂടിയ തുകയുടെ ചെക്കുകൾ പണമാക്കി നല്കിയിട്ടില്ല എന്ന |

| | | | | |
|---|---|---|---|---|
| | | | Cheque Deposited But Not Collected- 13991522<br>Directly Debited By Bank- 5029902 | രേഖപ്പെടുത്തിയതിന്റെ കൃത്യത ബോദ്ധ്യപ്പെടുത്തിയിട്ടില്ല.<br>Directly Credited By Bank- എന്നയിനത്തിൽ 1,36,94,656/- രൂപ കാണിച്ചിട്ടുണ്ട്. (ചെക്ക് നം. 203774)തീയതി.04/11/2013) ഈ തുകയുടെയും കൃത്യത ഉറപ്പാക്കാനായിട്ടില്ല. ഇതേ തുകതന്നെ Cheque Deposited But Not Collected-എന്നയിനത്തിലും കാണിച്ചിട്ടുണ്ട്. കൂടാതെ 30/09/2015മുതൽ 31/01/2021 വരെയുള്ള പല തീയതികളിലായി 1,48,504/ രൂപ പലിശയിനത്തിൽ ലഭിച്ചതായി കാണിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചും വിശദീകരിക്കപ്പെട്ടിട്ടില്ല. |
| SC Shopping Complex - Bank Of Baroda | 771844 | 771844 | Reconciled As<br>Directly Credited By Bank- 907907<br>Cheque Deposited But Not Collected- 441084<br>Directly Debited By Bank- 466823 | Directly Credited By Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും, ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. അതേസമയം ചെക്ക് നമ്പറോ, വൗച്ചർ നമ്പറോ രേഖപ്പെടുത്തിയിട്ടുമില്ല.<br>Directly Debited By Bank- എന്നയിനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 4,66,823/- രൂപയുടെ ഇൻസ്ട്രുമെന്റ് ടൈപ്പോ, നമ്പറോ, തീയതിയോ ഒന്നും തന്നെ രേഖപ്പടുത്തിയിട്ടില്ല |
| Punjab National Bank- | 2766022 | 2766022 | Reconciled As<br>Directly Credited By Bank- 177911<br>Cheque Deposite But Not Collected- 177911 | Directly Credited By Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും, ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. അതേസമയം ചെക്ക് നമ്പറോ, വൗച്ചർ നമ്പറോ രേഖപ്പെടുത്തിയിട്ടുമില്ല. |
| State Of Travancore( SBI)<br>A/c No.57001101971 | 0.16 | 8961.64 | Reconciled As<br>Cheque Issued But Not Presented In To Bank- 6204253<br>Cheque Deposited But Not Collected- 6195291 | Cheque Issued But Not Presented In To Bank-എന്നയിനത്തിൽ 14/11/2012 മുതൽ 26/11/2016 വരെയുള്ള കാലയളവിൽ നല്കിയ വിവിധ ചെക്കുകൾ ഇതുവരെ പണമാക്കി മാറ്റിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 26/10/2016ൽ നല്കിയ 40,89,071/- രൂപയുടെ 133293 എന്ന ചെക്കും ഉൾപ്പെടുന്നു.<br>Cheque Deposited But Not Collected-എന്നയിനത്തിൽ 02/04/2012 മുതൽ 26/11/2016 വരെയുള്ള കാലയളവിൽ ബാങ്കിൽനിക്ഷേപിച്ച നല്കിയ 6195291/- രൂപയുടെ വിവിധ ചെക്കുകൾ ഇതുവരെ പണമാക്കി മാറ്റിയിട്ടില്ല എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 26/10/2016ൽ നല്കിയ 40,89,071/- രൂപയുടെ 133293 എന്ന ചെക്കും ഉൾപ്പെടുന്നു. ഒരേ തുകയുടെ ചെക്ക് രണ്ട് ഭാഗത്തും ചേർത്ത് റീകൺസൈൽ ചെയ്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. |

| | | | | |
|---|---|---|---|---|
| Federal Bank A/c No.10120100331176 | 285337 | 285337 | Reconciled As Cheque Issued But Not Presented In To Bank- 9500 Cheque Deposited But Not Collected-9500 | Cheque Issued But Not Presented In To Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും, ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. |
| SBT Ownfund ( SBI) 67102642221 | 29413087 | 35957687 | Reconciled As Cheque Issued But Not Presented In To Bank- 29670935 Directly Creditedby Bank-238602 Cheque Deposited But Not Collected- 26196340 Directly Debited By Bank- 192933 | Cheque Issued But Not Presented In To Bank-എന്നയിനത്തിൽ 02/06/2010 മുതൽ 31/03/2021 വരെയുള്ള കാലയളവിൽ നല്കിയ 2,96,70,935/- രൂപയുടെ വിവിധ ചെക്കുകൾ ഇതുവരെ പണമാക്കി മാറ്റിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Cheque Deposited But Not Collected-എന്നയിനത്തിൽ 02/04/2012 മുതൽ 31/03/2021 വരെയുള്ള കാലയളവിൽ ബാങ്കിൽനിക്ഷേപിച്ച നല്കിയ 2,61,96,340/- രൂപയുടെ വിവിധ ചെക്കുകൾ ഇതുവരെ കളക്ഷന് വിട്ടിട്ടില്ല എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 10 വർഷത്തിലേറെയായി ഇപ്രകാരം 300 -ലധികം ചെക്കുകൾ റീകൺസൈലേഷൻ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടുത്തി അഡ്ജസ്റ്റ് ചെയ്യാതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. |
| STSB -16 OwnFund | 64648 | 64648 | Reconciled As Cheque Issued But Not Presented In To Bank- 25534436 Directly Creditedby Bank-10394 Cheque Deposited But Not Collected- 25477774 Directly Debited By Bank-67056 | Cheque Issued But Not Presented In To Bank-എന്നയിനത്തിൽ 18/01/2017 മുതൽ 31/03/2021 വരെയുള്ള കാലയളവിൽ നല്കിയ 2,55,34,436/- രൂപയുടെ വിവിധ ചെക്കുകൾ ഇതുവരെ പണമാക്കി മാറ്റിയിട്ടില്ല എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. Cheque Deposited But Not Collected-എന്നയിനത്തിൽ 15/01/2018 മുതൽ 31/03/2021 വരെയുള്ള കാലയളവിൽ ബാങ്കിൽനിക്ഷേപിച്ച നല്കിയ 2,54,77,774/- രൂപയുടെ വിവിധ ചെക്കുകൾ ഇതുവരെ കളക്ഷന് വിട്ടിട്ടില്ല എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. 10 വർഷത്തിലേറെയായി ഇപ്രകാരം 150 -ലധികം ചെക്കുകൾ റീകൺസൈലേഷൻ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടുത്തി അഡ്ജസ്റ്റ് ചെയ്യാതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. |
| IDSMT-SBT (SBI)- | 0.76 | 262306.76 | Reconciled As Cheque Issued But Not Presented In To Bank- 762306 Cheque Deposited But Not Collected- 5,00,000 | Cheque Issued But Not Presented In To Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലുംരേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. |

| | | | | |
|---|---|---|---|---|
| TPA-313 | 1,00,000 | 51018 | Reconciled As<br>Cheque Issued But Not Presented In To Bank- 10514045<br>Cheque Deposited But Not Collected- 10563027 | Cheque Issued But Not Presented In To Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലുംരേഖപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല. |

മേൽപ്പറഞ്ഞ പ്രകാരം നഗരസഭയിലെ വിവിധ ബാങ്ക്/ ട്രഷറി അക്കൗണ്ടുകളുടെ 31.03.2021-ലെ റീകൺസിലിയേഷൻ സ്റ്റേറ്റ് മെന്റിൽ 2012മുതൽ നല്കിയിട്ടുള്ള നിരവധി ചെക്കുകൾ പണമാക്കാതെ "Uncashed Cheque" എന്നും, ബാങ്കിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള ചെക്കുകൾ, ഡ്രാഫ്റ്റുകൾ എന്നിവ " Uncredited Receipts " എന്നും രേഖപ്പെടുത്തിയാണ് ബാങ്ക് പാസ്സ് ബുക്കുകളും, ബാങ്ക് ബുക്കും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തിയിരിക്കുന്നത്. 3 മാസം മാത്രമാണ് ചെക്കിന്റെ കാലാവധി എന്നിരിക്കേ വർഷങ്ങൾ പിന്നിട്ട ചെക്കുകൾ " Uncahsed Cheques" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല. 10 വർഷത്തിലേറെയായി ഇപ്രകാരം 300 -ലധികം ചെക്കുകൾ റീകൺസൈലേഷൻ സ്റ്റേറ്റ് മെന്റിൽ ഉൾപ്പെടുത്തി അഡ്ജസ്റ്റ് ചെയ്യാതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല. പല അക്കൗണ്ടുകളുടെയും റികൺസിലേഷൻ സ്റ്റേറ്റ് മെന്റിലും Cheque Issued But Not Presented In To Bank- എന്ന ഇനത്തിലും, Cheque Deposite But Not Collected-എന്ന ഇനത്തിലും, ഒരേ തുക തന്നെ രേഖപ്പെടുത്തിക്കാണുന്നു. ചില റികൺസിലേഷൻ സ്റ്റേറ്റ് മെന്റിൽ ഒരേ തുക തന്നെ Interest Earned എന്ന് കാണിച്ച് Directly Creditedby Bank- ലും , Directly Debited By Bank- ലും ഒരേപോലെ രേഖപ്പെടുത്തിയിട്ടുമുണ്ട്. ബാങ്ക്/ ട്രഷറി പാസ്സ് ബുക്ക് അക്കൗണ്ടുകളും, വാർഷിക ധനകാര്യപ്പത്രികയിലെ ബന്ധപ്പെട്ട ബാങ്ക് ബുക്ക് അക്കൗണ്ടുകളും തമ്മിലുള്ള വ്യത്യാസം ക്രമീകരിക്കുന്നതിനായി ഇപ്രകാരം ഒരേ തുക തന്നെ രേഖപ്പെടുത്തിയതായാണ് വ്യക്തമാകുന്നത്.

മേൽസാഹചര്യത്തിൽ മേൽവിവരിച്ചിരിക്കുന്ന അക്കൗണ്ടുകളുടെ നാളിതുവരെയുള്ള റീകൺസിലിയേഷൻ നടത്തി യഥാർത്ഥ നീക്കിയിരുപ്പ് തിട്ടപ്പെടുത്താനാവശ്യമായ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

1-46 സാമൂഹ്യസുരക്ഷാപെൻഷൻ- അപാകതകൾ

1. നഗരസഭയിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെതുടർന്ന് പെൻഷൻവിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ /നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിൻെറ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | അസൈനാർ 101910201810 | 19.12.20 വാർധക്യ പെൻഷൻ | 2/2020 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. തുടർന്ന് വിതരണം ചെയ്യാൻ സാധിച്ചിട്ടില്ല. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.നിലവിലുംആക്റ്റീവ് ആയി തുടരുന്നു |
| 2 | മറിയകുട്ടി ഐെസക് 106910200105 | 17.12.2020 വാർധക്യ പെൻഷൻ | 6/2021 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല.നിലവിലും ആക്റ്റീവ് ആയി തുടരുന്നു |
| 3 | കണ്ടാരൻ 106430600048 | 1-12-20 കർഷക പെൻഷൻ | 6/2022 വരെ വിതരണം ചെയ്തു. | നിലവിലുംആക്റ്റീവ് ആയി തുടരുന്നു |

| | | | | |
|---|---|---|---|---|
| 4 | മിനി വേണുഗോപാൽ 101690606958 | 7-1--2021വാർധക്യ പെൻഷൻ | 6/2022 വരെ വിതരണം ചെയ്തു. | നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 5 | രാഘവൻ 106900100557 | 27-12-2020. കർഷക പെൻഷൻ | 6/2022 വരെ വിതരണം ചെയ്തു. | നിലവിലുംആക്ടീവ് ആയി തുടരുന്നു |
| 6 | മൊഇദീൻ കുഞ്ഞ് 101910200787 | 21-12-20 വാർധക്യ പെൻഷൻ | 11/2021 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | . മരണ ശേഷം തുക നൽകി അക്കൌണ്ടിൽ നിക്ഷേപിച്ചതുക തികെ ഈടാക്കിയില്ല |
| 7 | കെ പദ്മനാഭൻ 106740100151 | 4-1-2020 കർഷക പെൻഷൻ | 6/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | നിലവിലുംആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക നൽകി അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 8 | എ എം കരിം 101940200733 | 20-12-2020 കർഷക പെൻഷൻ | 2/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | മരണ ശേഷം തുക നൽകി അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 9 | മണി കെ പി 101920200707 | 9-4-2021 | 6/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | നിലവിലുംആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 10 | കുമാരൻ പി കെ 106830200071 | 18-03-2021 | 6/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | നിലവിലുംആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |
| 11 | മറിയകട്ടി 106860100385 | 1-3-2021 | 6/2022 വരെ തുക ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചു. | നിലവിലുംആക്ടീവ് ആയി തുടരുന്നു. മരണ ശേഷം തുക അക്കൗണ്ടിൽ നിക്ഷേപിച്ചുകൊണ്ടിരിക്കുന്നു. |

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൌണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടുന്നത്. നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല. തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4. നഗരസഭാപ്രദേശങ്ങളിലുള്ള ആശുപത്രികളിൽ മരണപ്പെടുന്ന മറ്റു തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ളവരുടെ വിവരങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാകാത്തതുമൂലം അവരുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് കഴിയുന്നില്ല. നഗരസഭയിൽ മരണം റിപ്പോർട്ടു ചെയ്ത മേൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടേതടക്കം മറ്റു തദ്ദേശസ്ഥാപനങ്ങളിൽപ്പെട്ട എല്ലാവരുടേയും വിവരങ്ങൾ അതത് തദ്ദേശസ്ഥപനങ്ങൾക്ക് മരണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നിർത്തൽ ചെയ്യുന്നതിന് അറിയിപ്പ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

5. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗികരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി മരണ

രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 11-8-22 ലെ ഓഡിറ്റ് എൻക്വയറി നം. 17ന് മറുപടി ലഭ്യമാക്കിയില്ല. ഓഡിറ്റ് നിർദേശങ്ങൾ പാലിച്ച് അറിയിക്കേണ്ടതാണ്.

## 1-47 വാഹന പരിപാലനം - അപാകതകൾ

മൂന്ന് വർഷമായി ഉപയോഗ ശൂന്യമായി കിടക്കുന്ന വാഹനങ്ങളുടെ പേരിൽ അറ്റകുറ്റപ്പണിയുൾപ്പെടെ വിവിധ ഇനങ്ങളിൽ ചെലവ് വന്നിട്ടുണ്ട്. വിശദ വിവരം ഭാഗം 3 ൽ ഖണ്ഡിക 3-2 ആയി ചേർത്തിട്ടുണ്ട്.

## 1-47-1 ലോഗ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

നഗരസഭയിലെ വാഹനങ്ങളുടെ കണക്ക് സാക്ഷ്യപ്പെടുത്തി ലഭ്യമാക്കിയ പ്രകാരം നഗരസഭക്ക് ആകെ 18 വാഹനങ്ങൾ ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

1. എൽ.എം.വി മോട്ടോർ കാർ -5
2. എൽ.എം.വി ഗുഡ്സ് ക്യാരേജ്, ടിപ്പർ,ട്രാക്ടർ, ആംബുലൻസ് തുടങ്ങിയവ-13

(ആയതിൽ 3എൽ.എം.വി ഗുഡ്സ് ക്യാരേജ്,1 ട്രാക്ടർ എന്നിവ പ്രവർത്തന രഹിതമാണ്)

എന്നാൽ മേൽ വാഹനങ്ങളുടെയൊന്നും ലോഗ് ബുക്ക് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ ഇവയുടെ ആധികാരികത ഓഡിറ്റിനു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ലോഗ് ബുക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 25)ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ എൻക്വയറിയിൽ ആവശ്യപ്പെട്ട നഗരസഭയുടെ എല്ലാ വാഹനങ്ങളുടെം ഫ്യുവൽ രജിസ്റ്റർ, റിപ്പയർ രജിസ്റ്റർ, ഇന്ധന ഓർഡർ രജിസ്റ്റർ,ഇന്ധന ഉപയോഗ കൃത്യത റിപ്പോർട്ട്, ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയ സർട്ടിഫിക്കറ്റ് തുടങ്ങിയവയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ഓരോ മുൻ അർദ്ധവർഷത്തേയും വരവ് ചെലവ് കണക്ക് പരിശോധനയ്ക്ക് നല്കിയത്,എല്ലാ വാഹനങ്ങൾക്കും ഉള്ള ഗ്യാരേജ് സൌകര്യം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. മുനിസിപ്പാലിറ്റി വാഹനങ്ങളുടെ പരിപാലനത്തിനായും ഡീസൽ ചെലവിനുമായി ലക്ഷങ്ങളാണ് ഓരോ വർഷവും ചെലവഴിക്കുന്നത്. ഈ ചെലവുകൾക്ക് അടിസ്ഥാനമായിട്ടുള്ള വാഹനങ്ങൾ ഉപയോഗയോഗ്യമായ അവസ്ഥയിലാണോ ഉള്ളത് എന്നതുപോലും വ്യക്തമല്ലാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. ഓരോ വാഹനങ്ങളുടെയും ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും വിവരങ്ങൾ രേഖപ്പെടുത്തി കൃത്യമായി സൂക്ഷിക്കുന്നതിനും, വാഹന പരിപാലനവുമായി ബന്ധപ്പെട്ട് നഗരസഭയുടെ ചെലവാക്കുന്ന തുകകൾ കൃത്യമായിത്തന്നെയാണ് വിനിയോഗിക്കപ്പെടുന്നതെന്നും ഉറപ്പാക്കുന്നതിന് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-48 ടെണ്ടർ നിരക്കിലും അധികരിച്ച് തുക നൽകി.

നഗരസഭാ മാർക്കറ്റിൽ ഇ.ടി.പി. സംവിധാനം (പ്രോജക്റ്റ് നം. 282/21)എന്ന പദ്ധതിയുടെ നടത്തിപ്പിനായി ഇ-ടെണ്ടർ നടത്തിയതിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും, അതിൽ കുറഞ്ഞ നിരക്ക് (₹9,96,800/-)ക്വാട്ട് ചെയ്ത Kerala State Industrial Enterprises Ltd. ന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ ടെണ്ടർ തുകയ്ക്ക് പുറമെ അനുമതി ഉത്തരവ് നം 518/27.03.21 പ്രകാരം ₹34450/-കൂടുതലായി നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. അംഗീകൃത ടെണ്ടറിലും അധികരിച്ച് നിർവ്വഹണ ഏജൻസിക്ക് തുക നൽകിയത് ഓഡിറ്റ് നിരാകരിക്കുന്നു. വിശദ വിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-49 സ്വഛ് ഭാരത് മിഷൻ-ഗ്രാന്റുതുക യഥാസമയം വിനിയോഗിക്കുന്നില്ല

നഗര പ്രദേശങ്ങളിൽ വീടുകളിലും പൊതുസ്ഥലങ്ങളിലും ശൗചാലയങ്ങൾ നിർമ്മിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കും വേണ്ടി കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പഞ്ചവത്സര പദ്ധതിയാണ് സ്വച്ച് ഭാരത് മിഷൻ(SBM). സ്വച്ച് ഭാരത് മിഷനുവേണ്ടി സിൻഡിക്കേറ്റ് ബാങ്കിൽ ഒരു സേവിംഗ്സ് അക്കൗണ്ട് (A/c No-43042210008636) ആരംഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷമാണ് നഗരസഭയിൽ പദ്ധതി ആരംഭിക്കുന്നത്. 2020-21വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല. പലിശയിനത്തിലുള്ള വരവല്ലാതെ (1,14,588/-രൂപ) തൻവർഷം മറ്റ് വരവില്ല. 31.03.2021 ൽ സേവിംഗ്സ് അക്കൗണ്ടിൽ 35,53,702/-രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ അക്കൗണ്ടിൽ ശേഷിക്കുന്ന തുക നിയുക്തപദ്ധതികൾക്കായി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ഉചിതമായ ശീർഷകത്തിൽ

സർക്കാരിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

1-50 അസറ്റ് രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതും, അസറ്റ് മാനേജ് മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതുമാണ്.

നഗരസഭയിൽ 2020-21 സാമ്പത്തികവർഷം താഴെപ്പറയുന്ന പുതിയകെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയിരുന്നു.

| പ്രൊജക്റ്റിന്റെ പേര് | അടങ്കൽ തുക | ചെലവഴിച്ച തുക |
|---|---|---|
| പകൽ വീട് പ്രൊജക്റ്റ് നം. 146/21 | 14,50,000/- | 12,32,584/- |
| വനിത വികസനകേന്ദ്രം പ്രൊജക്റ്റ് നം. 315/21 | 7,02,911/- | 5,44,944/- |
| അങ്കണവാടി നിർമ്മാണം പ്രൊജക്റ്റ് നം. 148/21 | 14,60,000/- | 7,66,678/- |

സർക്കാർ ഉത്തരവ് നം. 50412/ഡിബി2/2011/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ കൃത്യമായി എഴുതി സൂക്ഷിക്കണമെന്നും, ആയതിന്റെ ഇ-കോപ്പി ഐ.കെ.എമ്മിന് നൽകണമെന്നും നിർദ്ദേശിക്കപ്പെട്ടിരുന്നു. മേൽപ്പട്ടികയിൽ ചേർത്തവ ഉൾപ്പെടെ നഗരസഭയിൽ 2020-2021 വരെ നിർമ്മിക്കപ്പെട്ട പുതിയ നിർമ്മിതികൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് കാലികമാക്കേണ്ടതാണ്.

ജി.ഒ (ആർ.ടി.) 166/ 2017/ എൽ.എസ്.ജി.ഡി. തീയതി. 20.01.2017 ഉത്തരവ് പ്രകാരം നിലവിൽ വന്ന അസ്സറ്റ് മാനേജ് മെന്റ് മാന്വൽ അനുസരിച്ച് മുനിസിപ്പൽ ചെയർപേഴ്സൺ ചെയർമാനായി വൈസ് ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺമാർ, സെക്രട്ടറി, എൽ.എസ്.ജി.ഡി. എൻജിനീയർ, അക്കൗണ്ടന്റ് എന്നിവർ ഉൾപ്പെട്ട ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി (Annual Status Assessment Of Asset Condition) അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. അസറ്റ് മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അസറ്റ് രജിസ്റ്ററും പരിപാലിക്കേണ്ടതാണ്.

1-51 ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള തുടർനടപടികൾ കാര്യക്ഷമമാക്കണം

1998-99 മുതലുള്ള വിവിധ വർഷങ്ങളിലായി 20 ഓഡിറ്റ് റിപ്പോർട്ടുകൾ കളമശ്ശേരി നഗരസഭയിൽ തീർപ്പാക്കുവാൻ അവശേഷിക്കുന്നുണ്ട് (ഖണ്ഡിക 4-11കാണുക). ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം രേഖപ്പെടുത്തുന്ന ഒരു രജിസ്റ്റർ നഗരസഭയിൽ സൂക്ഷിക്കുന്നില്ല. ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഓഡിറ്റ് ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.
എന്നാൽ നഗരസഭയിൽ നിന്നും ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമയബന്ധിതമായി മറുപടി നൽകിക്കാണുന്നില്ല. ആയതിനാൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം, 1994 പ്രകാരം പുനർറിപ്പോർട്ട് പുറപ്പെടുവിക്കുകയാണ് പതിവ്. റിപ്പോർട്ടിലെ പരാമർശങ്ങളിൽ മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരെ സംബന്ധിച്ചുള്ളവ യഥാസമയം ബന്ധപ്പെട്ട ഖണ്ഡികയുടെ പകർപ്പ് സഹിതം അവരെ അറിയിക്കേണ്ടതും, മറുപടി വാങ്ങേണ്ടതും, ഇങ്ങനെ റിപ്പോർട്ടിലെ മുഴുവൻ ഖണ്ഡികകൾക്കും മറുപടി തയ്യാറാക്കി, കൗൺസിൽ അംഗീകാരത്തോടെ ഓഡിറ്റ് കാര്യാലയത്തിലേക്ക് അയച്ചുതരേണ്ടതുമാണ്. അവിടെ നിന്നും ലഭിക്കുന്ന റിപ്പോർട്ട് പ്രകാരം ഓഡിറ്റ് ഖണ്ഡികകളുടെ തീർപ്പ് വിവരം ഓഡിറ്റ് റിപ്പോർട്ടിലും, രജിസ്റ്ററിലും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാനായില്ല. ഖണ്ഡിക 4-11 പ്രകാരം അവശേഷിക്കുന്ന മുഴുവൻ ഓഡിറ്റ് ഖണ്ഡികകളും തീർപ്പാക്കുന്നതിന് നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### 1-52 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2017 മുതൽ നഗരസഭയിൽ ലഭിച്ച ഡെപ്പോസിറ്റുകൾ നിലവിലും തിരികെ നൽകാതെ ശേഷിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് (Vol. I)ആർട്ടിക്കിൾ 282(1) പ്രകാരം അവകാശികൾ തിരികെ ആവശ്യപ്പെടാതെ 3 വർഷത്തിലധികം നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. വാർഷിക ധനകാര്യ പത്രികയിലെ B17 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് ഇനത്തിൽ അവശേഷിക്കുന്ന തുക ₹14993492/- ആണ്. ഇതിൽ കാലഹരണപ്പെട്ടവ ഏതൊക്കെയെന്ന് കണ്ടെത്തി ആയത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ടെണ്ടർ നിരക്കിലും അധികരിച്ച് തുക നൽകി.

| | |
|---|---|
| പദ്ധതിയുടെ പേര്/ പ്രോജക്റ്റ് നമ്പർ | നഗരസഭാ മാർക്കറ്റിൽ ഇ ടി പി സംവിധാനം (282/21) |
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | ₹25,00,000/- |
| ചെലവ് | ₹10,31,250/-<br>(അനുമതി ഉത്തരവ് നം 517/27.03.21 ₹9,66,796/-<br>അനുമതി ഉത്തരവ് നം 518/27.03.21 ₹34,450/-) |
| ഫണ്ടിനം | ധനകാര്യ കമ്മീഷൻ അവാർഡ് |

ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇ-ടെണ്ടർ നടത്തിയതിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും, അവർ താഴെ പറയും പ്രകാരം നിരക്കുകൾ അവതരിപ്പിക്കുകയും ചെയ്തു.

1. MaxitulinTechnologies, Thrissur - ₹11,76,000/-

2. Kerala State Industrial Enterprises Ltd. - ₹9,96,800/-

ഇതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത Kerala State Industrial Enterprises Ltd.ന്റെ ടെണ്ടർ അംഗീകരിക്കുകയും , 31.03.2020 ന് പ്രവൃത്തി പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചുകൊണ്ട് വർക്ക് ഓർഡർ നൽകുകയും, 28.01.2020ന് പ്രവൃത്തിക്കായി സ്ഥലം കൈമാറുകയും ചെയ്തു. എന്നാൽ 30.7.2020നാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ചുകൊണ്ട് സ്ഥാപനം നൽകിയ കത്തിനൊപ്പം ഉൾച്ചേർത്ത സ്റ്റേറ്റ്മെന്റിൽ ₹9,96,800/- ചെലവ് രേഖപ്പെടുത്തുകയും, അനുമതി ഉത്തരവ് നം 517/27.03.21പ്രകാരം പ്രസ്തുത തുക സ്ഥാപനത്തിന് നൽകുകയും ചെയ്തു. എന്നാൽ ഇതിന് പുറമെ അനുമതി ഉത്തരവ് നം 518/27.03.21 പ്രകാരം ₹34,450/-നൽകിയിട്ടുണ്ട്. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം ഈ തുക മലിനീകരണ നിയന്ത്രണ ബോർഡിന് നൽകുന്നതിന് വേണ്ടി സ്ഥാപനത്തിന് കൈമാറിയതായിട്ടാണ് കാണുന്നത്. ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) ടെണ്ടർ നിരക്കിലും അധികരിച്ച് ₹34,450/- സ്ഥാപനത്തിന് നൽകാനിടയായ സാഹചര്യം എന്തെന്ന് വ്യക്തമല്ല.

2) കരാറിലെങ്ങും വ്യവസ്ഥ ചെയ്യാതെ, ടെണ്ടറിലൊന്നും രേഖപ്പെടുത്താതെ ഇത്തരത്തിൽ ₹34,450/- ചെലവാക്കിയതിന് അടിസ്ഥാനമെന്തെന്നോ , ആയതിന് കൗൺസിലിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ എന്നീ വിവരങ്ങൾ വ്യക്തമല്ല.

3) മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ₹34450/- ആവശ്യപ്പെട്ടുകൊണ്ട് അറിയിപ്പ് ലഭ്യമായതിന്റെ രേഖകളില്ല.

4) തുക കൈപ്പറ്റിയതിന്റെ തെളിവിലേക്കായി മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും ലഭ്യമായ രേഖകളില്ല.

മേൽ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.29/13.08.2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഏജൻസിക്ക് കരാർ പ്രകാരം നൽകേണ്ടതിലും അധികമായി നൽകിയ ₹34,450/- ഓഡിറ്റ് നിരാകരിക്കുന്നു.

## 3-2 ഉപയോഗശൂന്യമായ വാഹനങ്ങൾക്ക് അറ്റകുറ്റപ്പണി - ചെലവ് തുകകൾ നിരാകരിക്കുന്നു.

നഗരസഭയിലെ വാഹനങ്ങളുടെ വിശദാംശങ്ങൾ അധികാരപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി നല്കിയത് പ്രകാരം, ചുവടെ ചേർക്കുന്ന വാഹനങ്ങൾ മൂന്ന് വർഷമായി ഉപയോഗശൂന്യമാണ്.

| ക്രമ നം | വാഹനമോഡൽ | വാഹന നം. | വാഹനത്തിന്റെ നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | LMV | KL-07-BY-9636 | റിപ്പയർ ചെയ്യാനും റീ-കണ്ടീഷൻ ചെയ്യാനും കഴിയില്ല. |
| 2 | LMV- | KL-07-BY-9639 | |
| 3 | LMV-ഗുഡ്സ് ക്യാര്യജ് | KL-07-BY-9617 | |
| 4 | ട്രാക്ടർ | KL-07-BN-3563 | |

എന്നാൽ 2020-21 വൌച്ചർ പരിശോധിച്ചതിൽ മേൽ വാഹനങ്ങൾക്ക് തൻ വർഷം 91929 രൂപയുടെ ചെലവ് വന്നതായി കാണുന്നു ആയതിന് വിശദീകരണം ലഭ്യമാക്കുവാൻ താല്പര്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.36)മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വൌച്ചർ നം | ചെലവ് തുക | ഇനം | വാഹന നം. |
|---|---|---|---|---|
| 1 | 119 3/21 | 18,743/- | അറ്റകുറ്റപണി | KL-07-9639 |
| 2 | 26 11/20 | 10,805/- | ,, | KL-07-9639 |
| 3 | 25 11/20 | 5,900/- | ടയർ വാങ്ങി | KL-07-9617 |
| 4 | 77 11/20 | 18,848/- | ഇൻഷ്വറൻസ് പുതുക്കിയത് | KL-07-9639 |
| 5 | 77 11/20 | 18,848/- | ,, | KL-07-9636 |
| 6 | 77 11/20 | 18,785/- | ,, | KL-07-9617 |
| ആകെ തുക | | 91,929/- | | |

മൂന്ന് വർഷമായി ഉപയോഗശൂന്യമായതും, റിപ്പയർ ചെയ്യാനും, റീകണ്ടീഷൻ ചെയ്യാനും പറ്റാത്തതുമായ വാഹനങ്ങൾക്ക് വേണ്ടി ചെലവഴിച്ച 91,929/- രൂപ നഗരസഭയ്ക്കുണ്ടായ വ്യക്തമായ നഷ്ടമായതിനാൽ ചെലവ് തുക ഓഡിറ്റിൽ നിരാകരിക്കുന്നു. മേൽ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത് | | |

4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -8,29 94/20-21 | : 201113470003000217024 Dtd. 31/05/2020 | 2,97,700 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -37 94/20-21 | 201113470003000217025 Dtd. 31/05/2020 | 2,86,000 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -32 94/20-21 | 201113470003000217022 Dtd. 31/05/2020 | 2,36,000 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -28,29 94/20-21 | 201113470003000217021 Dtd. 31/05/2020 | 2,15,000 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -18 94/20-21 | 201113470003000217020 Dtd. 31/05/2020 | 4,80,000 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -9,39 94/20-21 | 201113470003000217019 Dtd. 31/05/2020 | 3,22,000 | 0 |
| | കുടിവെള്ളപൈപ്പ് ലൈൻ നീട്ടൽ -വാർഡ് -9,39 | 201113470003000163997 Dtd. 14/05/2020 | 3,69,000 | 0 |

| | | | | |
|---|---|---|---|---|
| | 94/20-21 | | | |
| | ആകെ | | 22,05,700 | 0 |

II

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ റഫറൻസ് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പകൽ വീട് ഇലക്ട്രിഫിക്കേഷൻ -വാർഡ് -12 85/20-21 | ചെക്ക് നമ്പർ: 458413 Dtd. 12/05/2020 | 2671 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് 144/20-21 | ചെക്ക് നമ്പർ: 412092 Dtd. 22/05/2020 | 12,657 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -18 26/20-21 | ചെക്ക് നമ്പർ: 526192 Dtd. 27/07/2020 | 11,799 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -13 52/20-21 | ചെക്ക് നമ്പർ: 277643 Dtd. 10/08/2020 | 21,174 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -30 63/20-21 | ചെക്ക് നമ്പർ: 277654 Dtd. 10/08/2020 | 25,511 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -2 71/20-21 | ചെക്ക് നമ്പർ: 277661 Dtd. 10/08/2020 | 23,218 | 0 |
| | സ്ട്രീറ്റ് ലൈൻ ഷിഫ്റ്റിംഗ് -വാർഡ് -38 98/20-21 | ചെക്ക് നമ്പർ: 277674 Dtd. 17/08/2020 | 1,83,000 | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വാർഡ് -20 78/20-21 | ചെക്ക് നമ്പർ: 181177 Dtd. 23/09/2020 | 1,96,682 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -30 86/20-21 | ചെക്ക് നമ്പർ: 181181 Dtd. 23/09/2020 | 1,28,476 | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | ചെക്ക് നമ്പർ: 181182 | 51,011 | 0 |

| | | | | |
|---|---|---|---|---|
| | -വാർഡ് -31<br>87/20-21 | Dtd. 23/09/2020 | | |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -10<br>11/20-21 | ചെക്ക് നമ്പർ: 182173<br>Dtd. 03/11/2020 | 47,126 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -11<br>12/20-21 | ചെക്ക് നമ്പർ: 182174<br>Dtd. 03/11/2020 | 4,335 | 0 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ -വാർഡ് -26<br>100/20-21 | ചെക്ക് നമ്പർ: 612137<br>Dtd.20/02/2021 | 35,919 | 0 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് -വാർഡ് -37<br>109/20-21 | ചെക്ക് നമ്പർ: 612141<br>Dtd. 22/02/2021 | 34,157 | 0 |
| | ആകെ | | 7,77,736/- | 0 |

വാർഷിക ധനകാര്യപത്രികയിൽ ഈ തുക ഉൾപ്പെടുത്തിയിട്ടില്ല. ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിലെ ഇലക്ട്രിസിറ്റി ഡെപ്പോസിറ്റ്, വാട്ടർ ഡെപ്പോസിറ്റ് എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിലെ തുകകൾ മുൻവർഷങ്ങളിൽ ഈയിനത്തിൽ യഥാക്രമം KSEB-യിലും, KWA-യിലും മുൻകൂർ അടച്ച തുകയിൽ നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്ത തുക കൂടി ഉൾപ്പെട്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 69,62,613 |
| തൻവർഷം നിക്ഷേപിച്ച് തുക | 0 |
| ആകെ | 69,62,613 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 69,62,613 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ക്ലീൻ കേരള 2000 ഇക്വിറ്റി ഷെയറിലെ നിക്ഷേപം. സർട്ടിഫിക്കറ്റ് നം .14 തീയതി | 21,05,400 |

| | | |
|---|---|---|
| | 26.05.2014 | |
| 2 | ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687948 തീയതി 21.04.2016 | 32,39,820 |
| 3 | ക്ലീൻ കേരള ഇക്വിറ്റി ഷെയറിലെ നിക്ഷേപം സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. തുക നൽകിയത് ഡി.ഡി.നം. 687942 തീയതി 21.04.2016 | 16,17,393 |
| | ആകെ | 69,62,613 |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44,49,14,864.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50,63,28,242.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,26,379.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,35,59,912.00 |

### (ബി) നഗരസഭാഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | --- | 34,450 | ശ്രീ.അനിൽകുമാർ.എൻ.വി., ഹെൽത്ത് ഓഫീസർ |
| 3-2 | --- | 91,929 | ശ്രീ.ജയകുമാർ.പി.ജി., സെക്രട്ടറി |
| ആകെ | --- | 1,26,379 | |

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 2647744 | ശ്രീ.ജയകുമാർ.പി.ജി., സെക്രട്ടറി |
| 1-19 | 217832 | ശ്രീ.ജയകുമാർ.പി.ജി., സെക്രട്ടറി |
| 1-20 | 300000 | ശ്രീ.ജയകുമാർ.പി.ജി., .സെക്രട്ടറി |
| 1-21 | 200000 | ശ്രീ.ജയകുമാർ.പി.ജി., .സെക്രട്ടറി |

| | | |
|---|---|---|
| 1-22 | 393045 | ശ്രീ.ജയകമാർ.പി.ജി., .സെക്രട്ടറി |
| 1-23 | 50000 | ശ്രീ.ജയകമാർ.പി.ജി., സെക്രട്ടറി |
| 1-24 | 2205700 | ശ്രീ.ജയകമാർ.പി.ജി., സെക്രട്ടറി |
| 1-26 | 705000 | ശ്രീ.അനിൽകുമാർ .എൻ.വി., ഹെൽത്ത് ഓഫീസർ |
| 1-27 | 2099745 | ശ്രീ.അനിൽകുമാർ .എൻ.വി., ഹെൽത്ത് ഓഫീസർ |
| 1-28 | 20188 | ഡോ. പ്രസന്ന, വെറ്ററിനറി സർജൻ |
| 1-29 | 55000 | ശ്രീമതി അമ്പിളി അഗസ്റ്റിൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-30 | 63240 | ശ്രീമതി അമ്പിളി അഗസ്റ്റിൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-32 | 390007 | ശ്രീമതി അമ്പിളി അഗസ്റ്റിൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 1-33 | 777736 | ശ്രീ ജയകമാർ.പി.ജി., സെക്രട്ടറി |
| 1-36 | 100000 | ശ്രീമതി.ലത.ടി., പ്രിൻസിപ്പൽ . |
| 1-37 | 1464453 | ശ്രീമതി.ലത.ടി., പ്രിൻസിപ്പൽ . |
| 1-38 | 62850 | ശ്രീ.പീറ്റർ.പി.എസ്., പ്രൊജക്ട് ഓഫീസർ |
| 1-41 | 430515 | ശ്രീ.ജയപ്രകാശ്, പ്രൊജക്ട് ഓഫീസർ |
| | 369485 | ശ്രീ.പീറ്റർ.പി.എസ്., പ്രൊജക്ട് ഓഫീസർ |
| 1-42 | 6340 | ഡോ.നസീർ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 1-43 | 1001032 | ശ്രീമതി ശ്രീബാല, കൃഷി ഓഫീസർ |
| | 13559912 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ജയകമാർ.പി.ആർ സെക്രട്ടറി | സെക്രട്ടറി, കളമശ്ശേരി നഗരസഭ | പുത്തൻപുരക്കൽ ഉദയംപേരൂർ, എറണാകുളം- 682307 |
| ഡോ.നസീർ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, കളമശേരി | ഗ്രൽഫാം ഹൌസ് തൈക്കാട്ടുകര(പി.ഒ), ആലുവ- 683106 |
| ശ്രീ.അനിൽകുമാർ എൻ വി, ഹെൽത്ത് ഓഫീസർ | ഹെൽത്ത് ഓഫീസർ, കളമശ്ശേരി നഗരസഭ | സോപാനം, പൂവാർ (പി.ഒ.), തിരുനന്തപുരം |
| ശ്രീമതി അമ്പിളി അഗസ്റ്റിൻ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ കളമശേരി | കാലായിൽ (H) V.K.C. (P.O) തേവയ്ക്കൽ,എറണാകുളം |

| | | |
|---|---|---|
| ശ്രീമതി ലത ടി.<br>പ്രിൻസിപ്പൽ | വിരമിച്ചു | അബാദ് ഒളിമ്പസ്<br>ഫ്ളാറ്റ് 4E , മഠം<br>ഇടപ്പള്ളി- 682024 |
| ശ്രീ പീറ്റർ.പി.എസ്<br>പ്രൊജക്ട് ഓഫീസർ | പ്രൊജക്ട് ഓഫീസർ | പുന്നക്കൽ<br>അന്ധകാരനഴി (പി.ഒ)<br>ചേർത്തല, ആലപ്പുഴ-<br>690508 |
| ശ്രീ.ജയപ്രകാശ്<br>പ്രൊജക്ട് ഓഫീസർ | - | പ്രാർത്ഥന<br>രാമപുരം, കീരിക്കാട്<br>(പി.ഒ)-690508 |
| ശ്രീമതി. ശ്രീബാല<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>കിഴക്കമ്പലം കൃഷിഭവൻ | ശാന്തിഭവൻ<br>LBSRA 307 , LBS Road<br>തിരുവാംകുളം – 682305 |
| ഡോ. പ്രസന്ന,<br>വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ,<br>കളമശ്ശേരി നഗരസഭ | സൌപർണ്ണിക ഹൌസ്<br>HMT കോളനി (പി.ഒ)<br>പള്ളിലാംകര, കളമശ്ശേരി |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.ഇ(എം1)1106/04, 3.02.2005 | |
| 1999-00 | എൽ.എഫ്.ഇ(എം2)1153/05, 18.5.2006 | |
| 2000-01 | എൽ.എഫ്.ഇ(എം2)771/07, 23.2.2008 | |
| 2001-02 | എൽ.എഫ്.ഇ(എം2)1159/07, 25.2.2008 | |
| 2002-03 | എൽ.എഫ്.ഇ(എം2)327/10, 20.6.2011 | |
| 2003-04 | എൽ.എഫ്.ഇ(എം2)328/10, 02.7.2011 | |
| 2004-05 | എൽ.എഫ്.ഇ(എം2)329/10, 02.7.2011 | |
| 2005-06 & 06-07 | എൽ.എഫ്.ഇ(എം2)1990/13, 18.11.2013 | |
| 2007-08 | എൽ.എഫ്.ഇ(എം2)727/11, 26.12.2011 | |
| 2008-09 | എൽ.എഫ്.ഇ(എം2)1197/11, 27.4.2012 | |
| 2009-10 & 2010-11 | എൽ.എഫ്.ഇ(എം2)45/13, 13.2.2013 | 27 |
| 2011-12 | എൽ.എഫ്.ഇ(എം2)131/14, 13.2.2014 | 16 |
| 2012-13 | എൽ.എഫ്.ഇ(എം2)192/15, 09.1.2015 | 14 |
| 2013-14 | എൽ.എഫ്.ഇ(എം2 )646 /2015, 07.07.15 | 16 |
| 2014-15 | കെഎസ്.എ.ഇ.കെ.എം(എം2)1404/2015, 26.08.2015 | 21 |
| 2015-16 | കെഎസ്.എ.ഇ.കെ.എം (എം2)69/2017, 08.02.2017 | 18 |
| 2016-17 | കെഎസ്.എ.ഇ.കെ.എം(എം2)1780/2017, 08.12.2017 | 9 |
| 2017-18 | കെഎസ്.എ.ഇ.കെ.എം (എം2)7/2019, 15.03.2019 | 35 |
| 2018-19 | കെഎസ്.എ.ഇ.കെ.എം(എം2)2001/2019, 02.03.2020 | 42 |
| 2019-20 | കെഎസ്.എ.ഇ.കെ.എം(എം2)318/2022, 08.07.2022 | 86 |

തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കളമശ്ശേരി മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്